# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 ഡിസംബർ വോള്യം: 9 ലക്കം: 4

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള

06 സത്യം ജയിച്ചു
ആനത്തലവട്ടം ആനന്ദൻ



11 ജനങ്ങളുടെ വിജയം
പിണറായി വിജയൻ

16 കൃഷിയും സ്വതന്ത്ര കമ്പോളവും
പ്രഭാത് പട്നായിക്




19 ആരാണീ ഗോൾവാക്കർ
കെ.ടി.കുഞ്ഞിക്കണ്ണൻ



24 വാഷിങ്ടൺ ബുള്ളറ്റ്സ്
ജോസ് ടി എബ്രഹാം




31 ഞങ്ങൾ പുൽനാമ്പുകളാണ് .....
വിജയ് പ്രഷാദ്




36 കാർഷിക ബിൽ ചെറുകിട വ്യാപാരമേഖലയെ തകർക്കും
അഡ്വ. പി. സജി

40 സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട ഏറ്റവും വലിയ കർഷക സമരം
എൻ. പത്മലോചനൻ

47 മാറഡോണയെന്ന പലസ്തീൻ ഡിഫൻഡർ
ധന്യ ആബിദ്

അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# ജാഗ്രത തുടരണം

ഇടതുപക്ഷ ബദൽ വികസന നയത്തിനും മാനവ മൈത്രിക്കും അനുകൂലമായി കേരളം വിധിയെഴുതി. യുഡിഎഫും ബിജെപിയും ചേർന്ന് ബൂർഷ്വാ മാധ്യമങ്ങളുടെ പിന്തുണയോടെ കെട്ടിപ്പൊക്കിയ "നുണ ഗോപുരങ്ങൾ" തകർന്നടിഞ്ഞു. എൽഡിഎഫ് സർക്കാരിനെ അട്ടിമറിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെത്തിയ കേന്ദ്ര ഏജൻസികളുടെ നെറികേടിന് കനത്ത തിരിച്ചടിയേറ്റു. ദുരന്തകാലങ്ങളിൽ ജനങ്ങൾക്ക് താങ്ങും തണലുമായി പ്രവർത്തിച്ച എൽഡിഎഫ് സർക്കാരിനെ തകർക്കാൻ ഒരു ശക്തിയെയും അനുവദിക്കില്ലെന്ന് കേരള ജനത ഉറച്ചു പ്രഖ്യാപിച്ചു. 2021 ൽ നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ എൽഡിഎഫിന് തുടർഭരണം സാധ്യമാകുമെന്ന് ഉറപ്പിക്കാവുന്ന വിധിയെഴുത്താണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ കേരള ജനത നടത്തിയത്.

ഇതുവരെ ലഭ്യമായ വിവരം അനുസരിച്ച് ഗ്രാമ പഞ്ചായത്ത് എൽഡിഎഫ് 551, യുഡിഎഫ് 315, ബിജെപി 10; ബ്ലോക്ക് പഞ്ചായത്ത് എൽഡിഎഫ് 108, യുഡിഎഫ് 44, ബിജെപി 0; ജില്ലാ പഞ്ചായത്ത് എൽഡിഎഫ് 11, യുഡിഎഫ് 3; മുനിസിപ്പാലിറ്റി എൽഡിഎഫ് 42, യുഡിഎഫ് 36, ബിജെപി 2; കോർപറേഷൻ എൽഡിഎഫ് 5, യുഡിഎഫ് 1 എന്നിങ്ങനെയാണ് തെരഞ്ഞെടുപ്പ് ഫലം. നൂറോളം അസംബ്ലി മണ്ഡലങ്ങളിൽ എൽഡിഎഫിന് വ്യക്തമായ മുൻതൂക്കം നൽകുന്നതാണ് വോട്ട് നില.

കേരളാ കോൺഗ്രസ്, ലോക് താന്ത്രിക് ജനതാദൾ എന്നീ പാർട്ടികൾ എൽഡിഎഫിൽ ചേർന്നതോടെ, മുന്നണി കൂടുതൽ കരുത്ത് നേടി. യുഡിഎഫ്, കോൺഗ്രസ് -ലീഗ് മുന്നണിയായി ചുരുങ്ങി. തെരഞ്ഞെടുപ്പിൽ എൽഡിഎഫിനെ നേരിടാൻ ആത്മവിശ്വാസം നഷ്ടപ്പെട്ട യുഡിഎഫ്, എൽഡിഎഫ് സർക്കാരിനും വിശേഷിച്ച് മുഖ്യമന്ത്രിക്കും എതിരെ അപവാദ പ്രചരണം ആരംഭിച്ചു. ബിജെപിയും ഈ പ്രചരണത്തിന് കൂട്ടു ചേർന്നു. കുത്തക മാധ്യമങ്ങൾ, ഏതാനും മാസങ്ങളായി എൽഡിഎഫ് സർക്കാരിനും സിപിഐ(എം)നുമെതിരെ ഉറഞ്ഞ് തുള്ളുകയായിരുന്നു. ഇവർക്കാവേശം നൽകുന്ന വിധത്തിലാണ് കേന്ദ്ര അന്വേഷണ ഏജൻസികൾ പ്രവർത്തിച്ചത്.

നാലര വർഷത്തെ എൽഡിഎഫ് ഭരണം എല്ലാ മേഖലകളിലും അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു. കേന്ദ്ര നയത്തിന് വിപരീതമായി പൊതുമേഖലയെ സംരക്ഷിക്കുന്ന നിലപാടെടുത്തു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ വ്യവസായങ്ങൾ സ്വകാര്യ കുത്തകകൾക്ക് വിൽക്കാനുള്ള തീരുമാനത്തെ, ശക്തിയായെതിർത്തു. രാജ്യത്തിന് മാതൃകയാവുന്ന വിധം, സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കി. പുതിയ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. വൈദ്യുതി മേഖലയിൽ വലിയ നേട്ടം കൈവരിച്ചു. നവ കേരള മിഷനിലൂടെ വിവിധ മേഖലകളിൽ സമാനതകളില്ലാത്ത നേട്ടങ്ങളാണ് എൽഡിഎഫ് സർക്കാർ കൈവരിച്ചത്.

നാളിതുവരെ കേരളം ദർശിച്ചിട്ടില്ലാത്ത പ്രകൃതി ദുരന്തങ്ങളും, നിപ്പ കോവിഡ് മഹാമാരികളും നേരിടേണ്ടി വന്ന സംസ്ഥാനത്തെ ജനങ്ങൾക്ക് സാന്ത്വനവും സുരക്ഷയും നൽകാൻ സർക്കാരെടുത്ത നടപടികൾ ആർക്കും മറക്കാനാവില്ല. രാജ്യത്ത് ഇതിന് മറ്റ് മാതൃകകളില്ല. കോവിഡ് പടർന്ന് പിടിച്ചപ്പോൾ വൈറസ് ബാധിതർക്കെ

ല്ലാം സൗജന്യ ചികിത്സ നൽകി കേരളം ചരിത്രം സൃഷ്ടിച്ചു. തങ്ങളോടൊപ്പം ഒരു സർക്കാരുണ്ടെന്ന ബോധം എപ്പോഴും ജനങ്ങളിലുണ്ടായി.

തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്ന തൊഴിൽ നിയമങ്ങൾ കേന്ദ്ര സർക്കാർ പിച്ചിച്ചീന്തിയ ഘട്ടത്തിൽ, തൊഴിലാളി താല്പര്യം സംരക്ഷിക്കുമെന്ന് എൽഡിഎഫ് സർക്കാർ പ്രഖ്യാപിച്ചു. "നിശ്ചിത കാല തൊഴിൽ" എന്ന സമ്പ്രദായം രാജ്യത്താകെ നടപ്പാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചപ്പോൾ ഈ കടുത്ത തൊഴിലാളി വിരുദ്ധ വ്യവസ്ഥ സംസ്ഥാനത്ത് നടപ്പാക്കില്ലെന്ന് കേരള സർക്കാർ പ്രഖ്യാപിച്ചു. കോവിഡ് കാലത്ത് തൊഴിലും വരുമാനവും നഷ്ടപ്പെട്ട വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡുകൾ വഴി ആയിരം കോടിയോളം രൂപ വിതരണം ചെയ്തു. എല്ലാ കുടുംബത്തിനും ഭക്ഷ്യവസ്തുക്കൾ സൗജന്യമായി നൽകി കേരള സർക്കാർ ജനങ്ങൾക്ക് രക്ഷാകവചമൊരുക്കി.

രാജ്യത്തിന്റെ മതനിരപേക്ഷ അടിത്തറയെ തകർക്കുന്ന പൗരത്വ ഭേദഗതി നിയമം പാസാക്കിയ കേന്ദ്ര ബിജെപി സർക്കാരിന്റെ നയങ്ങൾക്കെതിരെ കേരള ജനതയെ കോർത്തിണക്കി അണിനിരത്താൻ മുഖ്യമന്ത്രി തന്നെ മുന്നിട്ടിറങ്ങി. എൽഡിഎഫ് സർക്കാരിന് കീഴിൽ എല്ലാ വിഭാഗം ജനങ്ങളും സുരക്ഷിതരാണെന്ന ബോധ്യം എല്ലാവരിലുമുണ്ടായി. ജനങ്ങളോടൊപ്പം നിലയുറപ്പിച്ച് അവരുടെ വിശ്വാസം നേടിയെടുത്ത സർക്കാരിനെ തകർക്കുകയെന്ന ഹീന ഉദ്ദേശത്തോടയാണ് യുഡിഎഫും ബിജെപിയും അപവാദ പ്രചരണങ്ങളുമായി രംഗത്ത് വന്നത്.

തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനെ നേരിടാൻ സംസ്ഥാന വ്യാപകമായി മത രാഷ്ട വാദികളായ ജമാഅത്തെ ഇസ്ലാമിയുമായി യുഡിഎഫ് മുന്നണിയുണ്ടാക്കി. സംഘപരിവാർ മതനിരപേക്ഷതക്കും ഭരണഘടനാ മൂല്യങ്ങൾക്കിമെതിരെ ഉയർത്തുന്ന ഭീഷണികളെ നേരിടാൻ എല്ലാ മതനിരപേക്ഷ ശക്തികളും ഒന്നിച്ച് നിൽക്കേണ്ടി ഘട്ടത്തിലാണ്, 'മതരാഷ്ട്രവാദം' ഉയർത്തുന്ന ജമാഅത്തെ ഇസ്ലാമിയുമായി യുഡിഎഫ് മുന്നണിയുണ്ടാക്കിയത്. ഈ അവിശുദ്ധ കൂട്ടുകെട്ടിനെ ജനങ്ങൾ തള്ളിക്കളഞ്ഞു.

വലിയ അവകാശ വാദങ്ങളുമായി, കാടിളക്കുന്ന പ്രചരണത്തോടെ പണക്കൊഴുപ്പിന്റെ മോടിയോടെ രംഗത്തിറങ്ങിയ ബിജെപിക്കും ജനങ്ങൾ ചുട്ട മറുപടി നൽകി. കേരള ജനതയുടെ രാഷ്ട്രീയ പ്രബുദ്ധതക്ക് മുമ്പിൽ അവർക്ക് മുട്ടുമടക്കേണ്ടി വന്നു. പാർലമെന്റ് തെരഞ്ഞെടുപ്പിൽ നേടിയ വോട്ടുകൾ നേടാൻ ബിജെപിക്കായില്ല. കേന്ദ്ര ഏജൻസികളെ ഉപയോഗിച്ച് വിരട്ടിയും പണമെറിഞ്ഞ് വശത്താക്കിയും കോൺഗ്രസിനെ പോലുള്ള ബൂർഷ്വാ പാർടികളെ കൈകാര്യം ചെയ്യുന്നത് പോലെ ഇടതുപക്ഷ പ്രസ്ഥാനങ്ങളെ കീഴ്പ്പെടുത്താനാവില്ലെന്ന് 'മോദി അമിത്ഷാ' ടീമിനെ കേരള ജനത ബോധ്യപ്പെടുത്തി.

തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ കാണിച്ച ജാഗ്രത, ഒരളവിലും കുറയാതെ, നിതാന്ത ജാഗ്രതയോടെ മുന്നോട്ട് നീങ്ങാൻ തൊഴിലാളികൾ സന്നദ്ധരാവണം കേന്ദ്ര സർക്കാരിന്റെ കുത്തക പ്രീണന നടപടികളെ വെല്ലുവിളിച്ച് കൊണ്ട് വടക്കെ ഇന്ത്യയിലെ കർഷകർ നടത്തുന്ന പോരാട്ടം നമുക്കെല്ലാം ആവേശം പകരുന്നതാണ്. നവംബർ 26 ന്റെ പൊതുപണിമുടക്ക് ഐതിഹാസിക വിജയമായിരുന്നു. ഇതിൽ നിന്നെല്ലാ പാഠമുൾക്കൊള്ളാനും ജനപക്ഷനയങ്ങൾ ഉയർത്തിപിടിക്കുന്ന ഇടത്പക്ഷ ജനാധിപത്യ മുന്നണിയെ സംരക്ഷിക്കാനും എല്ലാവരും രംഗത്തിറങ്ങണം.



## തദ്ദേശ തെരഞ്ഞെടുപ്പു ഫലം




# സത്യം ജയിച്ചു



ആനത്തലവട്ടം ആനന്ദൻ

**പ്രതിപക്ഷവും മാധ്യമങ്ങളും, അന്വേഷണ ഏജൻസികളും, അഴിമതികഥകളും ആക്ഷേപങ്ങളും നട്ടാൽ കുരുക്കാത്ത നുണകളും സൃഷ്ടിച്ചെടുത്ത് സംഘടിതമായി പ്രചരിപ്പിച്ചു. പോരാഞ്ഞിട്ടു മതാധിഷ്ടിതരാഷ്ട്രം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന സംഘടനകളുമായി ചങ്ങാത്തം കൂടി. യു.ഡി.എഫ്. മതേതരത്വം ഉപേക്ഷിച്ചു. കോൺഗ്രസ് മുക്ത ഭാരതം എന്ന ബി.ജെ.പി. മുദ്രാവാക്യം സഹ്യന് അപ്പുറത്തുമതിയെന്ന് അവരും നിശ്ചയിച്ചു. സത്യം മനസ്സിലാക്കാൻ കഴിഞ്ഞ ജനങ്ങൾ ഈ നാൽവർസംഘത്തെ (ബി.ജെ.പി, യു.ഡി.എഫ്. വലതുപക്ഷ മാധ്യമങ്ങൾ, അന്വേഷണ ഏജൻസികൾ) തിരസ്കരിക്കുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ 2015 നേക്കാൾ മെച്ചപ്പെട്ട ഫലം നല്കി വിജയിപ്പിക്കുകയും ചെയ്യു.**

ഡിസംബർ 8, 10, 14 തീയതികളിൽ നടന്ന തദ്ദേശ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് കേരളത്തിലാണെങ്കിലും ഇന്ത്യയും ലോകം മുഴുവനും കാതുകൂർത്ത തെരഞ്ഞെടുപ്പായിരുന്നു.

സിപിഎം നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്ന സംസ്ഥാനമാണ് കേരളം. ബദൽ നയം നടപ്പാക്കുന്ന സംസ്ഥാനം 2016ൽ എൽഡിഎഫ് അധികാരമേറ്റ നാൾ മുതൽ പ്രതിസന്ധികൾ തുടർച്ചയായി സംഭവിച്ചുകൊണ്ടിരുന്നു. നിപ്പാ വൈറസ്, ഓഖി ദുരന്തം, രണ്ടു വർഷം തുടർച്ചയായുണ്ടായ മഹാ പ്രളയം, ഏറ്റവും ഒടുവിൽ ലോകത്തെയാകെ ഗ്രസിച്ചിരിക്കുന്ന കോവിഡ് 19 വൈറസിന്റെ ആക്രമണം. കോവിഡ് 19 കേരളത്തിനു മാത്രം ബാധകമായതല്ല, ലോകമാകെ ആക്രമിക്കപ്പെട്ടതാണ്. ലക്ഷക്കണക്കിനാളുകളുടെ മരണത്തിനും 7.5 കോടിയോളം മനുഷ്യരെ രോഗബാധിതരാക്കാനും കഴിഞ്ഞ വൈറസ്. ഇതിൽ മരണ നിരക്കു കുറക്കാനും രോഗപ്രതിരോധത്തിനും, കേരളം കാണിച്ച മാതൃക ലോകത്തിന്റെ ശ്രദ്ധയാകർഷിച്ചു പ്രശംസക്കു അർഹമായി. ന്യൂസിലന്റും കേരളവും മാത്രമാണ് ഇക്കാര്യത്തിൽ ലോകത്തിന് മുന്നിലെത്തിയ രണ്ടു രാജ്യങ്ങൾ. കേരളം ഒരു രാജ്യമല്ല. ഇന്ത്യാ മഹാരാജ്യത്തെ 29 സംസ്ഥാനങ്ങളിൽ ഒരു സംസ്ഥാനം മാത്രം. മഹാപ്രളയത്തിലെ തകർച്ചയും കോവിഡിനെ നേരിട്ട രീതിയും ലോകശ്രദ്ധ കേരളത്തിനു മേൽ പതിഞ്ഞു. പ്രളയത്തിൽ 32000 കോടി രൂപയുടെ നഷ്ടം കേരളത്തിനുണ്ടായി എന്നു ഐക്യരാഷ്ട്ര സഭ വിലയിരുത്തി. ഇത് വീണ്ടെടുക്കാൻ എളുപ്പമല്ല. കേരളം തകർന്നത് തന്നെയെന്ന് സംതൃപ്തിയടഞ്ഞ ദുഷ്ട ബുദ്ധികൾ നിരാശപ്പെടേണ്ടി വന്നു. ഒരു ഫീനിക്സ് പക്ഷിയെ പോലെ കേരളം എഴുനേൽക്കുകയാണ്. ഇനി ഒരു പ്രളയ ദുരന്തത്തിനു പോലും തകർക്കാൻ കഴിയാത്ത കെട്ടുറപ്പോടെ നവകേരളം പടുത്തുയർത്തുമെന്ന് ജനങ്ങൾക്ക് ആത്മവിശ്വാസവും ആവേശവും നൽകുന്ന പ്രഖ്യാപനവുമായി കേരളത്തിന്റെ മുഖ്യമന്ത്രി ജനമധ്യത്ത് നിന്നു. ഒരു സൈനിക തലവനെ പോലെ ജനങ്ങളോടൊപ്പം നിന്ന് അവരിലൊരാളായി നാശനഷ്ടങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു. തുടരെ തുടരെയുണ്ടായ ഈ പ്രതിസന്ധികളിൽ പെട്ട് കേരളം തകരും. ജനങ്ങൾ തീരാ ദുരിതത്തിൽപെടും എന്നൊക്കെ ആശിച്ചവരെ എൽഡിഎഫ് ഗവണ്മെന്റ് നിരാശപ്പെടുത്തി. ഒരു ദിവസം പോലും ജനങ്ങളെ പട്ടിണിക്കിടാതെ കാത്തുരക്ഷിച്ചു. ലോകം മുഴുവൻ ഈ കൊച്ചു സംസ്ഥാനത്തെ ശ്രദ്ധിക്കാൻ ഇടയായത് മേൽ പറഞ്ഞ സംഭവങ്ങളാലായിരുന്നു.

**പ്രളയത്തിൽ 32000 കോടി രൂപയുടെ നഷ്ടം കേരളത്തിനുണ്ടായി എന്നു ഐക്യരാഷ്ട്ര സഭ വിലയിരുത്തി. ഇത് വീണ്ടെടുക്കാൻ എളുപ്പമല്ല. കേരളം തകർന്നത് തന്നെയെന്ന് സംതൃപ്തിയടഞ്ഞ ദുഷ്ട ബുദ്ധികൾ നിരാശപ്പെടേണ്ടി വന്നു. ഒരു ഫീനിക്സ് പക്ഷിയെ പോലെ കേരളം എഴുനേൽക്കുകയാണ്. ഇനി ഒരു പ്രളയ ദുരന്തത്തിനു പോലും തകർക്കാൻ കഴിയാത്ത കെട്ടുറപ്പോടെ നവകേരളം പടുത്തുയർത്തുമെന്ന് ജനങ്ങൾക്ക് ആത്മവിശ്വാസവും ആവേശവും നൽകുന്ന പ്രഖ്യാപനവുമായി കേരളത്തിന്റെ മുഖ്യമന്ത്രി ജനമധ്യത്ത് നിന്നു. ഒരു സൈനിക തലവനെ പോലെ ജനങ്ങളോടൊപ്പം നിന്ന് അവരിലൊരാളായി നാശനഷ്ടങ്ങൾ പരിഹരിക്കാൻ ശ്രമിച്ചു.**

പ്രളയ കാലത്തും കോവിഡുകാലത്തും ദിവസേന വൈകുന്നേരം മുഖ്യമന്ത്രി നടത്തിയ ടെലിവിഷൻ അഭിമുഖങ്ങൾ കേരളം മാത്രമല്ല ലോകത്തെവിടെല്ലാം മലയാളികളുണ്ടോ അവരെല്ലാം കാത് കൂർപ്പിച്ച് ശ്രദ്ധിച്ചു. മുഖ്യമന്ത്രിയുടെയും എൽഡിഎഫിന്റെയും ശത്രു മനസുകളുടെ പോലും മനം മാറാൻ തുടങ്ങി. ഇതെല്ലാം കണ്ടറിഞ്ഞ ഒരു ചാനൽ അഭിപ്രായ സർവേ നടത്തി. എൽഡിഎഫ് വീണ്ടും അധികാരത്തിൽ വരുമെന്ന് പ്രഖ്യാപിച്ചു. കേരളത്തിന്റെ ജനപ്രിയ നേതാവ് പിണറായി വിജയനാണെന്നും വെളിപ്പെടുത്തി.

ഈ എക്സിറ്റ് പോൾ ബിജെപി, യുഡിഎഫ് കക്ഷികളുടെ സമനില തെറ്റിച്ചു. ബംഗാളും ത്രിപുരയും ഞങ്ങൾ പിടിച്ചു, അടുത്തത് കേരളമാണെന്ന അമിത്ഷായുടെ സ്വപ്നം പൂവണിയാൻ പോകുന്നില്ലെന്ന് നിരാശ ബിജെപിക്കും അടുത്ത



**കുപ്രചരണങ്ങളിൽ കുടുങ്ങാതെ ജീവിതയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി സത്യം വിജയിക്കാൻ വേണ്ടി അഹോരാത്രം പ്രവർത്തിച്ച മുന്നണി പ്രവർത്തകരും വോട്ടു ചെയ്ത ജനങ്ങളും അഭിനന്ദനം അർഹിക്കുന്നു.**

മുഖ്യമന്ത്രി താനാണെന്ന ദൃഢവിശ്വാസവുമായി ഓടിനടന്ന രമേശ് ചെന്നിത്തലക്കും ഈ സർവേ റിപ്പോർട്ടു സമനില തെറ്റിച്ചു.

മാർച്ചു മാസത്തിൽ തിരുവനന്തപുരം വിമാനത്താവളത്തിൽ ഡിപ്ലോമാറ്റിക് ചാനലിലൂടെ യുഎഇ കോൺസുലേറ്റിൽ വന്ന ബാഗേജിൽ കസ്റ്റംസ് സ്വർണം കണ്ടെത്തി. നിയമപരമല്ലാതെ കടത്തുന്ന ഈ സ്വർണം രാജ്യദ്രോഹ പ്രവർത്തനത്തിനും തീവ്രവാദികൾക്ക് ആയുധം വാങ്ങാനും രാജ്യത്തിന്റെ സമ്പദ് ഘടന തകർക്കാനുമാണ്. ഈ കള്ളക്കടത്തിന് കൂട്ടുനിൽക്കുന്നത് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശിവശങ്കർ ഐഎഎസാണ്. മുഖ്യമന്ത്രിയുടെ ആഫീസ് കള്ളകടത്തു കേന്ദ്രമാണ്, മുഖ്യമന്ത്രി രാജിവയ്ക്കണം എന്നു തുടങ്ങി ആക്ഷേപശരങ്ങൾ ബിജെപിയും യുഡിഎഫും നിരന്തരം പ്രചരിപ്പിച്ചു. പൊടിപ്പും തൊങ്ങലും വച്ച് മാധ്യമങ്ങൾ പൈങ്കിളി കഥകൾ സൃഷ്ടിച്ചു. ഇവർക്ക് പ്രചാരണം നൽകി. കള്ളക്കടത്തു ബാഗേജ് വിട്ടുകൊടുക്കാൻ കസ്റ്റംസിനെ മുഖ്യമന്ത്രിയുടെ ആഫീസിൽ നിന്നു വിളിച്ചുവെന്ന വാർത്ത കസ്റ്റംസ് ഉദ്യോഗസ്ഥർ നിഷേധിച്ചിട്ടും കള്ളക്കഥ പ്രചരിപ്പിക്കുന്നതിൽ പ്രതിപക്ഷവും മാധ്യമങ്ങളും മത്സരിച്ചു തുടർന്ന് കൊണ്ടേയിരുന്നു.

കള്ളക്കടത്തിലോ വഴിവിട്ട മറ്റേതെങ്കിലും പ്രവർത്തിയിലോ ഏത് ഉദ്യോഗസ്ഥൻ പങ്ക് വഹിച്ചാലും അവരെ എൽഡിഎഫ് ഗവണ്മെന്റ് സംരക്ഷിക്കില്ലെന്ന് മുഖ്യമന്ത്രി അസന്നിദ്ധമായി പ്രഖ്യാപിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തു. ശിവശങ്കറെ തൽസ്ഥാനത്തു നിന്ന് ഒഴിവാക്കുകയും സർവീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയുമുണ്ടായി.

വസ്തുത പുറത്തുകൊണ്ടുവരാനും സ്വർണകടത്തു നടത്തിയവരെ കണ്ടെത്താനും ബാധ്യതയുള്ളത് കേന്ദ്ര ഗവണ്മെന്റിനാണ്. കാരണം വിമാനത്താവളവും കസ്റ്റംസും യുഎഇ എംബസിയുമായും സ്വർണം അയച്ച രാജ്യവും സംസ്ഥാന ഗവണ്മെന്റിന്റെ അന്വേഷണ പരിധിയിൽ വരുന്നതല്ല. കേന്ദ്രത്തിന്റേതാണ്. അതുകൊണ്ട് പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി അവരുടെ അന്വേഷണ ഏജൻ

**കട്ടവനെ പിടിക്കാതെ കണ്ടവനെ തേടി നടക്കുന്ന നാടകമാണ് സ്വർണ കള്ളക്കടത്ത് കേസിൽ അരങ്ങേറിയത്. സ്വർണ കടത്ത് പിടിക്കാൻ വന്നവർ സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കു തടയിടാനാണ് അന്വേഷണം വഴിതിരിച്ചു വിട്ടത്. രണ്ടര ലക്ഷം കുടുംബങ്ങൾക്ക് തല ചായ്ക്കാൻ വീട് നിർമ്മിച്ചു നൽകിയ ലൈഫ് പദ്ധതിയുടെ മുഴുവൻ ഫയലും ഹാജരാക്കാൻ ആവശ്യപ്പെടുകയാണ്. വടക്കാഞ്ചേരിയിൽ യുഎഇ കോൺസുലേറ്റ് നിർമിച്ചു നൽകുന്ന 140 വീടുകളിൽ അഴിമതിയുണ്ടെന്ന കോൺഗ്രസ് എംഎൽഎയുടെ പരാതിയിന്മേൽ സിബിഐ പണി നിർത്തി വയ്പ്പിക്കുകയാണ്.**




സികളെ കൊണ്ട് അന്വേഷിക്കാൻ ആവശ്യപ്പെട്ടു കത്തെഴുതി. കസ്റ്റംസ്, സിബിഐ, എൻഐഎ, എൻഫോഴ്സ്മെന്റ്ഡയറക്ടറേറ്റ് തുടങ്ങി എല്ലാ ഏജൻസികളേയും കേന്ദ്രം സ്വർണ കടത്ത് അന്വേഷിക്കാൻ അയച്ചു. മാസം ഒൻപതായി. സ്വർണം അയച്ച ഫൈസൽ ഫരീദിനേയോ ഏറ്റു വാങ്ങിയ യുഎഇ കോൺസുലേറ്റിലെ അറ്റാഷയേയോ നാളിതുവരെ അറസ്റ്റു ചെയ്തിട്ടില്ല.

കട്ടവനെ പിടിക്കാതെ കണ്ടവനെ തേടി നടക്കുന്ന നാടകമാണ് അരങ്ങേറിയത്. സ്വർണ കടത്ത് പിടിക്കാൻ വന്നവർ സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾക്കു തടയിടാനാണ് അന്വേഷണം വഴിതിരിച്ചു വിട്ടത്. രണ്ടര ലക്ഷം കുടുംബങ്ങൾക്ക് തലചായ്ക്കാൻ വീട് നിർമ്മിച്ചു നൽകിയ ലൈഫ് പദ്ധതിയുടെ മുഴുവൻ ഫയലും ഹാജരാക്കാൻ ആവശ്യപ്പെടുകയാണ് വടക്കാഞ്ചേരിയിൽ യുഎഇ കോൺസുലേറ്റ് നിർമിച്ചു നൽകുന്ന 140 വീടുകളിൽ അഴിമതിയുണ്ടെന്ന കോൺഗ്രസ് എംഎൽഎയുടെ പരാതിയിന്മേൽ സിബിഐ പണി നിർത്തി വയ്പ്പിക്കുകയാണ്.

യുഎഇ ഗവണ്മെന്റ് നിർമിച്ചു നൽകുന്ന വീടുകളുടെ കരാറുകാരൻ, കോൺസുലേറ്റുകളുടെ കരാറുകാരൻ, കോൺസുലേറ്റിലെ ഉദ്യോഗസ്ഥർക്കോ സഹായികൾക്കോ കരാർ കിട്ടാൻ പണം കൊടുത്തെങ്കിൽ അതിന് ലൈഫ് പദ്ധതിയും കേരള ഗവണ്മെന്റും എങ്ങിനെ ഉത്തരവാദിയാകും. കോഴ കൊടുത്തവനും വാങ്ങിയവനുമല്ലെ ഉത്തരവാദികാളാവൂ. അതിന് പാവപ്പെട്ട വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്ന കേരള ഗവണ്മെന്റിന്റെ പദ്ധതി മുഴുവൻ തടസപ്പെടുത്തുന്നത് ശരിയാണോ.

പ്രളയത്തിലും മറ്റും തകർന്ന് പോയ വീടുകളും റോഡുകളും പാലങ്ങളും പള്ളിക്കൂടങ്ങലും ആശുപത്രികളും ആഫീസുകളും ഓവർ ബ്രിഡ്ജുകളും നാഷണൽ ഹൈവേകളും മലയോര ഹൈവേയും തീരദേശ റോഡുകളും ഉൾപ്പെടെ നിർമ്മിക്കാൻ 60000 കോടി രൂപയുടെ കിഫ്ബി പദ്ധതി തടസപ്പെടുത്താൻ അതിന്മേൽ എൻഫോഴ്സ്മെന്റിന്റെ അന്വേഷണം. ഇതെല്ലാം കേരള ഗവണ്മെന്റിന്റെ വികസന പ്രവർത്തനം തടസപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമമായി മാറി.

കഴിഞ്ഞ 6 മാസമായി ബിജെപിയും യുഡിഎഫും വിശ്രമമില്ലാതെ മെനഞ്ഞെടുക്കുന്ന നുണ കഥകൾ എരിവും പുളിയും ചേർത്തു അപസർപ്പക കഥകൾ പോലെ രാപകലില്ലാതെ പ്രചരിപ്പിക്കുകയായിരുന്നു പത്രമാധ്യമങ്ങളും ടെലിവിഷൻ ചാനലുകളും.

ഗവണ്മെന്റാകട്ടെ കോവിഡിന്റെ ആക്രമണ

**കോവിഡ് 19 സൃഷ്ടിച്ച ദുരിതകാലത്ത് സൗജന്യ റേഷനും കാർഡിന്റെ നിറവ്യത്യാസമില്ലാതെ അരിയും ഭക്ഷ്യസാധനങ്ങളും 88 ലക്ഷം കാർഡുടമകൾക്കു നല്കി. 58 ലക്ഷം കുടുംബങ്ങൾക്ക് 1400 രൂപാ വീതം സാമൂഹ്യ പെൻഷൻ, ജീവനക്കാർക്കെല്ലാം ഓഫീസിൽ പോയില്ലെങ്കിലും ശമ്പളം, പെൻഷൻകാർക്ക് പെൻഷൻ, ബസ്സുകൾ നിറത്തിലിറക്കാതെ ഷെഡിൽ കിടക്കുമ്പോഴും ജീവനക്കാരന് ശമ്പളം മുടങ്ങിയില്ല പെൻഷൻകാർക്ക് മുടക്കമുണ്ടായില്ല. സാമാന്യബുദ്ധി നഷ്ടപ്പെട്ടിട്ടില്ലാത്തവർ ആലോചിച്ചിട്ടുണ്ടാവും. ഇതെങ്ങനെ സാധിക്കുന്നു. ഈ ഗവൺമെന്റില്ലായിരുന്നെങ്കിൽ നമ്മുടെ ഗതി കേരളത്തിന്റെ ഗതി എന്താകുമായിരുന്നു?**



ത്തിൽ ജനങ്ങളുടെ ജീവൻ സംരക്ഷിക്കാനും രോഗപ്രതിരോധത്തിനും ചികിത്സയും കോടിക്കണക്കിനു രൂപ കണ്ടെത്താനും സൗകര്യങ്ങൾ ഒരുക്കാനും കിണഞ്ഞു പരിശ്രമിച്ചു. ഫാക്ടറികൾ അടച്ചു, എല്ലാമേഖലകളിലും പണിയുള്ളവരുടെ പണിപോയി. വ്യവസായ ശാലകൾ നിശ്ചലമായി. കാർഷിക പണിയില്ല. നിർമാണ മേഖല സ്തംഭനത്തിൽ, ബസും തീവണ്ടിയും ഓട്ടം നിർത്തി. ഓട്ടോ, ടാക്സികൾ നിരത്തിലില്ല, ആഫീസുകൾ അടച്ചു. ജീവനക്കാർ വീട്ടിലിരുപ്പാണ്. പത്ത് പൈസയുടെ വരുമാന മാർഗം ജനങ്ങൾക്കുമില്ല സർക്കാരിനുമില്ല. നികുതി പിരിവ് ജിഎസ്ടി സമ്പ്രദായത്തിലൂടെ കേന്ദ്രത്തിന്റെ കയ്യിലായി. വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നതിനാൽ വ്യാപാരമില്ല. ജിഎസ്ടിയുമില്ല.

ഈ സാഹചര്യത്തിലും റേഷൻ മുടക്കിയില്ല. സൗജന്യ റേഷനും കാർഡിന്റെ നിറവ്യത്യാസമില്ലാതെ അരിയും ഭക്ഷ്യസാധനങ്ങളും 88 ലക്ഷം കാർഡുടമകൾക്കു നല്കി. വിശേഷദിനങ്ങളിൽ കിറ്റുകൾ, 58 ലക്ഷം കുടുംബങ്ങൾക്ക് 1400 രൂപാ വീതം സാമൂഹ്യ പെൻഷൻ, ജീവനക്കാർക്കെല്ലാം ഓഫീസിൽ പോയില്ലെങ്കിലും ശമ്പളം, പെൻഷൻകാർക്ക് പെൻഷൻ, ട്രാൻസ്പോർട്ടു ബസ്സുകൾ ഓടിക്കൊണ്ടിരുന്നപ്പോൾ പോലും ശമ്പളം കൃത്യമായി ലഭിച്ചിരുന്നില്ല, പെൻഷൻകാർക്ക് പെൻഷൻ ലഭിച്ചിരുന്നില്ല. എന്നാൽ ബസ്സുകൾ നിരത്തിലിറക്കാതെ ഷെഡിൽ കിടക്കുമ്പോഴും ജീവനക്കാരന് ശമ്പളം മുടങ്ങിയില്ല പെൻഷൻകാർക്ക് മുടക്കമുണ്ടായില്ല. സാമാന്യബുദ്ധി നഷ്ടപ്പെട്ടിട്ടില്ലാത്തവർ ആലോചിച്ചിട്ടുണ്ടാവും. ഇതെങ്ങനെ സാധിക്കുന്നു. ഈ ഗവൺമെന്റില്ലായിരുന്നെങ്കിൽ നമ്മുടെ ഗതി കേരളത്തിന്റെ ഗതി എന്താകുമായിരുന്നു? ജനങ്ങൾ അങ്ങിനെ ചിന്തിച്ചുപോയാൽ അവരെ എങ്ങിനെ കുറ്റം പറയാൻ സാധിക്കും.

ഈ പശ്ചാത്തലത്തിലാണ് തെരെഞ്ഞെടുപ്പുവന്നത്. പ്രതിപക്ഷവും മാധ്യമങ്ങളും, അന്വേഷണ ഏജൻസികളും, അഴിമതികഥകളും ആക്ഷേപങ്ങളും നട്ടാൽകുരുക്കാത്ത നുണകളും സൃഷ്ടിച്ചെടുത്ത് സംഘടിതമായി പ്രചരിപ്പിച്ചു പോരാഞ്ഞിട്ടു മതാധിഷ്ടിതരാഷ്ട്രം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന സംഘടനകളുമായി ചങ്ങാത്തം കൂടി യു.ഡി.എഫ്. മതേതരത്വം ഉപേക്ഷിച്ചു. കോൺഗ്രസ് മുക്ത ഭാരതം എന്ന ബി.ജെ.പി. മുദ്രാവാക്യം സഹ്യന് അപ്പുറത്തുമതിയെന്ന് അവരും നിശ്ചയിച്ചു. ഇരുവരുടേയും പൊതു ശത്രുവായി മാർക്സിസ്റ്റുകാരേയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെയും കണ്ടു.

പക്ഷേ തങ്ങളുടെ ജീവിതാനുഭവങ്ങളിലൂടെ സത്യം മനസ്സിലാക്കാൻ കഴിഞ്ഞ ജനങ്ങൾ ഈ നാൽവർസംഘത്തെ (ബി.ജെ.പി, യു.ഡി.എഫ്. വലതുപക്ഷ മാധ്യമങ്ങൾ, അന്വേഷണ ഏജൻസികൾ) തിരസ്കരിക്കുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ 2015 നേക്കാൾ മെച്ചപ്പെട്ട ഫലം നല്കി വിജയിപ്പിക്കുകയും ചെയ്തു. കുപ്രചരണങ്ങളിൽ കുടുങ്ങാതെ ജീവിതയാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി സത്യം വിജയിക്കാൻ വേണ്ടി അഹോരാത്രം പ്രവർത്തിച്ച മുന്നണി പ്രവർത്തകരും വോട്ടു ചെയ്ത ജനങ്ങളും അഭിനന്ദനം അർഹിക്കുന്നു. ●

# ജനങ്ങളുടെ വിജയം



പിണറായി വിജയൻ

യുഡിഎഫും ബിജെപിയും കേന്ദ്ര അന്വേഷണ ഏജൻസികളും ഉൾപ്പെടെ ദല്ലാൾമാരും കുപ്രചാരകരും വലതുപക്ഷവൈതാളികരും പ്രത്യേക ലക്ഷ്യം വച്ച് നടത്തിയ സംഘടിത നുണപ്രചാരണങ്ങൾക്ക് ജനങ്ങൾ നൽകിയ മറുപടിയാണ് തെരഞ്ഞെടുപ്പു ഫലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇത് ജനങ്ങളുടെ വിജയമാണ്. കേരളത്തെയും നേട്ടങ്ങളെയും തകർക്കാൻ ശ്രമിക്കുന്നവർക്ക് നാടിനെ സ്നേഹിക്കുന്നവർ നൽകിയ മറുപടിയാണ്. വർഗീയ ശക്തികളുടെ ഐക്യപ്പെടലിനും കുത്തിത്തിരിപ്പുകൾക്കും ഇടമില്ലെന്ന് തെളിഞ്ഞതായും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞു.

യുഡിഎഫ് കേരളരാഷ്ട്രീയത്തിൽ അപ്രസക്തമാകുകയാണ്. ബിജെപിയുടെ അവകാശവാദങ്ങൾ തകർന്നടിഞ്ഞു. വോട്ടിനും സീറ്റിനും വേണ്ടി വർഗീയ തീവ്രവാദശക്തികളെ കൂട്ടുപിടിച്ച് മതനിരപേക്ഷത തകർക്കാനാണ് കോൺഗ്രസ് ശ്രമിച്ചത്. അവർ ഇനിയെങ്കിലും തെറ്റുതിരുത്തുമെന്ന് കരുതുന്നു.

കഴിഞ്ഞ രണ്ട് തദ്ദേശ തെരഞ്ഞെടുപ്പിലും അധികാരത്തിലുണ്ടായിരുന്ന മുന്നണി പരാജയപ്പെട്ടു. ഇക്കുറി ഭരണമുന്നണി തന്നെ വിജയിച്ചു. സംസ്ഥാനത്തുടനീളം എൽഡിഎഫ് സമഗ്രാധിപത്യം നേടി.

പ്രധാന യുഡിഎഫ് നേതാക്കളുടെ തട്ടകങ്ങളിൽപ്പോലും പതിറ്റാണ്ടുകളുടെ ചരിത്രം എൽഡിഎഫ് തിരുത്തി. ഇത് യുഡിഎഫ് മുന്നണിയുടെ വിശ്വാസ്യത പൂർണമായും തകരുന്നതിന്റെ സൂചനയാണ്. നേട്ടങ്ങൾ തകർക്കാനും പ്രതിലോമ പ്രവർത്തനം നടത്താനും ശ്രമിച്ചതിനുള്ള ശിക്ഷയാണ് ജനങ്ങൾ നൽകിയത്.

മതനിരപേക്ഷതയോടൊപ്പമാണ് കേരള മനസ്സ്. മതനിരപേക്ഷത സംരക്ഷിക്കാനും വർഗീയതയെതിരെ പോരാടാനും എൽഡിഎഫാണ് ഇവിടെയുള്ളതെന്ന് കേരള ജനതയ്ക്ക് അറിയാം. ബിജെപിയുമായി രഹസ്യമായും തീവ്രവർഗീയ പ്രസ്ഥാനമായ ജമാഅത്തെ ഇസ്ലാമിയുടെ വെൽഫെയർ പാർടിയുമായി പരസ്യമായും യുഡിഎഫ് ധാരണ യുണ്ടാക്കി. നാടിനെ പിന്നോട്ടടിപ്പിക്കാനും തെറ്റായ പ്രചാരണം നടത്താനും ശ്രമിച്ചവരുടെ കൂടെയല്ല നാടിന്റെ മനസ്സ്. എൽഡിഎഫ് സർക്കാർ നടപ്പാക്കിയ വികസനക്ഷേമ പരിപാടികൾക്ക് ജനങ്ങൾ നൽകിയ വലിയ പിന്തുണയാണ് ഈ വിജയം. ആ നേട്ടങ്ങൾ സംരക്ഷിക്കപ്പെടണമെന്നും അതിനുതുടർച്ചയുണ്ടാകണമെന്നും ജനങ്ങൾ ആഗ്രഹിക്കുന്നു. ആ വിശ്വാസം സർക്കാർ കാത്തുസൂക്ഷിക്കുമെന്നും മുഖ്യമന്ത്രി ഉറപ്പുനൽകി.



## വിട്ടുവീഴ്ചക്കില്ലെന്നു കർഷകർ

# ഡൽഹിയിലേക്ക് കൂടുതൽ കർഷകർ എത്തുന്നു

**റിലയൻസ്, അദാനി തുടങ്ങിയ കുത്തകകളുടെ താൽപര്യം മാത്രം സംരക്ഷിക്കുന്ന മോഡിക്ക് കർഷക വിഷയങ്ങൾ പ്രാധാന്യമുള്ളതല്ല. കർഷകർ ഡൽഹിക്ക് ചുറ്റും രാപ്പകൽ വ്യത്യാസമില്ലാതെ സമരത്തിലായിരിക്കുമ്പോൾ പുതിയ പാർലമെന്റ് മന്ദിരം പണിയാനുള്ള കല്ലിടൽ ചടങ്ങ് നടത്തിയതു തന്നെ ബിജെപി സർക്കാരിന്റെയും പ്രധാനമന്ത്രിയുടെയും സമീപനം വ്യക്തമാക്കുന്നുണ്ട്.**

വിവാദ കർഷക ബില്ലുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യയിലാകെയും ഡൽഹി കേന്ദ്രീകരിച്ചും കർഷക ലക്ഷങ്ങൾ പങ്കെടുക്കുന്ന സമരം ഈ കുറിപ്പ് എഴുതുമ്പോഴും ഉജ്വലമായി തുടരുകയാണ്. വടക്കെ ഇന്ത്യയിൽ പകൽ പോലും തണുപ്പ് 10 ഡിഗ്രിയിൽ താഴെയാണ്. രാത്രികാലത്ത് ഒരു ഡിഗ്രിയിൽ താഴെ വരെ എത്തുന്നുണ്ട്. കഠിനമായ ഈ കാലാവസ്ഥയിലും പ്രായം ചെന്ന കർഷകരും അനേകം സ്ത്രീകളും ചെറിയ കുട്ടികളും ഉൾപ്പെടെ സമരത്തിൽ രാപകൽ വ്യത്യാസമില്ലാതെ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. ഇതുവരെ 29 കർഷകർ സമരത്തിനിടയിൽ മരണമടയുകയും ചെയ്തു. ഒരു കർഷകൻ ആത്മഹത്യയും ചെയ്തു. കർഷകരോട് അൽപമെങ്കിലും ദയയുണ്ടെങ്കിൽ സമരത്തിലിടപെട്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രധാനമന്ത്രി തയാറാകേണ്ടതായിരുന്നു. എന്നാൽ റിലയൻസ്, അദാനി തുടങ്ങിയ കുത്തകകളുടെ താൽപര്യം മാത്രം സംരക്ഷിക്കുന്ന മോഡിക്ക് കർഷക വിഷയങ്ങൾ പ്രാധാന്യമുള്ളതല്ല. കർഷകർ ഡൽഹിക്ക് ചുറ്റും രാപ്പകൽ വ്യത്യാസമില്ലാതെ സമരത്തിലായിരിക്കുമ്പോൾ പുതിയ പാർലമെന്റ് മന്ദിരം പണിയാനുള്ള കല്ലിടൽ ചടങ്ങ് നടത്തിയതു തന്നെ ബിജെപി സർക്കാരിന്റെയും പ്രധാനമ

# കാർഷിക നിയമങ്ങൾ കോർപറേറ്റ് അനുകൂലം - ആർഎസ്എസ് സംഘടന

മോഡി സർക്കാരിന്റെ കാർഷിക നിയമങ്ങൾ വൻകിട കോർപറേറ്റുകളെ സഹായിക്കുന്നതാണെന്ന് സമ്മതിച്ച് ആർഎസ്എസ് സംഘടനയായ സ്വദേശി ജാഗരൺ മഞ്ച്. പോരായ്മ മറികടക്കാൻ നിയമഭേ ദഗതി വേണമെന്നും കർഷകരുടെ ഭീതി അകറ്റണമെന്നും ആവശ്യപ്പെട്ട് ജാഗരൺ മഞ്ച് പ്രമേയം പാസാക്കി. ദേശീയ ഡിജിറ്റൽ കോൺഫറൻസിലാണ് സംഘപരിവാർ സംഘടന നിലപാട് വ്യക്തമാക്കിയത്.

മിനിമം താങ്ങുവില നിയമപ്രകാരം ഉറപ്പാക്കണം. ഉൽപ്പന്നങ്ങൾ വാങ്ങാനെത്തുന്നവർക്ക് എപിഎംസി മാർക്കറ്റുകളെ ആശ്രയിക്കേണ്ടിവരാത്തതിനാൽ സ്വകാര്യ കുത്തക കൾ മണ്ഡികളിലേക്ക് തിരിഞ്ഞു നോക്കില്ല. ഇതോടെ കർഷകർ ഉൽ പ്പന്നങ്ങൾ പുറത്ത് വിൽക്കാൻ നിർബന്ധിതരാകും. ഇത് വൻകിട കമ്പനികൾക്ക് കർഷകരെ ചൂഷണം ചെ യ്യാനുള്ള അവസരമാകും.

മിനിമം താങ്ങുവില ഉറപ്പാക്കണം. ഇതിലും കുറഞ്ഞ വിലയ്ക്ക് വാങ്ങുന്നത് നിയമവിരുദ്ധമായി പ്ര ഖ്യാപിക്കണം. സ്വകാര്യ കമ്പനികളും എംഎസ്പിയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വാങ്ങുന്നത് തടയണം. കരാർ കൃഷി നിയമത്തിൽ പറയുന്ന തർക്ക പരിഹാര സംവിധാനങ്ങളും ഏറെ സങ്കീർണമാണ്. ഈ വ്യവസ്ഥയിലും മാറ്റമുണ്ടാകണം. സ്വദേശി ജാഗരൺ മഞ്ച് ആവശ്യപ്പെട്ടു.



ന്ത്രിയുടെയും സമീപനം വ്യക്തമാക്കുന്നുണ്ട്.

പ്രക്ഷോഭം അവസാനിപ്പിക്കാൻ കർഷകർ ചർച്ചക്കു തയാറാവണമെന്ന് ആവർത്തിച്ച് കേന്ദ്ര സർക്കാർ; വിവാദ നിയമങ്ങൾ പിൻവലിക്കാതെയുള്ള ഒരു ചർച്ചക്കും തയാറല്ലെന്ന് കർഷകർ.

പഞ്ചാബിനു പുറമെ ഹരിയാന, രാജസ്ഥാൻ, മധ്യപ്രദേശ്, യുപി, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരും ഡൽഹിയുടെ അതിർത്തി മേഖലകളിൽ നിൽക്കുമ്പോൾ പ്രക്ഷോഭത്തെ പഞ്ചാബിലേക്കു മാത്രമായി ഒതുക്കാനുള്ള കേന്ദ്ര നീക്കം ഫലിക്കില്ലെന്ന് കർഷക സംഘടനകൾ പറഞ്ഞു.

വരുംദിവസങ്ങളിൽ മഹാരാഷ്ട്രയിൽ നിന്ന് ആയിരക്കണക്കിന് കർഷകരെ ദൽഹിയിൽ എത്തിക്കാൻ സംഘടനകൾ ഒരുക്കം തുടങ്ങി. രാജസ്ഥാൻ, ഹരിയാന വഴി ഡൽഹി അതിർത്തി ലക്ഷ്യമാക്കി ഇവർ നീങ്ങും. ഡൽഹി ജയ് പൂർ ദേശീയ പാതയിൽ പലയിടത്തും ഗതാഗതം തടസപ്പെട്ടു.

ഡൽഹിയുടെ അതിർത്തിയിലുള്ള സിംഘു, തിക്രി എന്നിവയ്ക്കു പുറമെ നോയിഡയോടു ചേർന്നുള്ള ജില്ലാ അതിർത്തിയും അടച്ചു. ഏതാനും ദിവസങ്ങൾ മുൻപ് ഗതാഗതത്തിനായി തുറന്ന ഇവിടേക്ക് യുപിയിൽ നിന്നുള്ള കർഷകർ എത്തിയതോടെയാണ് വീണ്ടും അടച്ചത്.

കർഷക സമരം വൈകാതെ ദേശീയ പ്രശ്നമായി മാറുമെന്നും പ്രത്യേക സമിതിയെ വച്ചു ചർച്ചയിലൂടെ പ്രശ്നത്തിനു അടിയന്തര പരിഹാരം കാണണമെന്നും നിർദേശിച്ച് സുപ്രീം കോടതി. സർക്കാരിന്റെ പരിഹാര ശ്രമം വിജയിച്ചില്ല. ഇനിയും പരാജയപ്പെട്ടേക്കാം. അതുകൊണ്ടു തന്നെ കർഷക സംഘടനാ പ്രതിനിധികളും




സർക്കാർ പ്രതിനിധികളും അടക്കം ഉൾപ്പെടുന്ന പ്രത്യേക സമിതിയെ വയ്ക്കണമെന്നും ചീഫ് ജസ്റ്റിസ് എസ്എ ബോബ്ഡെ അധ്യക്ഷനായ ബെഞ്ച് ആവശ്യപ്പെട്ടു. കർഷകർക്കും അവരുടെ താൽപര്യങ്ങൾക്കും കേന്ദ്ര സർക്കാർ എതിരല്ല. അതിനാൽ ബില്ലുകളിൽ ഓരോ വകുപ്പും പ്രത്യേകം പ്രത്യേകം ചർച്ച ചെയ്യാൻ കർഷക സംഘടനകളോട് നിർദേശിക്കണമെന്നും കോടതി പറഞ്ഞു. പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരമാണ് വേണ്ടത്. അല്ലാതെ കോടതിക്ക് ഈ വിഷയത്തിൽ കാര്യമായി ഒന്നും ചെയ്യാൻ കഴിയില്ല എന്നാണ് മിക്ക കർഷക സംഘടനകളുടെയും അഭിപ്രായം.

സമരത്തിനിടെ കർഷകൻ ജീവനൊടുക്കി

ഡൽഹി ഹരിയാന അതിർത്തിയിലെ സിംഘുവിൽ സമരം ചെയ്യുന്ന കർഷകൻ സ്വയം വെടിവച്ചു വരിച്ചു.

ഹരിയാനയിലെ കർണാൽ ജില്ലയിലെ സിംഗ്ര ഗ്രാമവാസിയായ ബാബ റാം സിങ് (65) ആണ് ജീവനൊടുക്കിയത്. കർഷക നിയമങ്ങൾക്കെതിരെ 21 ദിവസമായി ഡൽഹി അതിർത്തിയിൽ സമരം ചെയ്യുന്ന കർഷകരുടെ ദുരിതങ്ങളിൽ വേദനിച്ചാണ് ജീവനൊടുക്കുന്നതെന്നു സൂചിപ്പിക്കുന്ന ആത്മഹത്യക്കുറിപ്പ് കണ്ടെടുത്തിട്ടുണ്ട്.

## മെഡലുകൾ തിരികെ നൽകാൻ താരങ്ങൾ



പത്മ, അർജുന പുരസ്കാരങ്ങൾ രാഷ്ട്രപതിക്കു തിരികെ നൽകാൻ മുൻ ഗുസ്തി താരം കർതാർ സിങ്ങിന്റെ നേതൃത്വത്തിൽ കായിക താരങ്ങൾ ഡൽഹിയിലേക്കു പുറപ്പെട്ടു. രാഷ്ട്രപതിയെ കണ്ട് തിരിച്ചേൽപിക്കാനാണു തീരുമാനം. കിസാൻ സഭയുടെ നേതൃത്വത്തിൽ ഹരിയാന അതിർത്തിയിലെ സിംഘുവിലും തികിയിലും വിവിധ സംസ്ഥാനങ്ങളിലും പ്രധാനമന്ത്രി നരേന്ദ്ര മോദി, വ്യവസായികളായ മുകേഷ് അംബാനി, ഗൗതം അദാനി എന്നിവരുടെ കോലങ്ങൾ കത്തിച്ചു. തമിഴ്നാട്ടിൽ ഡിഎംകെയുടെ നേതൃത്വ ത്തിൽ സംസ്ഥാനവ്യാപക പ്രതിഷേധം നടന്നു. മഹാരാഷ്ട്രയിൽ ഇടതു സംഘടനകളു ടെ നേതൃത്വത്തിൽ ധർണ നടത്തി. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും പ്രകടനങ്ങൾ നടന്നു.

### കർഷക സമരം

# അന്തർദേശീയ പ്രതികരണം

കാനഡ പ്രധാനമന്ത്രിക്കു പിന്നാലെ യുഎൻ സെക്രട്ടറി ജനറലിന്റെ ഓഫിസും കർഷക സമരത്തെക്കുറിച്ചു പരാമർശങ്ങൾ നടത്തിയത് നയതന്ത്രതലത്തിൽ ഇന്ത്യയ്ക്ക് തിരിച്ചടിയായി.

സമാധാനപരമായി പ്രതിഷേധിക്കാനുള്ള അവകാശം മാനിക്കപ്പെടണമെന്ന് യുഎൻ സെകട്ടറി ജനറലിന്റെ വക്താവ് സ്റ്റീഫൻ ഡുജോറിക് വ്യക്തമാക്കി. കാർഷിക നിയമങ്ങളെക്കുറിച്ചുള്ള ആശങ്ക പ്രധാനമന്ത്രി നരേന്ദ്ര മോദിയോടു വ്യക്തമാക്കണമെന്ന് ബ്രിട്ടനിലെ 36 എംപിമാർ വിദേശകാര്യ സെകട്ടറി ഡൊമിനിക് റാബിന് കത്തെഴുതി.

യുഎസിലും കാനഡയിലും ഇന്ത്യൻ സ്ഥാനപതി കാര്യാലയ ഓഫിസുകൾക്കു മുന്നിൽ പ്രവാസികൾ പ്രതിഷേധം നടത്തി. ഓസ്ട്രേലിയ, ഫ്രാൻസ്, ഇറ്റലി എന്നിവിടങ്ങളിലും കാർഷിക നിയമങ്ങൾക്കെതിരെ സിഖ് സമൂഹങ്ങളുടെ നേതൃത്വത്തിൽ പ്രതിഷേധമുണ്ട്.

ഇന്ത്യൻ പാർലമെന്റ് നിയമം പാസാക്കിയെടുത്ത തീരുമാനങ്ങൾ കഴിഞ്ഞ 2 വർഷത്തിൽ ഇതു മൂന്നാം തവണയാണു രാജ്യാന്തരതലത്തിൽ വിമർശന വിധേയമാകുന്നത്. കശ്മീരിന്റെ പ്രത്യേക പദവി പിൻവലിച്ചതും പൗരത്വ നിയമ ഭേദഗതിയും ശക്തമായി വിമർശിക്കപ്പെട്ടു. അടുത്ത കാലത്തായി ഇന്ത്യയെ വിമർശിക്കാൻ യുഎൻ തെല്ലും മടിക്കുന്നില്ലെന്നതും ശ്രദ്ധേയം. പാസാക്കുന്ന നിയമങ്ങളുടെ വിശദാംശങ്ങളെ ക്കുറിച്ചല്ല, പ്രതിഷേധിക്കാനുള്ള അവകാശവും മനുഷ്യാവകാശ ലംഘനവും ഉന്നയിച്ചാണ് യുഎൻ ഉൾപ്പെടെ വിമർശനം ഉന്നയിക്കുന്നത്. ഇതിനിടെ, കാനഡ സ്ഥാനപതിയെ വിളിച്ചുവരുത്തി ഇന്ത്യ പ്രതിഷേധമറിയിക്കുകയെന്ന ശക്തമായ നടപടിയെടുത്തതും വിമർശിക്കപ്പെടുന്നുണ്ട്. അതിർത്തിയിൽ സൈനികർ കൊല്ലപ്പെട്ടപ്പോൾ ചൈനീസ് സ്ഥാനപതിയെ വിളിച്ചുവരുത്തി പ്രതിഷേധിക്കാൻ ഇന്ത്യ തയാറായില്ലെന്നതും ഇപ്പോഴത്തെ നടപടിയിലെ പിഴവ് വിശദീകരിക്കാൻ ചില നയതന്ത്രജ്ഞർ എടുത്തു പറയുന്നു.

## കർഷകർക്കൊപ്പം ഡൽഹി

കോർപറേറ്റ് അനുകൂല നിയമങ്ങൾക്കെതിരെ പ്രക്ഷോഭരംഗത്തുള്ള കർഷകർക്ക് പിന്തുണയുമായി ഡൽഹി. ഡൽഹി ഐടിഒ ഷഹീദി പാർക്കിൽ "ഡൽഹി ഫോർ ഫാർമേഴ്സ്" സംഗമം നടന്നു. ജീവിതത്തിന്റെ സമസ്തമേഖലകളിൽ നിന്നുമുള്ളവർ പങ്കെടുത്തു. സമരത്തിനിടെ മരിച്ച 20 കർഷകർക്ക് സ്മരണാഞ്ജലി അർപ്പിച്ച് രണ്ട് മിനിറ്റ് മൗനമാചരിച്ചു. ഹരിയാന, പഞ്ചാബ്, രാജസ്ഥാൻ, തമിഴ്നാട്, ഒഡിഷ, ഹിമാചൽപ്രദേശ്, ബിഹാർ, തെലങ്കാന, ആന്ധപ്രദേശ്, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, അസം സംസ്ഥാനങ്ങളിൽ കർഷകപ്രക്ഷോഭം ശക്തിയാർജിച്ചു. ഐക്യദാർഢ്യപരിപാടികളിൽ ലക്ഷക്കണക്കിനു ജനങ്ങൾ അണിനിരന്നു.





പ്രഭാത് പട്നായിക്

# കൃഷിയും സ്വതന്ത്ര കമ്പോളവും

**എന്തുകൊണ്ട് കാർഷിക മേഖലയിൽ സ്വതന്ത്ര വിപണി കൊണ്ടുവന്നു കൂടാ? എന്നാൽ എല്ലാവർക്കും അറിയുന്നതും ആവർത്തിക്കപ്പെടുന്നതുമായ ഈ ചോദ്യത്തിന്റെ ഉത്തരം മനസിലാക്കേണ്ടത് പ്രധാനമാണ്. ഒരു സ്വതന്ത്ര കമ്പോള ത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വില മെച്ചപ്പെട്ടതാകുന്നതിന് പകരം സമൂഹ ത്തിന് വിനാശകരമായ ഒന്നായി മാറും. വില വളരെ കുറഞ്ഞാൽ കർഷകർ കടക്കെണിയിലാകും. ക്രമാതീതമായി ഉയർന്നാൽ ചില ഉപഭോക്താക്കൾ വിപ ണിക്ക് പുറത്തുപോകും. അതുകൊണ്ട് ഉൽപന്നങ്ങളുടെ ആവശ്യകതയും വിതരണവും തുല്യമാകുന്ന രീതിയിൽ വിലയിലും മാറ്റമുണ്ടാകാം.**




കേന്ദ്രസർക്കാരിന്റെ കർഷകദ്രോഹബില്ലു കൾക്കെതിരെ പ്രതിഷേധം നടക്കുന്ന പശ്ചാ ത്തലത്തിൽ കൂടുതൽ പേരും കർഷകർക്കൊപ്പം നിൽക്കുകയാണ്. എന്നാൽ നരേന്ദ്ര മോഡിയുടെ നയങ്ങളെ എതിർക്കുമ്പോഴും ചിലർ ഒരു ചോ ദ്യമുന്നയിക്കുന്നുണ്ട്. എന്തുകൊണ്ട് കാർഷിക മേഖലയിൽ സ്വതന്ത്ര വിപണി കൊണ്ടുവന്നു കൂടാ? എന്നാൽ എല്ലാവർക്കും അറിയുന്നതും ആവർത്തിക്കപ്പെടുന്നതുമായ ഈ ചോദ്യത്തി ന്റെ ഉത്തരം വീണ്ടും ഇവിടെ രേഖപ്പെടുത്തേണ്ടി യിരിക്കുന്നു.

കെയ്നീഷ്യൻ സിദ്ധാന്തമനുസരിച്ച് സ്വതന്ത്ര വിപണി സമ്പദ് ഘടനയ്ക്ക് കൂടുതൽ യോജിച്ചതാ ണ്. എന്നാൽ ഒരു നിമിഷം കെയ്നീഷ്യൻ വാദം മാറ്റി നിർത്തി ചിന്തിച്ചാൽ, ഒരു സ്വതന്ത്ര കമ്പോള ത്തിൽ കാർഷികോൽപ്പന്നങ്ങളുടെ വില മെച്ച പ്പെട്ടതാകുന്നതിന് പകരം സമൂഹത്തിന് വിനാശ കരമായ ഒന്നായിരിക്കും.

ഈ രണ്ട് കാര്യങ്ങളും പ്രത്യേകമായി പരിശോ ധിക്കാം. നല്ല ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുക യാണ് കൃഷിയുടെ ലക്ഷ്യമെന്ന് അനുമാനിക്കാം. അപ്പോൾ അവയുടെ വിലയും അനിവാര്യമാണ്. എന്നാൽ കാലാവസ്ഥാ വ്യതിയാനവും മറ്റും കാരണം ഉൽപാദനത്തിൽ വ്യതിയാനമുണ്ടായേ ക്കാം. അതുകൊണ്ട് ഉൽപന്നങ്ങളുടെ ആവശ്യ കതയും വിതരണവും തുല്യമാകുന്ന രീതിയിൽ വിലയിലും മാറ്റമുണ്ടാകാം. വില വളരെ കുറ ഞ്ഞാൽ കർഷകർ കടക്കെണിയിലാകും. ക്രമാ തീതമായി ഉയർന്നാൽ ചില ഉപഭോക്താക്കൾ വിപണിക്ക് പുറത്തുപോകും.

ഇതിന്റെ രണ്ട് ഉദാഹരണങ്ങൾ പരിശോധി ക്കാം. സാമ്പത്തികമാന്ദ്യത്തിന്റെ സമയത്തെ വിലയിടിവ് കർഷകരെ കടക്കെണിയിലാക്കിയ പ്പോൾ 1943ലെ ബംഗാൾ ക്ഷാമകാലത്ത് മൂന്ന് ദശലക്ഷം ആളുകളാണ് മരിച്ചത്. ഈ ദുരന്ത ങ്ങൾക്കൊന്നും കാരണം ഉൽപ്പന്നത്തിന്റെ വിത രണത്തിലുണ്ടായ മാറ്റമോ സമൃദ്ധമായ വിളവെ ടുപ്പോ അല്ലെങ്കിൽ വിളനാശമോ അല്ല. എന്നാൽ ഭക്ഷ്യോൽപ്പന്നങ്ങളുടെ വിലയിലുണ്ടാകുന്ന മാറ്റം എത്രമാത്രം ആഘാതമുണ്ടാക്കുമെന്ന്

തെളിയിക്കാനാണ് ഇവ സൂചിപ്പിച്ചത്. 1930 കളിൽ വിലയിടിവിൽ ഉപഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചുവെന്നതോ, ബംഗാൾ ക്ഷാമകാലത്ത് ഉൽപാദകർക്ക് പ്രയോജനം ലഭിച്ചുവെന്നതോ അല്ല, ഇവ രണ്ടും സാമൂഹികവിപത്താണുണ്ടാക്കിയത്.

സ്വതന്ത്ര കമ്പോളത്തെക്കുറിച്ചുള്ള മുഖ്യധാര സിദ്ധാന്തങ്ങളൊന്നും ഇത്തരം സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. അതായത് ഒരു ഉൽപ്പന്നത്തിന്റെ വില ഉയർന്നാൽ, മറ്റെല്ലാ ഉൽപ്പന്നങ്ങളുടെയും വില ഉയരണം, അല്ലെങ്കിൽ മാറ്റമില്ലാതെ തുടരണം. അതായത് ഉപഭോക്താക്കൾ ഭക്ഷ്യ ധാന്യങ്ങൾ വാങ്ങാൻ മറ്റ് ചരക്കുകളുടെ ആവശ്യം കുറയ്ക്കും. അതിനാൽ ഭക്ഷ്യധാന്യങ്ങളുടെ വില വളരെയധികം ഉയരുകയോ കുറയുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തണം. സർക്കാർ ഇടപെടൽ സ്വതന്ത്ര കമ്പോള വ്യവസ്ഥയുടെ സംതുലിതാവസ്ഥ നിലനിർത്തുന്നതല്ല. അതിനാൽ ചില വിപണനക്കാർ മുന്നോട്ടുവച്ച സ്വതന്ത്ര കമ്പോള വ്യവസ്ഥ നിലനിർത്തണമെന്ന വാദവും തീർത്തും അസാധുവാണ്.

സ്വതന്ത്ര കമ്പോളത്തിലെ ഭൂവിനിയോഗത്തെക്കുറിച്ച് നോക്കാം. സ്വതന്ത്ര കമ്പോളത്തിലേക്ക് കാർഷിക മേഖലയെ ഉപേക്ഷിക്കുമ്പോൾ അനന്തരഫലം ഉൽപാദനം പാശ്ചാത്യ മേഖലയുടെ ആവശ്യാനുസരണമോ സമ്പന്നരുടെ ആവശ്യാനുസരണമോ മാത്രമായി മാറും. വികസിത രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി കാരണം ഇവിടെ ഭക്ഷ്യ ധാന്യങ്ങൾക്ക് വില ഉയരില്ല. ഇതിന്റെ പരിണിതഫലം പ്രധാനമായും രണ്ട് കാര്യങ്ങളാണ്. ഒന്ന് രാജ്യം വർഷങ്ങൾക്കൊണ്ട് ആർജിച്ചെടുത്ത സ്വയം പര്യാപ്തത തകരും. ഭക്ഷ്യോൽപ്പന്നങ്ങളുടെ ഇറക്കുമതിയെ കൂടുതലായി ആശ്രയിക്കേണ്ടിവരും. രണ്ടാമത്തേത് വിശപ്പ് വർധിക്കുമെന്നതാണ്.

ഒരു ഭക്ഷ്യധാന്യ ഉൽപാദന സ്ഥലത്ത് 10 പേർ ജോലി ചെയ്തിരുന്നുവെങ്കിൽ, ആ സ്ഥലം മാറ്റൊരു വിള കൃഷി ചെയ്യാനായി ഉപയോഗിച്ചാൽ ചിലപ്പോൾ അവിടെ അഞ്ച് പേർ മാത്രം മതിയാകും ജോലിക്ക്. ഇത് അഞ്ചു പേരുടെ തൊഴിലില്ലാതാക്കുകയാണ്. ഇവർക്ക് കഴിക്കാൻ ഭക്ഷ്യധാന്യങ്ങൾ ഇല്ലാതാകും അത് രാജ്യം ഇറക്കുമതി ചെയ്താലും വാങ്ങാനുള്ള ശേഷി തൊഴിലാളിക്ക് നഷ്ടപ്പെടും.

രാജ്യത്തെ സമ്പന്ന വിഭാഗങ്ങളുടെ താൽപര്യമനുസരിച്ച് വിളയും ഉൽപാദനവും ഭൂവിനിയോഗവും ക്രമീകരിച്ചാൽ അവിടെ തൊഴിലിനുള്ള സാധ്യത കുറയും. അത് വിശപ്പും വർധിപ്പിക്കും. മുഖ്യധാരാ സാമ്പത്തിക ശാസ്ത്രം ഇത് അംഗീകരിക്കുന്നില്ല.കാരണം സ്വതന്ത്ര കമ്പോളത്തിൽ




**ഒരു വലിയ രാജ്യം ഭക്ഷ്യ സ്വയം പര്യാപ്തമാണെന്ന് ഉറപ്പാക്കാൻ ഭൂവിനിയോഗ രീതി സംബന്ധിച്ച തീരുമാനം സ്വതന്ത്ര കമ്പോളത്തിൽ ഉപേക്ഷിക്കാനാവില്ല. ഇന്ത്യയിൽ വളരെയധികം പരിശ്രമത്തിന് ശേഷമാണ് താങ്ങുവിലയും സംഭരണത്തിനുള്ള വിലയും സബ്സിഡിയും മറ്റും ക്രമീകരിച്ചത്. ഇത് കോർപറേറ്റുകളുടെ നിർദേശപ്രകാരമാക്കാനാണ് മോഡി സർക്കാർ നിയമ നിർമാണത്തിലൂടെ ശ്രമിക്കുന്നത്.**

സമ്പൂർണ തൊഴിൽ സന്തുലിതാവസ്ഥയിൽ എല്ലാവർക്കും അതിജീവിക്കാനാകുമെന്ന് അവർ അനുമാനിക്കുന്നു. ആദ്യത്തെ പ്രശ്നത്തിലേക്ക് വന്നാൽ, അതായത് ഭക്ഷ്യധാന്യങ്ങളുടെ സ്വയം പര്യാപ്തത നശിപ്പിച്ചാൽ രാജ്യത്തിന് ആവശ്യമായ സമയത്ത് ധാന്യങ്ങൾ ലോകവിപണിയിൽ ലഭ്യമായെന്ന് വരില്ല. മാത്രമല്ല ഇറക്കുമതിയെ കൂടുതൽ ആശ്രയിക്കേണ്ടിവരും. രണ്ടാമത്തെ കാര്യം, പാഠപുസ്തകത്തിലെ വിപണിയിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് യഥാർഥമായത്. ലോക ഭക്ഷ്യ വിപണിയിൽ ഒരു രാജ്യത്തിന് ആവശ്യമായ സാധനങ്ങൾ ലഭിക്കുന്നുണ്ടോ എന്നത് അമേരിക്കൻ യൂറോപ്യൻ സർക്കാരുകളുടെ സൗഹാർദത്തെ ആശ്രയിച്ചിരിക്കുന്നു. അവർ ഉപരോധം ഏർപ്പെടു ത്താം. വിദേശ നയങ്ങൾ മാറ്റാം. അതിനാൽ ഇറക്കുമതിയ്ക്കുള്ള വിദേശ നാണ്യമുണ്ടെങ്കിലും കാര്യമില്ല.

ഇക്കാരണങ്ങളാൽ ഒരു വലിയ രാജ്യം ഭക്ഷ്യ സ്വയം പര്യാപ്തമാണെന്ന് ഉറപ്പാക്കാൻ ഭൂവിനിയോഗ രീതി സംബന്ധിച്ച തീരുമാനം സ്വതന്ത്ര കമ്പോളത്തിൽ ഉപേക്ഷിക്കാനാവില്ല. ഇന്ത്യയിൽ വളരെയധികം പരിശ്രമത്തിന് ശേഷമാണ് താങ്ങുവിലയും സംഭരണത്തിനുള്ള വിലയും സബ്സിഡിയും മറ്റും ക്രമീകരിച്ചത്. ഇത് കോർപറേറ്റുകളുടെ നിർദേശപ്രകാരമാക്കാനാണ് മോഡി സർക്കാർ നിയമ നിർമാണത്തിലൂടെ ശ്രമിക്കുന്നത്. ●



കെ ടി കുഞ്ഞിക്കണ്ണൻ

# ആരാണീ ഗോൾവാക്കർ?

**ചരിത്ര വിരുദ്ധവും അശാസ്ത്രീയുമായ ദേശീയ സങ്കല്പങ്ങളുയർത്തി പ്രാചീനത യുടെ കൂരിരുട്ടിലേക്ക് ഇന്ത്യൻ സമൂഹത്തെ തള്ളിവിടുന്നതായിരുന്നു ഗോൾ വാക്കറിന്റെ ദർശന വിചാരങ്ങളെല്ലാം.. മധ്യകാലിക ചാതുർവർണ്യ മൂല്യങ്ങളെ പുനരുജ്ജീവിപ്പിക്കാനും ഹിന്ദുക്കളല്ലാത്ത (ത്രൈവർണികരല്ലാത്ത) എല്ലാവരെ യും ദേശീയവിരുദ്ധരായി മുദ്രകുത്തി വേട്ടയാടാനുമാണ് സംഘികളോട് ഗുരുജി ആവശ്യപ്പെട്ടത്.**

വലിയ ദേശീയവാദിയും ദേശസേവകനുമായി അവതരിപ്പിക്കുന്ന ഗോൾവാക്കർ യഥാർത്ഥ ത്തിൽ ആരാണെന്നറിയാൻ നമ്മൾ ഗോൾവാ ക്കറുടെ ഔദ്യോഗിക ജീവചരിത്രകൃതി മാത്രം വായിച്ചാൽ മതിയാവും. അദ്ദേഹത്തെ സ്തുതിച്ചു വംശീയാധിഷ്ഠിതമായ അദ്ദേഹത്തിന്റെ ഹൈന്ദവ ദേശീയവാദത്തെ ആദർശവൽക്കരിച്ചും തയ്യാറാ ക്കിയ ഗോൾവാൾക്കറുടെ ജീവചരിത്രകൃതിയിൽ നിന്നും എന്തുമാത്രം പ്രതിലോമപരവും വിദ്വേഷ പൂർണവുമായിരുന്നു ഗോൾവാക്കറുടെ ജീവിതവും ദർശനവുമെന്നും മനസിലാവും. വായിച്ചെടുക്കാ നാവും. ആർഎസ്എസ് പ്രസിദ്ധീകരിച്ച 'ശ്രീ ഗുരുജി: ദി മാൻ ആന്റ് ദി മിഷൻ' എന്ന ജീവചരിത്ര ഗ്രന്ഥത്തിൽ തന്നെ ഗോൾവാക്കറുടെ അത്യന്തം പ്രതിലോമപരമായ ദർശനപദ്ധതികളും ദേശീ യസ്വാതന്ത്ര്യസമരത്തോട് അദ്ദേഹം സ്വീകരിച്ച വഞ്ചനാപരമായ നിലപാടുകളും നമുക്ക് വായിച്ചെ ടുക്കാനാവും.

ഹൈന്ദവതയാണ് ദേശീയതയെന്നും ബ്രിട്ടീ ഷു വിരുദ്ധ സമരത്തിന് നേതൃത്വം കൊടുക്കുന്ന ദേശീയസ്വാതന്ത്ര്യസമര നേതാക്കൾ മുസ്ലിങ്ങൾ ക്കും ക്രിസ്ത്യാനികൾക്കും കമ്യൂണിസ്റ്റുകാർക്കുമെ തിരെ സമരം ചെയ്യേണ്ട ഹിന്ദുസമാജത്തിന്റെ ശക്തി നഷ്ടപ്പെടുത്തിക്കളയുകയാണെന്നുമാണ് ഗോൾവാക്കറുടെ ധാരണയുംവിശ്വാസവും. ചരിത്ര വിരുദ്ധവും അശാസ്ത്രീയുമായ ദേശീയ സങ്കല്പങ്ങളു യർത്തി പ്രാചീനതയുടെ കൂരിരുട്ടിലേക്ക് ഇന്ത്യൻ സമൂഹത്തെ തള്ളിവിടുന്നതായിരുന്നു ഗോൾവാ ക്കറിന്റെ ദർശന വിചാരങ്ങളെല്ലാം.. മധ്യകാലിക ചാതുർവർണ്യ മൂല്യങ്ങളെ പുനരുജ്ജീവിപ്പിക്കാനും ഹിന്ദുക്കളല്ലാത്ത (ത്രൈവർണികരല്ലാത്ത) എല്ലാവ രെയും ദേശീയവിരുദ്ധരായി മുദ്രകുത്തി വേട്ടയാടാ നുമാണ് സംഘികളോട് ഗുരുജി ആവശ്യപ്പെട്ടത്.

1939 ൽ ഗോൾവാക്കറുടെ പേരിൽ പ്രസിദ്ധീ കരിക്കപ്പെട്ട 'നമ്മൾ അഥവാ നമ്മുടെ ദേശീയത നിർവ്വചിക്കപ്പെടുന്നു'വെന്ന കൃതി ഇരുപതാം നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ വംശീയ ഭീകരവാദി ഹിറ്റ്ലറുടെ നാസി സിദ്ധാന്തങ്ങളെയാണ് ആദർശ മാതൃകയായി അവതരിപ്പിക്കുന്നത്. ആര്യൻ വംശാ ഭിമാനത്തിന്റേതായ വംശശുദ്ധി സിദ്ധാന്തത്തെ





യാണ് ഇന്ത്യക്ക് മാതൃകയായ രാഷ്ട്ര സങ്കല്പമായി, സംസ്കാരിക ദേശീയതയായി ഈ ഭീകരവാദി അവതരിപ്പിക്കുന്നത്. ഇന്ത്യക്ക് ഏറ്റവും ഉചിതമായ ആദർശം ഹിറ്റ്ലറുടെ നാസിസമാണെന്ന് പ്രഖ്യാപിച്ച ഗോൾവാൾക്കർ ജൂത വംശനാശത്തിലൂടെ ജർമൻകാർ വംശശുദ്ധി നിലനിർത്താൻ നടത്തിയ മാർഗ്ഗം പിന്തുടരണമെന്നാണ് ഉപദേശിക്കുന്നത്. അഹിന്ദുക്കളും ദളിതുകളും സ്ത്രീ കളും യാതൊരുവിധ പൗരാവകാശങ്ങളും മനുഷ്യോചിതമായ പരിഗണനകളും അവകാശപ്പെടാനോ ആഗ്രഹിക്കാനോ പാടില്ലെന്ന തനി ബ്രാഹ്മണാധികാരധികാരത്തിലധിഷ്ഠിതമായ ചാതുർവർണ്യമൂല്യങ്ങളെ അവലംബമാക്കിയാണ് തന്റെ സാംസ്കാരിക ദേശീയതാസിദ്ധാന്തം അവതരിപ്പിക്കുന്നത്.

കൊളോണിയൽ പാദസേവയിലും ബ്രാഹ്മണ്യത്തിലും അതിന്റെ അശ്ലീലകരമായ സംസ്കാരത്തിലും പുളകം കൊള്ളുന്ന ഗോൾവാക്കർ വിചാരധാരയിൽ എഴുതിയിരിക്കുന്നത്;

'ഹിന്ദു മുസ്ലിം മൈത്രിയില്ലാതെ സ്വരാജില്ലെന്ന് പ്രഖ്യാപിച്ചവർ നമ്മുടെ സമാജത്തിന് നേരെ ഏറ്റവും വലിയ ദ്രോഹമാണ് പ്രവർത്തിച്ചത്.ഈ മഹത്തായ പ്രാചീന ജനതയുടെ ജീവചൈതന്യത്തെ നശിപ്പിക്കുകയെന്ന ഏറ്റവും നീചമായ കൃത്യമാണവർ ചെയ്തത്. പൗരുഷ പൂർണമായ മഹത്തായൊരു ജനതയുടെ ജീവചൈതന്യവും ആത്മവിശ്വാസവും തകർക്കുന്നതിന് സമാന്തരമായി വേറൊന്ന്, വഞ്ചനയുടെ അളവ് വെച്ചു നോക്കിയാൽ ലോക ചരിത്രത്തിൽ തന്നെ കാണുകയില്ല.'

എന്താണ് ഗോൾവാക്കർ രോമാഞ്ചം കൊള്ളുന്ന ഈ പൗരുഷ പൂർണമായ ആ മഹദ് ജനതയും അവരെ നയിച്ച തത്വശാസ്ത്രവും. ചാതുർവർണ്യ വ്യവസ്ഥയും യാഗയജ്ഞ സംസ്കാരവുമാണത്. നിർദ്ദയവും മനുഷ്യത്വരഹിതവുമായ ബാഹ്മണാധികാര വ്യവസ്ഥയെയാണ് ഗോൾവാക്കർ പുകഴ്ത്തുന്നത്.ബ്രാഹ്മണന് എല്ലാവിധ ഭൗതികസൗഭാഗ്യങ്ങളും പ്രദാനം ചെയ്യുകയും തൈവർണ്ണികർക്ക് താഴെയുള്ളവർ കൊടിയ ചൂഷണത്തിനും വിവേചനങ്ങൾക്കും വിധേയരായി കഴിയേണ്ടി വരുന്ന വ്യവസ്ഥയെയാണ് ഗോൾവാക്കർ ഒരു മനു വാദിക്ക് സഹജമാം വിധം വാഴ്ത്തുന്നത്. സഹജീവികളായ മനുഷ്യരെ മൃഗസമാനരായി കാണുകയും അടിച്ചമർത്തുകയും ചെയ്തവ്യവസ്ഥയാണ് ഗോൾവാക്കുടെ മഹദ് വ്യവസ്ഥ.

പാവങ്ങളെ അന്ധവിശ്വാസങ്ങളിലും അജ്ഞതയിലും തളച്ചിട്ട ധർമ്മശാസ്ത്രങ്ങളെയാണ് ഈ പ്രാചീനതയുടെ സുവിശേഷകൻ മഹത്വവൽക്കരിച്ചു സാധൂകരിച്ചു നിർത്തുന്നത്. ഗോൾവാക്കാർ ആദർശവൽക്കരിക്കുന്ന പ്രാചീനസംസ്കൃതി ബ്രാഹ്മണ അധീശത്വത്തിന് വേണ്ടി രചിക്കപ്പെട്ട ധർമ്മസംഹിതകളിലധിഷ്ഠിതമായ സാഹിത്യങ്ങളാണ്. ധർമ്മസൂത്രങ്ങൾ എന്ന പേരിൽ ബ്രാഹ്മണർ പടച്ചുവിട്ട സാഹിത്യങ്ങളെല്ലാം ബ്രാഹ്മണരെ ഭൂമിയിലെ നിത്യസവർണരും നിത്യസംപൂജ്യരും നിത്യദൈവങ്ങളുമായി ചിത്രീകരിക്കുന്നവയായിരുന്നു. സമൂഹത്തിലെ അടിസ്ഥാന വിഭാഗങ്ങളായ മഹാ ഭൂപരിക്ഷത്തെ ഭയപ്പെടുത്തി കീഴ്പ്പെടുത്തി നിർത്തിയ ധർമ്മശാസ്ത്രങ്ങളെയും യുക്തിക്കും ശാസ്ത്രത്തിനും നിരക്കാത്ത ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയുമാണ് സംഘികളുടെ ഗുരുജി മഹത്തായ സംസ്കരമായി കൊണ്ടാടാനും അതിനെതിരെ ചിന്തിക്കുന്നവരെ നീചകൃത്യം ചെയ്യുന്നവരായി കാണാനും ഉദ്ബോധിപ്പിക്കുന്നത്.

വംശശുദ്ധിവാദവും ബ്രാഹ്മണാധിപത്യവും നിലനിർത്താൻ ഫ്യൂഡൽ ബ്രാഹ്മണ്യം അടിച്ചേല്പിച്ച ബ്രാഹ്മണന്റെ ആദ്യരാത്രി അവകാശത്തെ വരെ ന്യായീകരിക്കുകയാണ് ഈ സുവോളജി പ്രൊഫസർ ചെയ്തിട്ടുള്ളത്. അന്ധവിശ്വാസങ്ങളെയും അശ്ലീലകമായ യജ്ഞയാഗ സംസ്കാരങ്ങളെയും ശാസ്ത്രമായും മനുസ്മൃതിയുടെ മതത്തിന് കീഴ്പ്പെടണം ശാസ്ത്രമെന്ന് വാദിക്കുകയും ചെയ്ത ഗോൾവാക്കറെന്ന ഈ ഗുരുജി തന്റെ ജീവിതത്തിലുടനീളം ചെയ്തത്. സസ്തനികളുടെ ശരീരത്തിൽ പാലും മാംസവും രൂപപ്പെടുന്നത് ഒരേ ജീവശാസ്ത്ര പ്രക്രിയയിലൂടെയാണെന്ന വിഖ്യാത ഇന്ത്യൻ ജീവശാസ്ത്രജ്ഞൻ ഡോ.പി എം ഭാർഗവയുടെ വാദങ്ങൾക്ക് മുമ്പിൽ പൊട്ടിത്തെറിക്കുകയും ശാസ്ത്രമല്ല ഒരു ജനതയുടെ സംസ്കാരമാണ് പ്രശ്നമെന്ന് ആക്രോശിക്കുകയും ചെയ്ത ശാസ്ത്ര വിരോധിയാണ് ഈ ഗോൾവാക്കർ. ജീവ ശാസ്ത്രധാരണകളെ സംസ്കാര വിരുദ്ധമാണെന്ന് പറഞ്ഞു തള്ളിക്കളയണമെന്ന് ഗോവധ നിരോധനം പരിശോധിക്കാൻ നിയോഗിച്ച കമ്മീഷനെ ഭീഷണി സ്വരത്തിൽ ഉപദേശിച്ചയാളാണ് ഈ ഗുരുജിയെന്ന കാര്യം എത്ര പേർക്കറിയാം.ഡോ.വർഗീസ് കുര്യൻ (അമൂൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്) അദ്ദേഹത്തിന്റെ ആത്മകഥയിൽ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

ശാസ്ത്രവിരുദ്ധനും വംശീയഭീകരവാദിയുമായ ഒരാൾ.. മാത്രവുമല്ല വിഭജനകാലത്തെ വർഗീയ കലാപങ്ങൾക്കും കൂട്ടക്കൊലകൾക്കും പ്രേരണ നൽകിയ ഹിന്ദുത്വവാദി, സ്വാതന്ത്ര്യാനന്തരം കാശ്മീരിലെ ദ്രോഗ്ര രാജാവിനൊപ്പം ചേർന്നു നാട്ടുരാജ്യങ്ങളുടെ സംയോജനത്തെ എതിർത്തൊരാൾ,

ഗോവധപ്രശ്നമുയർത്തി വർഗീയ കലാപങ്ങൾക്ക് എണ്ണ പകർന്നൊരാൾ ... രാഷ്ട്രപിതാവിന്റെ വധത്തിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ട ഒരാൾ... അങ്ങനെയൊരാളുടെ നാമം ഒരു ശാസ്ത്ര ഗവേഷണസ്ഥാപനത്തിന് നൽകുന്നതിലെ അനൗചിത്യവും ജനാധിപത്യവിരുദ്ധതയും മനസിലാക്കാതെ പോവരുത്. കേന്ദ്ര ആരോഗ്യ വകുപ്പ് ഈയൊരു നീക്കത്തിലൂടെ ജനങ്ങളുടെ സംസ്കാരത്തെയും പ്രബുദ്ധതയെയും പരിഹസിക്കുകയാണ് ചെയ്യുന്നത് ...

ഇക്കണോമിസ്റ്റ്

### ഇന്ത്യയിൽ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ജനാധിപത്യം

# നരേന്ദ്ര മോഡി ഇന്ത്യയെ ഏകകക്ഷി ഭരണത്തിലാക്കുമെന്ന ഭീഷണി ഉയരുന്നു




നവംബർ 28 ന് ഇറങ്ങിയ "ദി ഇക്കണോമിസ്റ്റ്" എന്ന ലണ്ടനിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മാസികയിൽ പ്രസിദ്ധീകരിച്ച ഏറ്റവും പ്രധാനപ്പെട്ട ഒരു ലേഖനത്തിന്റെ തലക്കെട്ടാണ് "ഇന്ത്യയിൽ അപ്രത്യക്ഷമാകുന്ന ജനാധിപത്യം, നരേന്ദ്ര മോഡി ഇന്ത്യയെ ഏകകക്ഷി ഭരണത്തിലാക്കുമെന്ന ഭീഷണി" എന്നായിരുന്നു.

ഇക്കണോമിസ്റ്റിലെ ലേഖനം തുടങ്ങുന്നത്, റിപ്പബ്ലിക് ടി വി ആങ്കർ അർണാഡ് ഗോസ്വാമിക്ക് അതിവേഗം സുപ്രീം കോടതിയിൽ നിന്ന് ജാമ്യം ലഭിച്ച സംഭവം വിവരിച്ചുകൊണ്ടാണ്. അർണബ് ഗോസ്വാമി ബിജെപിയെയും കേന്ദ്ര സർക്കാരിനെയും അനുകൂലിച്ച് ടെലിവിഷൻ ചർച്ചകളിൽ അലറി വിളിക്കുന്ന ഒരു ആങ്കറാണ്. സുപ്രീം കോടതിയിൽ 60,000 ൽ അധികം കേസുകൾ കെട്ടി കിടക്കുമ്പോഴാണ് ഗോസ്വാമിയുടെ ജാമ്യാപേക്ഷ അടിയന്തിര സ്വഭാവത്തിലെടുത്ത് സുപ്രീം കോടതി തീർപ്പാക്കിയത്. ഇന്ത്യയിൽ ജയിലിൽ കഴിയുന്നത് 3,30,000 ൽ അധികം വിചാരണ തടവുകാരാണ്. ഈ വിചാരണ തടവുകാരിൽ നല്ല പങ്ക് ന്യൂനപക്ഷ സമുദായത്തിൽ പെട്ടവരാണെന്നും കാണാം. ഈ വിചാരണ തടവുകാരിൽ നാലിലൊന്നും ഒരു വർഷത്തിലേറെയായി തടവിലാണ്. മോഡി കഴിഞ്ഞ ഓഗസ്റ്റിൽ ജമ്മു കാശ്മീരിൽ കേന്ദ്ര ഭരണം ഏർപ്പെടുത്തിയപ്പോൾ 1000 കണക്കിന് പേരെയാണ് തടവുകാരാക്കിയത്. ഇവരിൽ 550 ഹേബിയസ് കോർപസ് റിട്ടുകൾ കൊടുത്തിട്ടുള്ളത് വളരെ കുറച്ച് എണ്ണം മാത്രമാണ് കോടതി പരിശോധിച്ചത്.

ഒരു മാവോയിസ്റ്റ് ഭീകരൻ എന്ന് പറഞ്ഞാണ് ഫാ. സ്റ്റാൻസ്വാമിയെ അറസ്റ്റ് ചെയ്ത് തടവിലാക്കിയത്. അദ്ദേഹത്തിന് 83 വയസാണ്. പാർക്കിൻസൺസ് ഉൾപ്പെടെ വിവിധ രോഗങ്ങളുമുണ്ട്. അദ്ദേഹത്തിന് ഗ്ലാസ് കൈകൊണ്ട് പിടിച്ച് വെള്ളം കുടിക്കാൻ കഴിയാത്തതിനാൽ സ്ട്രോ നൽകണമെന്ന അപേക്ഷ കോടതി പരിഗണിച്ചതു തന്നെ 20 ദിവസത്തിന് ശേഷമാണ്. ബിജെപിക്ക് ഫണ്ട്

ശേഖരണത്തിനായി സൃഷ്ടിച്ച 'ഇലക്ട്രൽ ബോണ്ടി ന്റെ' ഭരണഘടനാ സാധ്യത ചോദ്യം ചെയ്ത് 2017 ൽ സമർപ്പിച്ച ഹർജി ഇതുവരെ കോടതി പരിഗണിച്ചി ട്ടില്ല. അതുപോലെ ജമ്മു കാശ്മീരിൽ കേന്ദ്ര ഭരണം ഏർപ്പെടുത്തിയതിന് എതിരെ സമർപ്പിച്ചിട്ടുള്ള 140 പെറ്റിഷനുകൾ മതത്തിന്റെ അടിസ്ഥാനത്തിലുള്ള പൗരത്വ നിയമം ചോദ്യം ചെയ്യുന്ന പെറ്റിഷനുകൾ ഒന്നും പരിഗണിക്കാൻ കോടതി തിരക്ക് കൂട്ടുന്നില്ല. ഈ സ്ഥിതിയിലാണ് കേന്ദ്ര സർക്കാരിനെ അനുകൂ ലിക്കുന്ന അർണബ് ഗോസ്വാമിയുടെ ജാമ്യാപേക്ഷ സുപ്രീം കോടതി അതിവേഗം പരിശോധിച്ച് അദ്ദേ ഹത്തെ സ്വതന്ത്രനാക്കിയത്. മോഡി ഭരണത്തിലെ കോടതികളുടെ സമീപനമാണ് ഈ വിഷയങ്ങളിൽ കാണാൻ കഴിയുന്നത് എന്ന് ഇക്കണോമിസ്റ്റ് പറയു ന്നു.

### ഉറക്കത്തിൽ നടന്നടുക്കുന്നത് അമിതാധികാരത്തിലേക്ക്

ഇന്ത്യയിലെ കോടതികൾ നീതിയുക്തമല്ലാതെ കാര്യങ്ങൾ ചെയ്യുന്നത് ആദ്യമല്ല. എന്നാൽ പല അവസരങ്ങളിലും ഭരണാധികാരികളെ കോടതി ചോദ്യം ചെയ്തിട്ടുണ്ട്. 1975 ൽ ഇലക്ഷനിൽ ഇന്ദിരാ ഗാന്ധി വഞ്ചന നടത്തി എന്ന രാജ് നാരായണൻ അലഹബാദ് ഹൈക്കോടതിയിൽ കൊടുത്ത കേസിൽ വിധിച്ചു. ഇതാണ് അടിയന്തിരാവസ്ഥയി ലേക്ക് നയിച്ചത് എന്നത് മറ്റൊരു വിഷയം. എന്നാൽ മോഡി സർക്കാർ വ്യക്തി സ്വാതന്ത്ര്യത്തിനു മേൽ പലപ്രാവശ്യം കടന്നു കയറിയിട്ടും കോടതി നിശബ്ദ കാഴ്ചക്കാരായി നിൽക്കുകയാണ്.

കോടതികൾ മാത്രമല്ല ഇന്ത്യയിലെ ഭരണഘ ടനാപരമായ സ്ഥാപനങ്ങളെയെല്ലാം തകർത്തും നിശബ്ദമാക്കിയും ഇന്ത്യയെ ഒരു ഏകകക്ഷി ഭര ണത്തിലേക്ക് നയിക്കാനാണ് മോഡിയുടെ ശ്രമം. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി നിയമ വകുപ്പി ലെ വൈസ് ഡീൻ തരുണാഫ് ഹൈനാർ പറഞ്ഞത് ഇന്ദിരാഗാന്ധിയുടെ അടിയന്തിരാവസ്ഥ കാലത്ത് ജനാധിപത്യത്തിനു നേരെയുള്ള ഭീഷണി വളരെ വ്യക്തമായിരുന്നു, നേരിട്ടുള്ളതായിരുന്നു. എന്നാൽ മോഡി ജനാധിപത്യത്തെ ആക്രമിക്കുന്നത് ആട്ടിൻ തോലിട്ട ചെന്നായയെപോലെയാണ്. ജനാധിപ ത്യത്തെയും ഇന്ത്യൻ ഭരണഘടനയെയും മോഡി കൊല്ലുന്നത് ഒരു വെട്ടിനല്ല. ആയിരം വെട്ടുകൾ കൊണ്ടാണ്. ജനാധിപത്യത്തെ നേരിട്ടാക്രമിക്കുന്ന തിന് പകരം പല വശത്തു നിന്നും പല തരത്തിൽ ഒരേ സമയം ആക്രമിക്കുകയാണ്. നമ്മൾ ആരും അറിയാതെ ഉറക്കത്തിൽ അമിതാധികാരത്തിലേ ക്ക് രാജ്യം പോവുകയാണ്.

ഇന്ത്യയിലെ പോലീസ് സംവിധാനം ഭര ണാധികാരികൾക്കും അവരെ അനുകൂലിക്കുന്ന വർക്കും മാത്രമായി മാറുകയാണ്. അടുത്തിടെ നടന്ന ഡൽഹി കലാപങ്ങളിൽ കൊല്ലപ്പെട്ടത് 53 പേരാണ്. മരിച്ചവരിൽ അധികവും മുസ്ലീങ്ങളാണ്. ബിജെപിക്കാർക്കെതിരെയുള്ള ഒരു കേസുപോലും പോലീസ് എടുത്തില്ല. അന്വേഷണം ആകെ പോയത് കലാപം നടത്താൻ മുസ്ലീങ്ങളും മാർക്സി സ്റ്റുകാരും നടത്തിയ ഗൂഢാലോചന എന്ന വഴിക്കാ ണ്. വ്യക്തികളെ ഭീകരവാദികളായി മുദ്രകുത്തി കേ സെടുക്കുകയാണ്.

പാർലമെന്റിനെ നോക്കുകുത്തിയാക്കി തങ്ങളു ടെ ഭൂരിപക്ഷം ഉപയോഗിച്ച് പല നിയമങ്ങളും മാറ്റി എഴുതുകയാണ് മോഡി. ആർടിഐ ആക്ട് ഭേദഗതി ഒരുദാഹരണം മാത്രം. ഹിന്ദു ദേശീയ വാദികളെയും ഗുജറാത്തിൽ നിന്നുള്ള മോഡിയുടെ ഇഷ്ടക്കാരെ യുമാണ് പല പ്രധാന സ്ഥാനങ്ങളിലും സ്ഥാപന ങ്ങളിലും നിയമിക്കുന്നത്.

രണ്ട് റിസർവ് ബാങ്ക് ഗവർണർമാർ രാജി വെക്കുകയോ മാറ്റുകയോ ചെയ്തു. ഗുജറാത്തിൽ നിന്നുള്ള ഒരുദ്യോഗസ്ഥനെ സീനിയോരിറ്റി ഒന്നും നോക്കാതെ 7 പേരെ മറികടന്ന് സിഎജി ആയി നിയമിച്ചു. ആർമിയിൽ ബിപിൻ റാവത്തിനെ 2 സീനിയർ ഓഫീസർമാരെ മറികടന്ന് ചീഫ് ആക്കി. പിന്നീട് കമാൻഡർ ഇൻ ചാർജ് ആക്കി എല്ലാ സേനാ വിഭാഗങ്ങളുടെ തലപ്പത്ത് എത്തിച്ചു. 70 വർ ഷമായി നടന്നു വരുന്ന ഇന്ത്യയിലെ ഇലക്ഷൻ നട പടികൾ പോലും ബിജെപി സർക്കാർ ഇഷ്ടക്കാരെ നിയമിച്ച് ഇടപെടുകയാണ്.

ബിജെപിയുടെ സംഘടനാ സംവിധാനം ലോകത്തെ തന്നെ ഏറ്റവും വലുതും ശക്തവുമായ ഒരു രാഷ്ട്രീയ മിഷനറിയാണ്. വലിയ സാമ്പത്തിക പിന്തുണയും മോഡിയിൽ അതി ശക്തനായ ഒരു നേതാവും അതിനുണ്ട്. എന്നാൽ പ്രധാന പ്രതി പക്ഷമായ കോൺഗ്രസും അതിന്റെ നേതാവ് രാഹുൽ ഗാന്ധിയും വളരെ അശക്തരാണ്. ഗുലാം നബി ആസാദ് ഉൾപ്പെടെ 23 കോൺഗ്രസ് നേതാ ക്കൾ ഇതു സംബന്ധിച്ച് ഒരു കത്ത് സോണിയാ ഗാ ന്ധിക്ക് നൽകുകയുണ്ടായി.

### ഡൽഹിയിലെ വലിയ പദ്ധതികൾ

കേന്ദ്ര ഭരണത്തെ നേരിടാൻ കഴിയുന്നത് സം സ്ഥാനങ്ങൾക്കും മാധ്യമങ്ങൾക്കുമാണ്. എന്നാൽ മോഡിയുടെ വലംകൈ ആയ അമിത്ഷായുടെ നേ തൃത്വത്തിൽ അതിനും ഭീഷണി ഉയർത്തിക്കൊണ്ടി രിക്കുകയാണ്. ബിജെപി ഇതര സംസ്ഥാന ഭരണം പലയിടത്തും അട്ടിമറിച്ചു. മാധ്യമങ്ങളെ ഭീഷണിപ്പെ ടുത്തി. ഇഷ്ടക്കാരായ മാധ്യമങ്ങളെ സംരക്ഷിക്കു ന്നു. അതിനുദാഹരണമാണ് അർണബ് ഗോസ്വാമി സംഭവം.

അമേരിക്കൻ പ്രസിഡന്റായി തെരഞ്ഞെടു ക്കപ്പെട്ട ബൈഡനെ അഭിനന്ദിക്കാൻ മോഡി വി ളിച്ചപ്പോൾ "അവരവരുടെ രാജ്യങ്ങൾക്കകത്തും പുറത്തും ജനാധിപത്യം സംരക്ഷിക്കാൻ" ഒരുമിച്ച് പ്രവർത്തിക്കാം എന്ന് പറഞ്ഞതായി റിപ്പോർ ട്ടുകൾ വന്നു. മോഡിയുടെ ഇന്ത്യയിൽ അതില്ല എന്നതാണ് വസ്തുത. എന്നു പറഞ്ഞാണ് ഇക്ക ണോമിസ്റ്റ് അവരുടെ ലേഖനം അവസാനിപ്പിക്കു ന്നത്. ലോകമാകെ വായിക്കപ്പെടുന്ന മുതലാളിത്ത പക്ഷപാതിയായ ഇക്കണോമിസ്റ്റിൽ ഇത്തരം ഒരു ലേഖനം വന്നത് ശ്രദ്ധേയമാണ്. ●

# 12 ദേശസാൽകൃത ബാങ്കുകൾ എഴുതിതള്ളിയത് 6.32 ലക്ഷം കോടി രൂപ. തിരിച്ചുപിടിച്ചത് 7% മാത്രം




കഴിഞ്ഞ എട്ടു വർഷത്തിൽ 12 ദേശസാൽകൃത ബാങ്കുകൾ എഴുതിതള്ളിയത് 6.32 ലക്ഷം കോടി രൂപ. അതിൽ 2.78 ലക്ഷം കോടി രൂപയും 100 കോടി രൂപയിൽ കൂടുതൽ വായ്പയെടുത്ത വൻകിടക്കാരുടെ വക. വൻകിടക്കാരിൽ നിന്നും ആകെ തിരിച്ചുപിടിച്ചത് 19,207 കോടി രൂപ. അതായത് 7% മാത്രം.

കഴിഞ്ഞ നാലു വർഷം മാത്രമെടുത്താൽ എഴുതിത്തള്ളിയ വായ്പ 4.95 ലക്ഷം കോടി രൂപ. തിരിച്ചുപിടിച്ചത് 79,000 കോടി രൂപ അല്ലെങ്കിൽ 16%. ആർടിഐ ആക്ടിവിസ്റ്റ് വിവേക് വേലൻകർ നിരന്തര ശ്രമങ്ങൾ നടത്തിയാണ് ഈ വിവരങ്ങൾ ശേഖരിച്ചത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, യൂണിയൻ ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക് തുടങ്ങിയ 12 പ്രധാനപ്പെട്ട ദേശസാൽകൃത ബാങ്കുകളുടെ വിവരങ്ങളാണ് വിവേക് ശേഖരിച്ചത്. ബാങ്കുകളുടെ ബാലൻസ്ഷീറ്റുകൾ നല്ല നിലയിലാക്കാൻ നടത്തുന്ന എഴുതിത്തള്ളൽ വെറും സാങ്കേതികമായ നടപടി മാത്രമാണെന്നും എഴുതിതള്ളിയ വായ്പകളും ബാങ്കുകൾ താമസിയാതെ തിരിച്ചുപിടിക്കുമെന്നാണ് കേന്ദ്ര സർക്കാർ വാദിച്ചത്. എന്നാൽ എഴുതി തള്ളിയ മൊത്തം വായ്പകളുടെ 17% മാത്രമാണ് തിരികെ പിടിച്ചത്. വൻകിടക്കാരുടെ വായ്പകളുടെ ഏഴു ശതമാനം മാത്രമാണ് തിരികെ പിടിച്ചത്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ഐഒബിയും ഒഴികെയുള്ള ബാങ്കുകൾ വൻകിടക്കാരുടെ എഴുതിതള്ളിയ വായ്പകളുടെ കൃത്യമായ വിവരം കൈമാറിയുമില്ല. അത്തരം വിവരങ്ങൾ രഹസ്യമാണ് എന്ന വാദം പറഞ്ഞാണ് ഈ ബാങ്കുകൾ വിവരം നൽകാതിരുന്നത്. എന്നാൽ സ്റ്റേറ്റ് ബാങ്കും ഐഒബിയും ഈ വിവരം നൽകിയെങ്കിൽ മറ്റുള്ളവർ എന്തുകൊണ്ട് നൽകിയില്ല എന്ന വിഷയമുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 8 വർഷത്തിൽ എഴുതി തള്ളിയത് 1,23,432 കോടി രൂപ. തിരിച്ചുപിടിച്ചത് 8969 കോടി രൂപ മാത്രം. 7% മാത്രം. ഇന്ത്യൻ ഓവർസീസ് ബാങ്ക് എഴുതിതള്ളിയ 17821 കോടി രൂപ വായ്പയുടെ 0.5% മാത്രമാണ് തിരികെ പിടിച്ചത്. വൻകിടക്കാരുടെ എഴുതിതള്ളിയ വായ്പകൾ തിരികെ പിടിക്കാൻ ബാങ്കുകൾ കാര്യമായ ഒരു ശ്രമവും നടത്തിയില്ല എന്നു വ്യക്തം. കേന്ദ്ര സർക്കാരും ഈ തട്ടിപ്പിനെതിരെ കണ്ണടക്കുന്ന സമീപനമാണെടുക്കുന്നത്.

# ഇന്ത്യയിലെ ശതകോടീശ്വരന്മാർ കൂടുതൽ കൂടുതൽ ധനികരാകുന്നു

കഴിഞ്ഞ വർഷം ഇന്ത്യയിൽ ഭാഗ്യമെല്ലാം വളരെ ചുരുക്കം പേർക്കാണ് ലഭിച്ചത്. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ പത്ത് ശതമാനത്തോളം ചുരുങ്ങുകയും ലക്ഷോപലക്ഷം ഇന്ത്യക്കാർക്ക് തൊഴിൽ നഷ്ടപ്പെടുകയും ചെയ്തപ്പോൾ ഇന്ത്യയിലെ രണ്ട് ധനികരുടെ സമ്പത്ത് വലിയ തോതിൽ കുതിച്ചുയർന്നുവെന്ന് ലണ്ടൻ "ഇക്കണോമിസ്റ്റ്" ഡിസംബർ അഞ്ചിന്റെ അവരുടെ ഒരു റിപ്പോർട്ടിൽ പറഞ്ഞു. കൽക്കരി, തുറമുഖം, ഭക്ഷ്യവസ്തുക്കൾ തുടങ്ങി നാനാരംഗങ്ങളിൽ വ്യാപരിക്കുന്ന ഗൗതം അദാനിയുടെ സ്വത്ത് കഴിഞ്ഞ വർഷം ഇരട്ടിയായി 32 ബില്യൻ ഡോളറിലെത്തി. രൂപ കണക്കിൽ പറഞ്ഞാൽ അദാനിയുടെ സമ്പത്ത് 2020 ലെ ആദ്യ പത്തു മാസത്തിൽ കൂടിയത് 1.41 ലക്ഷം കോടി രൂപയാണ്. ഒരു ദിവസത്തിൽ 449 കോടി രൂപയുടെ വർധനവ്. പെട്രോളിയം, ചെറുകിട വ്യാപാരം, ടെലികോം മേഖലകളിൽ പരന്നു കിടക്കുന്ന വ്യവസായ ശൃംഖലകളുടെ ഉടമ ഇന്ത്യയിലെ ഏറ്റവും വലിയ സമ്പന്നനായ മുകേഷ് അംബാനിയുടെ സ്വത്ത് 25% വർധിച്ച് 72 ബില്യൻ ഡോളറായി.



ഇന്ത്യയിലെ ഏറ്റവും ഉയർന്ന ഒരു ശതമാനം സമ്പന്നരുടെ സ്വത്ത് മറ്റു പല രാജ്യങ്ങളിലെയും പോലെ ഇന്ത്യയിലും കുതിച്ചു കയറുകയാണ്. കഴിഞ്ഞ വർഷം ഇന്ത്യയിലുണ്ടായ സമ്പത്തിന്റെ 21.4% കയ്യടക്കിയത് ഈ 1% ആണ്. ക്രഡിറ്റ് സ്വീസി നടത്തിയ ഒരു പഠനത്തിൽ കണ്ടത് ഇന്ത്യയിലെ അതി സമ്പന്നർ സമ്പത്ത് വർധിപ്പിച്ചത് പുതിയ കണ്ടു പിടുത്തങ്ങൾ നടത്തിയോ, പുതിയ കമ്പോളം കണ്ടെത്തിയോ അല്ല. പിന്നെയോ ചെറുകിടക്കാരെ ഞെരിച്ച് മത്സരത്തിൽ തോൽപ്പിച്ചാണ്. പത്തു വർഷം മുൻപ് ഇന്ത്യയിലെ വൻ ലാഭമുണ്ടാക്കുന്ന 20 കമ്പനികൾക്ക് ലഭിച്ചിരുന്നത് മൊത്തം ലാഭത്തിന്റെ 33% ആയിരുന്നെങ്കിൽ ഇപ്പോഴത് 70% ആയി കുതിച്ചുയർന്നിരിക്കുകയാണ്.

ഇന്ത്യയിലെ തൊഴിലെടുക്കുന്നവരുടെ ദുരിതം ദൈനംദിനം ഉയരുകയുമാണ്. കോവിഡിനു മുമ്പ് 40% മുതിർന്നവർക്കാണ് തൊഴിലുണ്ടായിരുന്നതെങ്കിൽ ഇപ്പോഴത് 36% ആയി കുറഞ്ഞു. ബാക്കിയുള്ളവർ പ്രതീക്ഷകൾ നശിച്ച് തൊഴിലന്വേഷണം പോലും നിർത്തിയ സ്ഥിതിയാണ്.

# വാഷിംഗ്ടൺ ബുള്ളറ്റ്സ്

(ലെഫ്റ്റ് വേർഡ് പ്രസിദ്ധീകരിച്ച വിജയ പ്രഷാദിന്റെ പുസ്തകത്തിന്റെ തലക്കെട്ടാണ് **വാഷിംഗ്ടൺ ബുള്ളറ്റ്സ്** )




**കോവിഡ് 19 മഹാമാരിമൂലം 2020 കഴിയുമ്പോൾ ഉയർന്നു വരുന്ന ലോകം അതിനു മുമ്പു നാം കണ്ടുകൊണ്ടിരുന്ന ഒന്നായിരിക്കില്ല. എന്നാൽ ഇംപീരിയലിസത്തിനും മുതലാളിത്തത്തിനും കൊളോണിയലിസത്തിനും എതിരായ സമരത്തെ കുറിച്ച് നാം ഓരോ ദിവസവും ഓർമയുള്ളവരായിരിക്കണം.**



ജോസ് ടി എബ്രഹാം

2020 നവംബർ 27ാം തീയതി ഇറാന്റെ പ്രതിരോധ ഗവേഷണ പദ്ധതികളുടെ തലവനും പ്രമുഖ ആണവ ശാസ്ത്രജ്ഞനുമായിരുന്ന മൊഹ്സിൻ ഫക്രിസാദെ ഒരു ആസൂത്രിത ആക്രമണത്തിൽ ടെഹറാനു സമീപം വച്ച് കൊല്ലപ്പെട്ടു. 2020 ജനുവരി മൂന്നാം തീയതി അമേരിക്ക നടത്തിയ ഒരു ഡ്രോൺ ആക്രമണത്തിൽ ഇറാനിയൻ മേജർ ജനറൽ ക്വാസോ സൊലൈമാനി ബാഗ്ദാദ് എയർപോർട്ടിനു സമീപം വച്ച് കൊല്ലപ്പെട്ടു.

2019 നവംബർ 10ാം തീയതി ബോളീവിയൻ പ്രസിഡന്റ് ഇവോ മൊറൈൽസ് അമേരിക്ക സംഘടിപ്പിച്ച ഒരു അട്ടിമറി പ്രക്ഷോഭത്തെ തുടർന്ന് രാജിവെക്കാൻ നിർബന്ധിതനായി. ബോളീവിയയിൽ നടന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മൊറൈൽസ് വിജയിച്ചു. എന്നാൽ ഇലക്ഷനിൽ കൃത്രിമം നടന്നു എന്നാരോപിച്ച് ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സ് ഒരു റിപ്പോർട്ട് പുറത്തുവിട്ടു. ആ റിപ്പോർട്ടിനെ തുടർന്ന് അമേരിക്കൻ അനുകൂലികൾ പ്രക്ഷോഭം സംഘടിപ്പിക്കുകയും മൊറൈൽസ് രാജിവെക്കുകയുമാണുണ്ടായത്. മൊറൈൽസ് മെക്സിക്കോയിൽ അഭയം തേടി. പിന്നീട് 2020 ഒക്ടോബറിൽ നടന്ന



ഇവോ മൊറൈൽസ്



ഇറാന്റെ
പ്രതിരോധ ഗവേഷണ
പദ്ധതികളുടെ തലവനും
പ്രമുഖ
ആണവ
ശാസ്ത്രജ്ഞനുമായിരുന്ന
മൊഹ്സിൻ ഫക്രിസാദെ

തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ നേതാവ് "ലൂയിസ് ആർസെ" പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. മൊറൈൽസ് ബോളീവിയയിൽ തിരിച്ചെത്തുകയും ചെയ്തു.

മേൽ സൂചിപ്പിച്ചത് അമേരിക്കൻ സാമ്രാജ്യത്വം ലോകമാകെ സംഘടിപ്പിച്ച കൊലപാതങ്ങളുടെയും അട്ടിമറികളുടെയും പരമ്പരയിലെ ചില സമീപകാല സംഭവങ്ങളാണ്.

ഇറാനിൽ 1953 ൽ ജനാധിപത്യപരമായി തെരഞ്ഞെടുത്ത മൊഹമ്മദ് മൊസാദെ സർക്കാരിനെ അട്ടിമറിച്ച് ഷായെ ഭരണാധികാരിയാക്കിയ നാൾ മുതൽ തുടങ്ങിയതാണ് അമേരിക്കയുടെ ഇറാനിലെ ഇടപെടൽ. ഒരു ബ്രിട്ടീഷ് എണ്ണ കോർപറേഷനായിരുന്ന ആംഗ്ലോ പേർഷ്യൻ ഓയിൽ കമ്പനിയുടെ നിയന്ത്രണം മൊഹമ്മദ് മൊസാദെ സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ചതാണ് ബ്രിട്ടനെയും അമേരിക്കയേയും ചൊടിപ്പിച്ചതും തിരഞ്ഞെടുക്കപ്പെട്ട മൊസാദെ സർക്കാരിനെ പുറത്താക്കുന്നതിലേക്കെത്തിച്ചതും. പശ്ചിമേഷ്യൻ പ്രദേശങ്ങളിലെ അമേരിക്കയുടെയും ബ്രിട്ടൻ ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളുടെയും ഇടപെടലുകൾ വിശകലനം ചെയ്താൽ കാണാൻ കഴിയും, അത് എണ്ണ ഉല്പാദനത്തിന്റെയും വിതരണത്തിന്റെയും അതുമായി ബന്ധപ്പെട്ട ഇടപാടുകളുടെയും വിഷയങ്ങളാണ് എന്ന്. അതിനു വേണ്ടി അവർ അനേകം കൊലപാതകങ്ങളും യുദ്ധങ്ങളും നടത്തി ആ പ്രദേശത്തെ ജനങ്ങളെയാകെ തീരാ ദുരിതത്തിലാക്കി.

## വാഷിംഗ്ടൺ ബുള്ളറ്റ്സ്

അമേരിക്കയുടെ ഇത്തരത്തിലുള്ള ഇടപെടലുകളുടെ ഒരു നേർ ചിത്രമാണ് ലഫ്റ്റ് വേർഡ് അടുത്തിടെ പ്രസിദ്ധീകരിച്ച വിജയ് പ്രഷാദിന്റെ "വാഷിംഗ്ടൺ ബുള്ളറ്റ്സ്" എന്ന ഗ്രന്ഥം. വാഷിംഗ്ടൺ ബുള്ളറ്റ്സ് അമേരിക്കൻ ഇംപീരിയലിസം ലോകത്തിലെ നാനാ രാജ്യങ്ങളിലെ വിപ്ലവങ്ങളെയും പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളെയും അടിച്ചമർത്താൻ നടത്തിയ ശ്രമങ്ങൾ വിവരിക്കുന്നുണ്ട്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നേതാക്കളെ വധിക്കാൻ നടത്തിയ ശ്രമങ്ങളും കൊലപാതകങ്ങളും വിവരിക്കുന്നുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം 1953 ൽ ഇറാനിൽ സിഐഎ സ്പോൺസർ ചെയ്ത അട്ടിമറിയിൽ തുടങ്ങി ബ്രിസീലിലെ ദിൽമ റൗൽഫ്, ബൊളീവിയയിൽ ഇവ മൊറൈൽസിനെ അട്ടിമറിച്ചതു വരെ ബുള്ളറ്റ്സ് പ്രതിപാദിക്കുന്നുണ്ട്.

അമേരിക്കൻ സർക്കാരിന്റെ രേഖകളും സിഐഎയുടെ ഡീക്ലാസിഫൈഡ് രേഖകളും അന്തർദേശീയ കുത്തകകളുടെ പ്രസിദ്ധീകരണങ്ങളും രേഖകളും അമേരിക്ക വാഴിച്ച ചില ഏകാധിപതികളുടെ ഓർമകുറിപ്പുകളും പ്രസംഗങ്ങളും ഹെൻട്രി കിസിങ്ങറെ പോലെയുള്ള അമേരിക്കയിലെ ഉന്നതരുടെ പുസ്തകങ്ങളും രേഖകളും എല്ലാം ആഴത്തിൽ പരിശോധിച്ച് ആധികാരികമായാണ് വിജയ് പ്രഷാദ് "ബുള്ളറ്റ്" തയാറാക്കിയത്. ആദ്യം അമേരിക്ക കമ്യൂണിസത്തിനെതിരെയുള്ള യുദ്ധ പ്രഖ്യാ

വാഷിംഗ്ടൺ ബുള്ളറ്റ്സ് അമേരിക്കൻ ഇംപീരിയലിസം ലോകത്തിലെ നാനാ രാജ്യങ്ങളിലെ വിപ്ലവങ്ങളെയും പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളെയും അടിച്ചമർത്താൻ നടത്തിയ ശ്രമങ്ങൾ വിവരിക്കുന്നുണ്ട്. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട നേതാക്കളെ വധിക്കാൻ നടത്തിയ ശ്രമങ്ങളും കൊലപാതകങ്ങളും വിവരിക്കുന്നുണ്ട്.

പനത്തിന്റെ മറവിലാണ് മറ്റു രാജ്യങ്ങളിൽ കടന്നു കയറിയതും പല നേതാക്കളെയും കൊലപ്പെടുത്തിയതും. പിന്നീട് കടന്നുകയറ്റം മയക്കുമരുന്നിനെതിരെ എന്ന പേരിലായിരുന്നു. ഇപ്പോൾ കടന്നുകയറ്റത്തിനുള്ള മറ "ഭീകരത" (ടെററിസം) ആണ്.

വാഷിംഗ്ടൺ ബുള്ളറ്റിന് ആമുഖം എഴുതിയിരിക്കുന്നത് പുറത്താക്കപ്പെട്ട ബൊളീവിയൻ പ്രസിഡന്റ് ഇവാ മൊറൈൽസ് ആണ്. ഇവാ മൊറൈൽസിന്റെ ആമുഖം തുടങ്ങുന്നത് ഇങ്ങനെയാണ് "ഈ ഗ്രന്ഥം വെടിയുണ്ടകളെ കുറിച്ചാണ്. ജനാധിപത്യ പ്രക്രിയയെ കൊലപ്പെടുത്തിയ വെടിയുണ്ടകളെക്കുറിച്ച്, വിപ്ലവകാരികളെ കൊലപ്പെടുത്തിയ വെടിയുണ്ടകളെക്കുറിച്ച്, പ്രതീക്ഷകളെ കൊന്ന വെടിയുണ്ടകളെ കുറിച്ച്" അമേരിക്കൻ വെടിയുണ്ടകൾക്ക് ഏറ്റവും വലിയ വില കൊടുക്കേണ്ടി വന്നത് ജനങ്ങളാണ്. അവർക്ക് അവരുടെ പ്രാദേശിക നേതാക്കളെ, ഒരു കർഷക നേതാവിനെ, ഒരു ട്രേഡ് യൂണിയൻ നേതാവിനെ, പാവപ്പെട്ടവരുടെ നേതാവിനെ ഒക്കെ നഷ്ടപ്പെട്ടു. ഗ്വാട്ടിമാലയിൽ യുണൈറ്റഡ് ഫ്രൂട്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ എതിർത്ത ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ജക്കാബോ അർബൻസ് ഉസ്മാനെ 1954 ൽ സിഐഎ അട്ടിമറിച്ചു. ചിലിയിൽ അലന്റയെ അട്ടിമറിക്കാൻ സമരങ്ങളും പ്രതിഷേധങ്ങളും സംഘടിപ്പിക്കാൻ 8 മില്യൻ ഡോളറാണ് അമേരിക്കൻ സർക്കാർ ചിലവിട്ടത്. നിയമത്തിന്റെ നൂലാമാലകൾ ആയുധമാക്കി. ബ്രസീലിൽ ലുല ഡി സിൽവയെയും ദിൽമ റൗഫിനെയും പുറത്താക്കി. കൃത്യമായ ഒരു തെളിവുമില്ലാതെ ലുല തടവിൽ കഴിഞ്ഞത് 580 ദിവസമാണ്. അമേരിക്കൻ ഇംപീരിയലിസം നാനാതരം മാർഗങ്ങളുപയോഗിച്ചാണ് ജനാധിപത്യ പ്രക്രിയയെ അട്ടിമറിച്ച് മൂലധന താല്പര്യങ്ങൾ സംരക്ഷിക്കുന്നത്.

ഇവാ മൊറൈൽസ് "വാഷിംഗ്ടൺ ബുള്ളറ്റിന്റെ" ആമുഖം അവസാനിപ്പിക്കുന്നത് ജനങ്ങളുടെ സംഘടിത പ്രതിരോധത്തിൽ പ്രതീക്ഷ അർപ്പിച്ചു കൊണ്ടാണ്. അദ്ദേഹം പറയുന്നു "കോവിഡ് 19 മഹാമാരിമൂലം 2020 കഴിയുമ്പോൾ ഉയർന്നു വരുന്ന ലോകം അതിനു മുമ്പു നാം കണ്ടുകൊണ്ടിരുന്ന ഒന്നായിരിക്കില്ല. എന്നാൽ ഇംപീരിയലിസത്തിനും മുതലാളിത്തത്തിനും കൊളോണിയലിസത്തിനും എതിരായ സമരത്തെ കുറിച്ച് നാം ഓരോ ദിവസവും ഓർമയുള്ളവരായിരിക്കണം. സാധാരണ ജനങ്ങളെയും ഭൂമാതാവിനെയും ബഹുമാനിക്കുന്ന ഒരു ലോകത്തിനായി നാം പോരാടണം. സാധാരണ ജനങ്ങളുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ആവശ്യങ്ങൾക്ക് മുൻഗണന നൽകുന്നതും ഇടപെടുന്നതുമായ സർക്കാരുകൾ ഉണ്ടാകണം. നാമാണ് സാധാരണ ജനം. ആത്യന്തികമായി സാധാരണ ജനം വിജയം നേടുകതന്നെ ചെയ്യും."

## അമേരിക്കയിലെ 0.1 ശതമാനം വലിയ സമ്പന്നരുടെ സ്വത്ത് 345 ശതമാനം വർധിച്ചപ്പോൾ 90 ശതമാനം പേരുടെ സമ്പത്തിൽ ഒരു വർധനവുമില്ല

ഡിസംബർ ആദ്യവാരം ഇക്കണോമിക് പോളിസി ഇൻസ്റ്റിറ്റ്യൂട്ട് പുറത്തുവിട്ട കണക്കുകൾ കാണിക്കുന്നത് 1970 കളുടെ അവസാനം മുതൽ അമേരിക്കയിൽ കൂലി ഒരു വർധനവുമില്ലാതെ മരവിച്ചു നിൽക്കുകയാണെന്നാണ്. അമേരിക്ക, വികസിത രാജ്യങ്ങളിൽ ഏറ്റവും സാമ്പത്തിക അസമത്വം നിലനിൽക്കുന്ന രാജ്യമാണ്. ഇക്കണോമിക് പോളിസി ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് അനുസരിച്ച് 1979 നും 2019 നും ഇടയിൽ അമേരിക്കയിലെ ഒരു ശതമാനം ധനാഢ്യരുടെ സമ്പത്ത് 160 ശതമാനം വർധിച്ചു. എന്നാൽ താഴെക്കിടയിലുള്ള 90 ശതമാനം പേരുടെ കൂലിയിലുണ്ടായ വർധനവ് 26 ശതമാനം മാത്രം. 40 വർഷം കൊണ്ട് 26 ശതമാനം വർധനവ്. ഏറ്റവും ഉന്നത ശ്രേണിയിലെ 0.1 ശതമാനം പേരുടെ മാത്രം സമ്പത്തിലെ വർധനവ് 40 വർഷത്തിൽ 345 ശതമാനം ആണ്.

അമേരിക്കയിലെ ഏറ്റവും സമ്പന്നരായ ആമസോണിന്റെ ജെഫ് ബെസോസ്, മൈക്രോസോഫ്റ്റിന്റെ ബിൽഗേറ്റ്സ്, ഷെയർമാർക്കറ്റ് നിക്ഷേപകൻ വാറൻ ബഫറ്റ് എന്നീ മൂന്നുപേരുടെ സമ്പത്ത് അമേരിക്കയിലെ താഴെക്കിടയിലുള്ള 50 ശതമാനം ജനങ്ങളുടെ ഏകദേശം 16 കോടി പേരുടെ സമ്പത്തിന് തുല്യമാണ്. അതി രൂക്ഷമാണ് സാമ്പത്തിക അസമത്വം. ഇത് അമേരിക്കയിലെ മാത്രം സ്ഥിതിയല്ല. ലോകമാകെ ഏറിയും കുറഞ്ഞും ഇതാണ് സ്ഥിതി.



അസമത്വങ്ങളെ കുറിച്ച് പഠനം നടത്തിയ Capital in the 21st Centurary, Capital and Idiology തുടങ്ങിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച തോമസ് പിക്കറ്റി, പുതുതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് ബൈഡനോടാവശ്യപ്പെടുന്നത് അസമത്വങ്ങൾ കുറക്കാൻ നയങ്ങൾ മാറ്റണമെന്നാണ്.



# ജനത്തെ വലക്കുന്ന ഇന്ധനവില

**രാജ്യാന്തര വിപണിയിൽ വില കൂടുമ്പോൾ രാജ്യത്ത് പെട്രോൾ ഡീസൽ വിലയിലുണ്ടാകുന്ന മാറ്റം വില കുറയുമ്പോൾ ഉണ്ടാകുന്നില്ലെന്നു കണക്കുകൾ വ്യക്തമാക്കുന്നു. ലോക്ഡൗണിനെത്തുടർന്ന് ചരിത്രപരമായ വിലയിടിവാണ് അസംസ്കൃത എണ്ണവിലയിലുണ്ടായത്. ഈ സമയത്ത് പോലും കാര്യമായ വിലക്കുറവ് ജനങ്ങൾക്കു ലഭിച്ചില്ല.**

എണ്ണക്കമ്പനികളുടെ ദിവസേനയുള്ള വില വർധന ഇത്തരത്തിൽ തുടർന്നാൽ ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിലവാരത്തിലേക്ക് പെട്രോൾ, ഡീസൽ വില ഉയരും. ലിറ്ററിന് 86 രൂപയാണ് കൊച്ചി നഗരത്തിലെ റെക്കോർഡ് വില. 2018 സെപ്തംബറിലാണ് ഈ നിലയിലേക്ക് വില ഉയർന്നത്. ഡീസലിന് 79 രൂപ നിലവാരത്തിലേക്കും 2018 സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ വില ഉയർന്നിരുന്നു. അന്നു രാജ്യാന്തര വിപണിയിൽ അസംസ്കൃത എണ്ണയുടെ വില (2018 സെപ്തംബറിലെ ശരാശരി വില) ബാരലിന് 78.89 ഡോളറാണ്. രൂപയുടെ മൂല്യത്തിലുണ്ടായ ഇടിവും അന്ന് ഇന്ധനവില കൂടാൻ കാരണമായിരുന്നു. എന്നാൽ ഇപ്പോൾ അസംസ്കൃത എണ്ണവില ബാരലിന് 50 ഡോളറിൽ താഴെ നിൽക്കുമ്പോഴാണ് കൊച്ചി നഗരത്തിൽ പെട്രോൾ വില വീണ്ടും 84 രൂപയാകുന്നത്. ഡീസൽ വില 78 രൂപ കടക്കുന്നതും. തിരുവനന്തപുരം നഗരത്തിൽ പെട്രോളിന് വില 86 രൂപയ്ക്കടുത്തെത്തി. ഡീസൽ വില 79 രൂപ കടക്കുന്നു. കോവിഡ് പ്രതിസന്ധിയിൽ തൊഴിലും വരുമാനവും നഷ്ടപ്പെട്ട ജനങ്ങൾ ഇന്ധനവില വർധന മൂലം നട്ടം തിരിയുകയാണ്. അവശ്യ സാധനങ്ങൾക്കുണ്ടാകുന്ന വിലക്കയറ്റമാണ് ഇന്ധനവില വർധന മൂലമുണ്ടാകുന്ന എറ്റവും വലിയ ഭവിഷ്യത്ത്.

### ആനുപാതിക വിലയിളവില്ല

രാജ്യാന്തര വിപണിയിൽ അസംസ്കൃത എണ്ണ വില ഉയരുന്നുവെന്നു ചൂണ്ടിക്കാട്ടിയാണ് നവംബർ 20 ന് ശേഷമുള്ള ഈ വിലവർധന. പെട്രോളിനു രണ്ടര രൂപയോളം ഉയർന്നു. ഡീസലിന് മൂന്നര രൂപയ്ക്കടുത്തും ഈ സീസണിൽ വർധനയുണ്ടായി. അതേസമയം രാജ്യാന്തര വിപണിയിൽ എണ്ണവിലയിൽ ഇപ്പോൾ കാര്യമായ ചലനമില്ല.

49.25 ഡോളറാണ് ബാരലിനു വില. രാജ്യാന്തര വിപണിയിൽ നേരിയ മുന്നേറ്റമുണ്ടാകുമ്പോൾ വരെ കൃത്യമായി ഇന്ധനവില കൂട്ടുന്ന എണ്ണക്കമ്പനികൾ പക്ഷേ ഈ അനുപാതം വില കുറയുമ്പോൾ പാലിക്കുന്നില്ല.

ലോക്ഡൗണിനെത്തുടർന്ന് ചരിത്രപരമായ വിലയിടിവാണ് അസംസ്കൃത എണ്ണവിലയിലുണ്ടായത്. ഈ സമയത്ത് പോലും കാര്യമായ വിലക്കുറവ് ജനങ്ങൾക്കു ലഭിച്ചില്ല.

രാജ്യാന്തര വിപണിയിലെ അസംസ്കൃത എണ്ണയുടെ (ബ്രെന്റ് ക്രൂഡ് ഓയിൽ) വില. ഇറക്കുമതിച്ചെലവ് (ഡോളറിനെതിരെ രൂപയുടെ മൂല്യം). വിവിധ നികുതികൾ, ശുദ്ധീകരണ ചെലവ്, ചരക്കു നീക്കം, കമ്മീഷനുകൾ തുടങ്ങിയവയെല്ലാം ഇന്ധനവിലയെ ബാധിക്കുന്നുണ്ട്. വില നിശ്ചയിക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് (40 ശതമാനം പ്രാതിനിധ്യം) അസംസ്കൃത എണ്ണ വിലയായാണ് കണക്കാക്കുന്നത്. എന്നാൽ രാജ്യാന്തര വിപണിയിൽ വില കൂടുമ്പോൾ രാജ്യത്ത് പെട്രോൾ ഡീസൽ വിലയിലുണ്ടാകുന്ന മാറ്റം വില കുറയുമ്പോൾ ഉണ്ടാകുന്നില്ലെന്നു കണക്കുകൾ വ്യക്തമാക്കുന്നു.

- 2014 ൽ അസംസ്കൃത എണ്ണവില ബാരലിന് 109 ഡോളറായിരുന്നപ്പോൾ പെട്രോൾ വില (കേരളത്തിൽ) ലിറ്ററിന് 77 രൂപ.
- കഴിഞ്ഞ ജനുവരിയിൽ അസംസ്കൃത എണ്ണയുടെ ശരാശരി വില 64 ഡോളർ, പെട്രോളിന് 77 രൂപ.
- ഫെബ്രുവരിയിൽ എണ്ണവില 55 ഡോളർ, പെട്രോൾ വില 74 രൂപ.
- മാർച്ച് 15 ന് (ലോക്ഡൗണിനു മുൻപ് നിരക്കിൽ മാറ്റം വരുത്തിയ ദിവസം) അസംസ്കൃത എണ്ണ വില 35 ഡോളർ. പെട്രോൾ വില 71.51 രൂപ
- ഏപ്രിൽ മാസത്തെ ശരാശരി വില 19.9 ഡോളർ. പെട്രോൾ വില 71.51 രൂപ.
- മേയ് മാസത്തിലെ ശരാശരി വില 29.63 ഡോളർ. പെട്രോൾ വില 71.51 രൂപ.
- ജൂൺ 9 ന് 40 ഡോളർ. പെട്രോൾ വില 73.26 രൂപ
- ഓഗസ്റ്റ് 47.5 ഡോളർ. 81.83 രൂപ.
- ഒക്ടോബർ 40.19 ഡോളർ, 81.26 രൂപ

  നവംബർ 30 ന് 46.84 ഡോളർ, 82.60 രൂപ
- ഇപ്പോൾ 49.25 ഡോളർ, 83.66 രൂപ.

ബാരലിന് 64 ഡോളറായിരുന്ന അസംസ്കൃത എണ്ണവില 19.9 ഡോളറിലേക്ക് കുറഞ്ഞപ്പോൾ പെട്രോൾ വിലയിലുണ്ടായിരുന്ന കുറവ് 6 രൂപയിൽ താഴെ. എണ്ണ വില 50 ഡോളറിലേക്കുയരുമ്പോൾ കൂടിയത് 6.66 രൂപ.

കോവിഡ് കാലത്ത് രണ്ട് തവണയാണ് കേന്ദ്ര സർക്കാർ എക്സൈസ് നികുതി കൂട്ടിയത് മാർച്ചിൽ 3 രൂപയും മെയിൽ 10 രൂപയും പെട്രോളിനും 13 രൂപ ഡീസലിനും കൂട്ടി. ലോക് ഡൗണിനെ തുടർന്ന് കേന്ദ്ര സർക്കാരിനുണ്ടായ നികുതി നഷ്ടം മൂലമാണ് എക്സൈസ് തീരുവ വർധിപ്പിച്ചതെന്നായിരുന്നു സർക്കാർ വിശദീകരണം. രാജ്യാന്തര വിപണിയിൽ ആ സമയത്ത് എണ്ണ വില കുത്തനെ കുറഞ്ഞതിനാൽ നികുതി വർധന ഉപഭോക്താക്കളെ നേരിട്ടു ബാധിച്ചില്ല. എന്നാൽ വിലക്കുറവിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിച്ചില്ല. പക്ഷേ സർക്കാർ നികുതി നഷ്ടവും എണ്ണ കമ്പനികൾക്ക് കച്ചവടം കുറഞ്ഞതിന്റെ നഷ്ടവും ഇക്കാലയളവിൽ നികത്തി.

തീരുവയായി ഈ വർഷം അധികമായി തട്ടിയെടുക്കുന്നത് 2.25 ലക്ഷം കോടി രൂപ.

## പെട്രോൾ വിലയും നികുതി ഘടനയും

(ലിറ്ററിന് 82.84 രൂപ വിലയുള്ളപ്പോൾ)

| | |
|---|---|
| **അടിസ്ഥാന നിരക്ക്** | **26.76** |
| അടിസ്ഥാന എക്സൈസ് നികുതി | 2.98 |
| സ്പെഷ്യൽ അഡിഷണൽ എക്സൈസ് നികുതി | 12.00 |
| റോഡ് ഇൻഫ്രാസ്ട്രക്ചർ സെസ്സ് | 18.00 |
| ആകെ എക്സൈസ് നികുതി | 32.98 |
| ഗതാഗതം | 0.20 |
| സംസ്ഥാനത്തിന് ലഭിക്കുന്നത് | |
| സംസ്ഥാന വാറ്റ് | 18.03 |
| അഡിഷണൽ സെയിൽസ് ടാക്സ് | 1.00 |
| സെസ് | 0.19 |
| സംസ്ഥാനത്തെ ആകെ നികുതി | 19.82 |
| വില | 79.16 |
| ഡീലർ കമ്മീഷൻ | 3.32 |
| പമ്പിലെ വില | 82.84 |

## ഡീസൽ (76.37 രൂപ)

| | |
|---|---|
| **അടിസ്ഥാന നിരക്ക്** | **27.46** |
| അടിസ്ഥാന എക്സൈസ് നികുതി | 4.83 |
| സ്പെഷ്യൽ അഡിഷണൽ എക്സൈസ് നികുതി | 9.00 |
| റോഡ് ഇൻഫ്രാസ്ട്രക്ചർ സെസ്സ് | 18.00 |
| ആകെ എക്സൈസ് നികുതി | 31.83 |
| ഗതാഗതം | 0.20 |
| സംസ്ഥാനത്തിന് ലഭിക്കുന്നത് | |
| സംസ്ഥാന വാറ്റ് | 13.54 |
| അഡിഷണൽ സെയിൽസ് ടാക്സ് | 1.00 |
| സെസ് | 0.15 |
| സംസ്ഥാനത്തെ ആകെ നികുതി | 14.59 |
| വില | 74.18 |
| ഡീലർ കമ്മീഷൻ | 2.19 |
| പമ്പിലെ വില | 76.37 |

# ജനങ്ങൾ ദുരിതത്തിൽ കർഷകർ സമരത്തിൽ
# മോഡി കല്ലിടീൽ തിരക്കിൽ




**സുപ്രീംകോടതിയുടെ ശക്തമായ വിമർശനവും അതൃപ്തിയും അവഗണിച്ച് പാർലമെന്റ് മന്ദിരമടക്കം പുതുതായി പണിയുന്ന ഡൽഹി വിസ്ത നവീകരണവുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുകയാണ്. ഇത്രയും ബൃഹത്തായ നിർമിതിക്കു വേണ്ട ആഴത്തിലുള്ള പഠനങ്ങൾ, ചർച്ചകൾ, അഭിപ്രായ രൂപീകരണം എന്നിവ നടന്നില്ല. 20,000 കോടി രൂപയാണ് പദ്ധതിക്കാകെ ചെലവ് പ്രതീക്ഷിക്കുന്നത്. ജനങ്ങൾ കെടുതിയിൽ അമരുമ്പോഴും ഉയരത്തിൽ പ്രതിമകൾ ഉയർത്തിയും തർക്ക ഭൂമിയിൽ ക്ഷേത്രം നിർമിച്ചും ഫാസിസ്റ്റ് ഹിന്ദുത്വ അജണ്ടയുമായി മുന്നോട്ടു പോകുന്ന സർക്കാരാണിത്.**

എല്ലാ കാര്യത്തിലും പുലർത്തുന്ന ജനാധിപത്യവിരുദ്ധ രീതി പിന്തുടർന്ന് പാർലമെന്റ് മന്ദിരമടക്കം പുതുതായി പണിയുന്ന ഡൽഹി വിസ്ത നവീകരണവുമായി കേന്ദ്ര സർക്കാർ മുന്നോട്ടു പോകുകയാണ്. സുപ്രീംകോടതിയുടെ ശക്തമായ വിമർശനവും അതൃപ്തിയും അവഗണിച്ചാണ് നീക്കം. സഹികെട്ട കോടതി ശിലയിടാൻ മാത്രമായി തിങ്കളാഴ്ച അനുമതി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ കാട്ടിയത് മര്യാദകേടും അനാവശ്യ തിടുക്കവുമാണെന്ന് വ്യക്തമാക്കിയശേഷമാണ് കല്ലിടുകയല്ലാതെ സ്ഥലത്തെ മരം പോലും മുറിക്കരുതെന്ന വ്യവസ്ഥയോടെ കോടതി അനുമതി നൽകിയത്. നിർമാണം സംബന്ധിച്ച കേസ് കോടതിയുടെ പരിഗണനയിലാണ്. അതിനിടെ, നിർമാണവുമായി മുന്നോട്ടു പോയത് തീർത്തും തെറ്റായ നടപടിയാ

ണെന്നും കോടതി കണ്ടു. തുടർന്നാണ് കർശന ഉപാധിയോടെ വ്യാഴാഴ്ച കല്ലിടാൻ അനുമതി നൽകിയത്. ഏത് ഭരണഘടനാ സ്ഥാപനം ഇടപെട്ടാലും ചെയ്യാൻ തീരുമാനിച്ചത് ചെയ്യുമെന്ന ധാർഷ്ട്യത്തിലാണ് സർക്കാരിന്റെ ഓരോ നടപടിയും. ഇക്കാര്യത്തിലും അതേ പാത തുടരുന്നു.

1930 ൽ ബ്രിട്ടീഷ് ഭരണകാലത്ത് ഡൽഹി നഗര ഹൃദയത്തിൽ പണി പൂർത്തിയാക്കിയ സെൻട്രൽ വിസ്ത മാറ്റി പണിയുക എന്നതാണ് ദൗത്യം. ആകെ മൂന്ന് കിലോമീറ്ററോളം വരുന്ന സെൻട്രൽ വിസ്ത രാഷ്ട്രപതി ഭവൻ മുതൽ ഇന്ത്യാ ഗേറ്റ് വരെ നീളുന്നു. നാല് ചതുരശ്ര കിലോമീറ്ററിലാണ് പുതിയ നിർമിതികൾ വരിക. പുതിയ സെൻട്രൻ സെക്രട്ടറിയറ്റ് കെട്ടിടവും പാർലമെന്റ് മന്ദിരവുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. കെട്ടിടങ്ങളുടെ പഴക്കവും സ്ഥലക്കുറവും വേണ്ടത്ര സുരക്ഷിതത്വമില്ലായ്മയും പാർക്കിംഗ് സൗകര്യങ്ങളുടെ അപര്യാപ്തതയുമൊക്കെ പരിഗണിച്ച് കാലാനുസൃതമായ മാറ്റം വേണമെന്നതിൽ ആർക്കും തർക്കമില്ല. എന്നാൽ, ഇത്രയും ബൃഹത്തായ നിർമിതിക്കു വേണ്ട ആഴത്തിലുള്ള പഠനങ്ങൾ, ചർച്ചകൾ, അഭിപ്രായ രൂപീകരണം എന്നിവ നടന്നില്ല. 20,000 കോടി രൂപയാണ് പദ്ധതിക്കാകെ ചെലവ് പ്രതീക്ഷിക്കുന്നത്.




കോവിഡ് മഹാമാരി രാജ്യത്തെ സമ്പദ്‌വ്യവസ്ഥ മാന്ദ്യത്തിലാക്കിയ ഘട്ടത്തിലാണ് 20,000 കോടി മുടക്കി പാർലമെന്റ് മന്ദിരം പണിയുന്നത്. തെല്ലെങ്കിലും ജനാധിപത്യമര്യാദ അവശേഷിക്കുന്നുണ്ടെങ്കിൽ വ്യാഴാഴ്ചത്തെ ശിലാസ്ഥാപനം സുപ്രീം കോടതിയുടെ വിമർശനം കൂടി മുഖവിലക്കെടുത്ത് മാറ്റി വയ്ക്കുകയാണ്ചെയ്യേണ്ടിയിരുന്നത്.

പുതിയ നിർമിതിയെ പറ്റി ആലോചന തുടങ്ങിയപ്പോൾ മുതൽ എല്ലാം രഹസ്യമായിരുന്നു. പാർലമെന്റ് മന്ദിരമടക്കം മാറ്റി പണിയുന്ന വിഷയമായിട്ടും പാർലമെന്റിൽ ചർച്ച ചെയ്തില്ല. ചർച്ച വേണമെന്നും പദ്ധതി സുതാര്യമാക്കണമെന്നും സിപിഐ(എം) പൊളിറ്റ് ബ്യൂറോ കഴിഞ്ഞ ഫെബ്രുവരിയിൽ തന്നെ ആവശ്യപ്പെട്ടിരുന്നു. തിരക്കിട്ട് നീങ്ങരുതെന്നും പാർടി ആവശ്യപ്പെട്ടു. അന്ന് പാർലമെന്റ് സമ്മേളനം ചേരുന്ന സമയമായിരുന്നു. സർക്കാർ ആവശ്യം പരിഗണിച്ചില്ല. ആകെ നടന്നത് പദ്ധതിയുടെ നടത്തിപ്പുകാരായ ഡൽഹി ഡെവലപ്മെന്റ് അതോറിറ്റിയുടെ ഒരു തെളിവെടുപ്പാണ് അവിടെ നിർമാണ മേഖലയിലെ വിദഗ്ധരും നഗരാസൂത്രകരും പരിസ്ഥിതി പ്രവർത്തകരും പങ്കെടുത്തു. അവരിൽ ബഹുഭൂരിപക്ഷവും ഉയർത്തിയത് ആശങ്കകളാണ്. ആയിരത്തി മുന്നൂറോളം എതിർപ്പും നിർദേശങ്ങളും സമിതിക്ക് ലഭിച്ചു. അതിനൊന്നും മറുപടിയില്ലാതെ പദ്ധതിയുമായി സർക്കാർ നീങ്ങി.

അതിനിടെയാണ് കോവിഡ് മഹാമാരി രാജ്യത്തെ വരിഞ്ഞുകെട്ടിയത്. സമ്പദ്‌വ്യവസ്ഥ മാന്ദ്യത്തിലായി. ജൂലൈ സെപ്തംബർ രണ്ടാം പാദത്തിലും 8.6 ശതമാനം ഇടിവ് രേഖപ്പെടുത്തി. തുടർച്ചയായി രണ്ടു പാദത്തിൽ അഥവാ ആറുമാസം സമ്പദ് മേഖല കൂപ്പുകുത്തുന്ന അസാധാരണ അവസ്ഥ. ധന ലഭ്യതയില്ലെന്ന കാരണത്താൽ ക്ഷേമപദ്ധതികൾ മരവിക്കപ്പെടുന്നു. രണ്ടു വർഷത്തെ എംപിമാരുടെ പ്രാദേശിക വികസന ഫണ്ടും നിർത്തലാക്കി. അതിലൂടെ 8000 കോടിയുടെ നീക്കിയിരുപ്പാണ് ഉണ്ടാകുക. അതേസമയം തന്നെയാണ് എംപിമാർക്ക് ഇരിപ്പിടം ഒരുക്കാനടക്കം 20,000 കോടി ചെലവിടാൻ തിരക്കു പിടിച്ചു നീങ്ങുന്നത്. സ്വാഭാവികമായും അതിനെതിരെ ചോദ്യങ്ങളുയരും. ജനങ്ങളിൽ നിറയുന്ന ഈ ആശങ്കയാണ് സുപ്രീം കോടതിയും കഴിഞ്ഞ ദിവസം പങ്കുവച്ചത്. തെല്ലെങ്കിലും ജനാധിപത്യമര്യാദ അവശേഷിക്കുന്നുണ്ടെങ്കിൽ വ്യാഴാഴ്ചത്തെ ശിലാസ്ഥാപനം സുപ്രീം കോടതിയുടെ വിമർശനം കൂടി മുഖവിലക്കെടുത്ത് മാറ്റി വയ്ക്കുകയാണ്ചെയ്യേണ്ടിയിരുന്നത്. ജനങ്ങൾ കെടുതിയിൽ അമരുമ്പോഴും ഉയരത്തിൽ പ്രതിമകൾ ഉയർത്തിയും തർക്ക ഭൂമിയിൽ ക്ഷേത്രം നിർമിച്ചും ഫാസിസ്റ്റ് ഹിന്ദുത്വ അജണ്ടയുമായി മുന്നോട്ടു പോകുന്ന സർക്കാരാണിത്.



# ഞങ്ങൾ പുൽനാമ്പുകളാണ് എല്ലായിടത്തും വളരും

വിജയ് പ്രഷാദ്

“നിങ്ങൾക്കു വേണമെങ്കിൽ, നിങ്ങളുടെ ബോംബ് സർവകലാശാലയിലേക്ക് എറിയാം. അതിന്റെ ഹോസ്റ്റലിനെ അവശിഷ്ടങ്ങളുടെ കുമ്പാരമാക്കിത്തീർക്കാം. ഞങ്ങളുടെ ചേരികളിലേക്ക് നിങ്ങളുടെ വൈറ്റ്ഫോസ്ഫറസും എറിയാം. നിങ്ങൾ എന്നെ എന്തുചെയ്യും? ഞാൻ പുൽനാമ്പാണ്. ഞാൻ എല്ലായിടത്തും വളരും.' ഇതു തന്നെയാണ് ഇന്ത്യയിലെ കർഷകരും തൊഴിലാളികളും ഇന്നാട്ടിലെ വരേണ്യവർഗത്തോടും പറഞ്ഞു കൊണ്ടിരിക്കുന്നത്. അതു തന്നെയാണ് അധ്വാനിക്കുന്ന ജനത അവരുടെ രാജ്യങ്ങളിലെ വരേണ്യ വർഗത്തോട് പറയുന്നതും.”






**സ്വകാര്യകുത്തകകളുമായുള്ള വിലപേശലിന് കർഷകരെ എറിഞ്ഞുകൊടുക്കുകയാണ് കാർഷിക പരിഷ്കരണ നിയമങ്ങൾ ചെയ്യുന്നത്. കാർഷിക ഉൽപ്പാദനം നിലനിർത്തുന്നതിന് സഹായിച്ചിരുന്ന നിലവിലിരുന്ന സംവിധാനങ്ങളുടെ തകർച്ചയിലേക്കാണ് പുതിയനിയമങ്ങൾ നയിക്കുക. ലോകചരിത്രത്തിലെ തന്നെ ഏറ്റവും ബൃഹത്തായ സമരമായി നവംബർ 26ന്റെ പൊതുപണിമുടക്കിനെ മാറ്റിക്കൊണ്ട് ഇന്ത്യയിലെമ്പാടുമായി 25 കോടി ആളുകൾ അതിൽ പങ്കു ചേർന്നു.**

നവംബർ 26ന് പൊതുപണിമുടക്കിന്റെ ഭാഗമായി ഉത്തരേന്ത്യയിലെ വിവിധ ദേശീയ പാതകളിലൂടെ കർഷകരും കർഷകത്തൊഴിലാളികളും മാർച്ച് ചെയ്തു. സെപ്തംബറിൽ ആദ്യം ലോക്സഭയും പിന്നീട് രാജ്യസഭയും വോട്ടെടുപ്പില്ലാതെ പാസാക്കിയ കർഷകവിരുദ്ധവും കോർപറേറ്റുകൾക്ക് അനുകൂലവുമായ നിയമങ്ങൾക്കെതിരായ മുദ്രാവാക്യങ്ങളെഴുതിയ പ്ലക്കാർഡുകൾ അവരേന്തിയിരുന്നു. കമ്യൂണിസ്റ്റ് പ്രസ്ഥാനം മുതൽ കർഷക സംഘടനകളുടെ വിശാലമായ സഖ്യം വരെയുള്ള അനവധിയായ സംഘടനകളിലെ അവരുടെ അംഗത്വം വിളിച്ചോതുന്ന പതാകകൾ കർഷകത്തൊഴിലാളികളും കർഷകരും ഉയർത്തിപ്പിടിച്ചിരുന്നു.

സ്വകാര്യവൽക്കരണം ഭക്ഷ്യസുരക്ഷയെയും കാർഷികവൃത്തിയിൽ തുടരുവാനുള്ള തങ്ങളുടെ ശേഷിയെയും ദുർബലപ്പെടുത്തുമെന്ന് കർഷകർ ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയുടെ തൊഴിൽ സേനയുടെ ഏതാണ്ട് മൂന്നിൽ രണ്ടും വരുമാനം കാർഷികവൃത്തിയിൽനിന്നും കണ്ടെത്തുന്നവരാണ്. കൃഷിയിൽ നിന്നുള്ള വരുമാനം ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 18 ശതമാനത്തോളം വരും. സെപ്തംബറിൽ പാസാക്കിയ മൂന്ന് കർഷക വിരുദ്ധ ബില്ലുകൾ കാർഷിക ഉൽപ്പന്നങ്ങൾ താങ്ങുവിലയിൽ വാങ്ങുവാനുള്ള സർക്കാർ പദ്ധതികളെ ദുർബലമാക്കുന്നതാണ്. രണ്ട് ഹെക്ടറിൽ താഴെ മാത്രം ഭൂമി സ്വന്തമായുള്ളവരാണ് 85 ശതമാനവും.

സ്വകാര്യകുത്തകകളുമായുള്ള വിലപേശലിന് അവരെ എറിഞ്ഞുകൊടുക്കുകയാണ് ഈ നിയമങ്ങൾ ചെയ്യുന്നത്. ഭക്ഷ്യ ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്ന വില സ്ഥിരതയുള്ളതല്ല എങ്കിൽപ്പോലും കാർഷിക ഉൽപ്പാദനം നിലനിർത്തുന്നതിന് സഹായിച്ചിരുന്ന ഇതുവരെ നിലവിലിരുന്ന സംവിധാനങ്ങളുടെ തകർച്ചയിലേക്കാണ് പുതിയനിയമങ്ങൾ നയിക്കുക. ലോകചരിത്രത്തിലെ തന്നെ ഏറ്റവും ബൃഹത്തായ സമരമായി നവംബർ 26ന്റെ പൊതുപണിമുടക്കിനെ മാറ്റിക്കൊണ്ട് ഇന്ത്യയി ലെമ്പാടുമായി 25 കോടി ആളുകൾ അതിൽ പങ്കു ചേർന്നു. സമരത്തിലണിചേർന്നവരെല്ലാം ചേർന്ന് ഒരു രാജ്യമായി മാറുകയാണെങ്കിൽ ലോകത്തിലെ ഏറ്റവും വലിയ അഞ്ചാമത്തെ രാജ്യമായി അതു മാറിയേനെ. മഹാരാഷ്ട്രയിലെ ജവാഹർലാൽ നെഹ്റുതുറമുഖം മുതൽ ഒഡിഷയിലെ പാരാദിപ് തുറമുഖം വരെയുള്ള തൊഴിലാളികൾ പണിമുടക്കിയതോടെ തെലങ്കാന മുതൽ ഉത്തർപ്രദേശുവരെയുള്ള ഇന്ത്യയുടെ വ്യാവസായിക മേഖലകളാകെ നിശ്ചലമായി.

അസംഘടിത മേഖലയിലെ തൊഴിലാളികളും ആരോഗ്യരക്ഷാരംഗത്തെ തൊഴിലാളികളും ബാങ്ക് ജീവനക്കാരും സമരത്തിൽ അണിചേർന്നു. തൊഴിൽ സമയം പന്ത്രണ്ട് മണിക്കൂറായി നീട്ടുകയും തൊഴിൽ സേനയുടെ 70 ശതമാനത്തെയും തൊഴിൽ സംരക്ഷണത്തിൽനിന്നും പുറത്താക്കു കയും ചെയ്യുന്ന നിയമങ്ങൾക്കെതിരെ അവർ ആഞ്ഞടിച്ചു. ഇന്നത്തെ ഈ സമരം ഒരു തുടക്കം മാത്രമാണ്. കൂടുതൽ തീവ്രമായ പ്രക്ഷോഭങ്ങൾ പിന്നാലെ വരും, സിഐടിയു ജനറൽ സെക്രട്ടറി തപൻ സെൻ പറഞ്ഞു. ഇന്ത്യൻ തൊഴിലാളിവർഗവും സമ്പന്ന കർഷകർ പോലും ഉൾപ്പെടെയുള്ള കൃഷിക്കാരും നേരിടുന്ന

പ്രതിസന്ധിയെ മഹാമാരി കൂടുതൽ ആഴത്തിലുള്ളതാക്കി മാറ്റി. തീവ്രനൈരാശ്യത്തിന്റെ പടുകുഴിയിൽപ്പെട്ട തൊഴിലാളികളും കർഷകരും മഹാമാരിയുടെ അപകടങ്ങളെപ്പോലും വകവയ്ക്കാതെ സർക്കാരിനോട് നിങ്ങളിൽ വിശ്വാസമെല്ലാം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് വിളിച്ചു പറയാൻ ഒത്തുചേർന്നു.

**ആഗോള പ്രക്ഷോഭങ്ങൾ സജീവമാകുന്നു**

അടിയന്തരാശ്വാസത്തിനും തൊഴിലാളികൾക്കുള്ള സാമൂഹ്യസംരക്ഷണത്തിനും കൃഷിക്കുള്ള സർക്കാർ പിന്തുണയ്ക്കും വേണ്ടിയുള്ള ഈ മുദ്രാവാക്യങ്ങൾ ലോകമെമ്പാടുമുള്ള തൊഴിലാളികളെയും കർഷകരെയും ആകർഷിക്കുന്നുണ്ട്. ഇത്തരം മുദ്രാവാക്യങ്ങൾ തന്നെയാണ് അടുത്തിടെ ഗ്വാട്ടിമാലയിൽ നടന്ന പ്രക്ഷോഭങ്ങൾക്ക് തിരി കൊളുത്തിയതും ഗ്രീസിൽ പൊതുപണിമുടക്കിലേക്ക് നയിച്ചതും. ബുർഷ്വാ സർക്കാരുകളുള്ള രാജ്യങ്ങളിൽ കൂടുതൽ ആളുകൾ വരേണ്യവർഗത്തിന്റെ ക്രൂരമായ പെരുമാറ്റത്തിൽ മനം മടുത്ത് കൂടുതൽ പ്രക്ഷോഭങ്ങളിലേക്ക് നീങ്ങുന്നു. മഹാമാരിയുടെ അനന്തരഫലമെന്നോണം ഇത് കൂടുതൽ ആഴത്തിലും വിശാലമായും വളർന്നു. ലോകത്തെ കൃഷിയിടങ്ങളിൽ വെറും ഒരുശതമാനം മാത്രം വരുന്ന വൻകിട ഫാമുകളാണ് ലോകത്തെ കൃഷിഭൂമിയുടെ 70 ശതമാനവും കൈകാര്യം ചെയ്യുന്നത്. വൻകിട കോർപറേറ്റ് ഫാമുകൾ കോർപറേറ്റ് ഭക്ഷ്യസമ്പ്രദായത്തിനുമേൽ ആധിപത്യം പുലർത്തുകയും കാർഷികമേഖലയെ ആശ്രയിക്കുന്ന 250 കോടി ജനങ്ങളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാക്കുകയും ചെയ്യുന്നുവെന്നാണ് ഇതിനർഥം. ഭൂരാഹിത്യവും ഭൂമിയുടെ മൂല്യവും കണക്കിലെടുക്കു മ്പോൾ ഉടമസ്ഥതയിലുള്ള അസമത്വം ഏറ്റവും ഉയർന്ന തോതിലുള്ളത് ലാറ്റിൻ അമരിക്കയിലും തെക്കൻ ഏഷ്യയിലും ആഫ്രിക്കയുടെ ചില ഭാഗങ്ങളിലുമാണ്.

**ബാരിക്കേഡുകൾക്ക് തടയാനാവില്ല**

ഡൽഹിക്കു ചുറ്റും വിന്യസിക്കപ്പെട്ട ബാരിക്കേഡുകളിലേക്ക് നിരവധി കർഷകരും കർഷകത്തൊഴിലാളികളും മാർച്ച് ചെയ്തെത്തിയത് പഞ്ചാബിൽനിന്നാണ്. പഞ്ചാബിലെ ഒരു ചെറുപ്പക്കാരൻ, അവതാർ സിങ് 1970കളുടെ തുടക്കത്തിൽ മാക്സിം ഗോർക്കിയുടെ അമ്മ എന്ന നോവൽ വായിക്കുകയുണ്ടായി. ഒരു തൊഴിലാളി വർഗ സ്ത്രീയായ നിലോവനയും അവരുടെ മകനായ പാഷ എന്ന പവേലും തമ്മിലുള്ള ബന്ധം അദ്ദേഹത്ത ആഴത്തിൽ സ്പർശിച്ചു. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽ സജീവമായ പാഷ വീട്ടിലേക്ക് വിപ്ലവത്തെ സംബന്ധിച്ച പുസ്തകങ്ങൾ കൊണ്ടുവ രികയും പതുക്കെ ആ അമ്മയും മകനും നിലനിൽക്കുന്ന വ്യവസ്ഥയ്ക്കതിരെ സമര സജ്ജരാവുകയും ചെയ്യുന്നു. ഐക്യദാർഢ്യം എന്ന ആശയത്തെക്കു റിച്ച് നിലോവ് പാഷയോട് ചോദിക്കുമ്പോൾ അദ്ദേഹം പറയുന്നതിങ്ങനെയാണ്, "ലോകം നമ്മുടേതാണ്! ലോകം തൊഴിലാളികൾക്കുള്ളതാണ്! നമ്മെ സംബന്ധിച്ചിടത്തോളം ദേശമോ വംശമോ ഇല്ല. നമ്മെ സംബന്ധിച്ചിടത്തോളം സഖാക്കളും ശത്രുക്കളും മാത്രമേയുള്ളൂ'. ഐക്യദാർഢ്യത്തെയും സോഷ്യലിസത്തെയും കുറിച്ചുള്ള ഈ ആശയം "നെമ്മ സൂര്യനെന്ന പോലെ ചൂടേറ്റുന്നുണ്ട്. നീതിയുടെ സ്വർഗത്തിലെ രണ്ടാമത്തെ സൂര്യനാണത്. കൂടാതെ, ഈ സ്വർഗം താമസിക്കുന്നത് തൊഴിലാളികളുടെ ഹൃദയത്തിലാണ്", പാഷ പറയുന്നു. നിലോവനയും പാഷയും ഒന്നിച്ച് വിപ്ലവകാരികളായി മാറുന്നു. ബെർതോൾഡ് ബെഹ്ത് തന്റെ 'അമ്മ' എന്ന നാടകത്തിൽ ഈ കഥ പുനരാഖ്യാനം ചെയ്യുന്നുണ്ട്. നോവലിൽ നിന്നും നാടകത്തിൽനിന്നും തീവ്രമായി പ്രചോദിതനായ അവ്താർ സിങ്സന്ധു പാഷ് എന്ന തന്റെ തൂലികാ നാമമായി സ്വീകരിച്ചു. അക്കാലത്തെ ഏറ്റവും വിപ്ലവ കാരികളായ കവികളിൽ ഒരാളായി പാഷ് മാറി. 1988 ൽ അദ്ദേഹം ഭീകരവാദികളാൽ കൊല്ലപ്പെട്ടു. അദ്ദേഹം ബാക്കിയാക്കിയ കവിതകളിൽ ഒന്ന് 'ഞാനൊരു പുൽനാമ്പാണ്' എന്ന തലക്കെട്ടിലുള്ളതാണ്.

'നിങ്ങൾക്കു വേണമെങ്കിൽ, നിങ്ങളുടെ ബോംബ് സർവകലാശാലയിലേക്ക് എറിയാം. അതിന്റെ ഹോസ്റ്റലിനെ അവശിഷ്ടങ്ങളുടെ കുമ്പാരമാക്കിത്തീർക്കാം. ഞങ്ങളുടെ ചേരികളിലേക്ക് നിങ്ങളുടെ വൈറ്റ്ഹോസ്സറസും എറിയാം. നിങ്ങൾ എന്നെ എന്തുചെയ്യും? ഞാൻ പുൽനാമ്പാണ്. ഞാൻ എല്ലായിടത്തും വളരും.' ഇതു തന്നെയാണ് ഇന്ത്യയിലെ കർഷകരും തൊഴിലാളികളും ഇന്നാട്ടിലെ വരേണ്യവർഗത്തോടും പറഞ്ഞു കൊണ്ടിരിക്കുന്നത്. അതു തന്നെയാണ് അധ്വാനിക്കുന്ന ജനത അവരുടെ രാജ്യങ്ങളിലെ വരേണ്യ വർഗത്തോട് പറയുന്നതും. മഹാമാരിയുടെ കാല ത്തുപോലും തങ്ങളുടെ അധികാരവും സ്വത്തും വിശേഷാവകാശങ്ങളും സംരക്ഷിക്കുവാൻ മാത്രം വെമ്പൽ കൊള്ളുന്ന വരേണ്യവർഗം, പക്ഷേ, നമ്മൾ പുൽനാമ്പുകളാണല്ലോ, നമ്മൾ എല്ലായിടത്തും വളരും. ●

(ട്രൈ കോണ്ടിനെന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറാണ് ചരിത്രകാരനും പത്രപ്രവർത്തകനുമായ വിജയ് പ്രഷാദ്
പരിഭാഷ: നിതീഷ് നാരായണൻ)

# മണ്ണിന്റെ വൈവിധ്യം സംരക്ഷിക്കുക : യുഎൻ

ഭൂമിയിൽ ജീവൻ നിലനിൽക്കുന്നതിലെ പ്രധാന ഘടകങ്ങളാണ് ജലം, വായു മണ്ണ്, എന്നിവ. എന്നാൽ ഭൂമിയിലെ ജലവും വായുവും മണ്ണും ജീവനു ഭീഷണിയാകുന്ന തരത്തിൽ ദൈനംദിനം മലിമസമായിക്കൊണ്ടിരിക്കുകയാണ്.

മണ്ണിലെ അനേകം ജീവജാലങ്ങളാണ് മണ്ണിന്റെ ജൈവതയും വൈവിധ്യവും നിലനിർത്തുന്നത്. ഡിസംബർ അഞ്ച് ലോക മണ്ണു സംരക്ഷണ ദിനമായി യുഎൻ ആചരിച്ചുവരികയാണ്. ഈ വർഷം യുഎൻ മുന്നോട്ടു വക്കുന്നത് "മണ്ണിനെ ജീവനോടെ നിലനിർത്തുക മണ്ണിന്റെ വൈവിധ്യം സംരക്ഷിക്കുക" എന്ന ആശയമാണ്. മണ്ണിന്റെ വൈവിധ്യവും വളക്കൂറും നിലനിൽക്കേണ്ടത് ഭക്ഷ്യ ഉല്പാദനത്തിൽ അതി പ്രധാന ഘടകമാണ്. ഒരേ തരം കൃഷി കീടനാശിനികളുടെ ഉപയോഗം, കൃത്രിമ വള പ്രയോഗം തുടങ്ങിയവയെല്ലാം മണ്ണിന്റെ വൈവിധ്യവും ഉല്പാദന ക്ഷമതയും നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. മണ്ണിനെ സംരക്ഷിക്കാതെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാവില്ല. ശാസ്ത്രജ്ഞർ മണ്ണിനെ "ഭൂമിയുടെ ത്വക്ക്" എന്നാണ് പറയുന്നത്. ത്വക്ക് വളരെ പ്രധാനമാണ് എന്നാൽ വളരെ ലോലമാണ്. അനേകായിരം വർഷങ്ങൾ കൊണ്ടാണ് ജീവൻ നിലനിൽക്കുന്ന സസ്യജാലങ്ങൾ വളരുന്ന മണ്ണ് ഭൂമിയുടെ ഉപരിതലത്തിൽ രൂപപ്പെട്ടത്. ആ ഉപരിതല മണ്ണ് മനുഷ്യന്റെ നിരന്തരമായ ഇടപെടൽ മൂലം നശിച്ചു കൊണ്ടിരിക്കുകയാണ്. മണ്ണ് അതിന്റെ വൈവിധ്യവും സംരക്ഷിക്കേണ്ടത് ജീവന്റെ നിലനില്പിന് പ്രധാനമാണ്.



മണ്ണിനെക്കുറിച്ചുള്ള ചിന്തകളോടൊപ്പം നമ്മെ അസ്വസ്ഥമാക്കുന്ന മറ്റൊരു വാർത്തയും ഡിസംബർ ആറിന് "സ്ലീംബർഗ്" പ്രസിദ്ധീകരിച്ചു.

**ജലത്തിന്റെ അവധി വ്യാപാരം ആരംഭിച്ചിരിക്കുന്നു.**

സ്വർണം, എണ്ണ, കാർഷിക ഉല്പന്നങ്ങൾ തുടങ്ങിയ ചരക്കുകളോടൊപ്പം ജലത്തിന്റെ ഊഹക്കച്ചവടവും കാലിഫോർണിയയിലെ ജലത്തെ അടിസ്ഥാനപ്പെടുത്തി ആരംഭിച്ചിരിക്കുന്നു.

കൃഷിക്കാർക്കും ഹെഡ്ജ് ഫണ്ടുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഇനി കാലിഫോർണിയയിലെ വെള്ളത്തിന് അവധി വ്യാപാരം മറ്റൊരു തരത്തിൽ പറഞ്ഞാൽ ഊഹക്കച്ചവടം നടത്താം.

കാലിഫോർണിയയിൽ നിരന്തരമായുണ്ടായ കാട്ടുതീയും വരൾച്ചയും ചൂടുകാറ്റും വെള്ളത്തിന്റെ ലഭ്യതക്ക് വലിയ ഭീഷണിയാകുന്നുണ്ട്. അതിനാൽ ഭാവിയിലെ വെള്ളത്തിന്റെ ആവശ്യത്തിനായി അവധിവ്യാപാരത്തിന് ആവശ്യക്കാർ തയാറാണ്. ഈ സാഹചര്യം മുതലാക്കിയാണ് സിഎംഇ ഗ്രൂപ്പ് വെള്ളത്തിന്റെ അവധി വ്യാപാരം തുടങ്ങിയത്.

ഇനി ഭാവിയിൽ ഫലഭൂയിഷ്ഠമായ മണ്ണുള്ള പ്രദേശങ്ങൾക്കും അവധി വ്യാപാരം ആരംഭിക്കാം. ഇന്ത്യയിലെ മൂന്നു കാർഷിക ബില്ലുകളെ ഈ പശ്ചാത്തലത്തിൽ കൂടി നോക്കി കാണണം. കാശില്ലാത്തവന് മണ്ണും ജലവും അന്യമാകും എന്നതാണ് സ്ഥിതി. ●

**മണ്ണിനെക്കുറിച്ചുള്ള ചിന്തകളോടൊപ്പം നമ്മെ അസ്വസ്ഥമാക്കുന്ന മറ്റൊരു വാർത്ത ജലത്തിന്റെ ഊഹക്കച്ചവടവും ആരംഭിച്ചിരിക്കുന്നു എന്നതാണ്.**

# കരാറില്ലാതെ ബ്രിട്ടൻ ഇറങ്ങുമോ?

യൂറോപ്യൻ യൂണിയനിൽ നിന്നു (ഇയു) ബ്രിട്ടൻ വേർപെടുന്ന പ്രക്രിയ (ബ്രക്സിറ്റ്) ഈ മാസം 31 ന് പൂർണമാവുകയാണ്. അതിനു മുമ്പ് ഇയുവും ബ്രിട്ടനും തമ്മിൽ കരാർ സാധ്യമാക്കാനുള്ള അവസാന ശ്രമമാണ്. പരാജയപ്പെട്ടാൽ വ്യാപാര ക്കരാറുകളൊന്നുമില്ലാതെ യൂണിയനിൽ നിന്നു ബ്രിട്ടൻ പുറത്തു കടക്കും. ഇതു ബ്രിട്ടനിലും യൂറോപ്പിലും വ്യാപക ആശയക്കുഴപ്പത്തിനു വഴി വയ്ക്കുമെന്ന് ഇരുപക്ഷവും സമ്മതിക്കുന്നുണ്ട്.

ഇയുവിൽ നിന്ന് 2020 ജനുവരി 31 ന് തന്നെ ബ്രിട്ടൻ ഒഴിവായതാണ്. യൂണിയനിൽ അവരുമായി പൊതുവായ വ്യാപാരക്കരാറുകളും മറ്റും സാധ്യമാക്കുന്നതിനുള്ള സമയമാണ് ഡിസംബർ 31 ന് അവസാനിക്കുന്നത്. രണ്ടു രാജ്യങ്ങൾ തമ്മിൽ പ്രത്യേക വ്യാപാര ക്കരാറുകളും മറ്റും സാധ്യമാക്കുന്നതിനുള്ള സമയമാണ് ഡിസംബർ 31 ന് അവസാനിക്കുന്നത്. രണ്ടു രാജ്യങ്ങൾ തമ്മിൽ പ്രത്യേക വ്യാപാരക്കരാർ ഇല്ലെങ്കിൽ ലോക വ്യാപാര സംഘടനയുടെ (ഡബ്ല്യുടിഒ) വ്യാപാര വ്യവസ്ഥകളാണു ബാധകമാവുക. പുതിയ കരാറായില്ലെങ്കിൽ ഇ.യു-യിൽ നിന്നു ബ്രിട്ടനിലേക്കുള്ള ഇറക്കുമതിക്കു പുതിയ തീരുവകൾ നിലവിൽ വരും. ഇതു ബ്രിട്ടനിൽ വിലക്കയറ്റത്തിനു കാരണമാകും. തിരിച്ച്, ബ്രിട്ടനിൽ നിന്നുള്ള ഉൽപന്നങ്ങൾക്ക് ഇയു രാജ്യങ്ങൾ പുതിയ തീരുവ ഈടാക്കും. ഇത് ബ്രിട്ടന്റെ കയറ്റുമതിയെയും ബാധിക്കും.

നിലവിൽ ബ്രിട്ടനിലേക്കുള്ള ഇറക്കുമതിയുടെ 80% ഇ യു രാജ്യങ്ങളിൽ നിന്നാണ് . ഇതിനു പുതിയ തീരുവ വരുമ്പോൾ ബ്രിട്ടനിലെ ജനങ്ങൾക്കു 300 കോടി പൗണ്ടിന്റെ (29,500 കോടി രൂപ) ബാധ്യത വരും. ഇ.യുവിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന 85% ഭക്ഷ്യോൽപന്നങ്ങൾക്കും 5 ശതമാനത്തിലേറെ അധിക നികുതി വരും. 35% വിലക്കയറ്റം ഉണ്ടാകും.

കരാറില്ലാ ബ്രക്സിറ്റ് ഇന്ത്യൻ സംരംഭകർക്കും സന്തോഷകരമാകില്ല. ഇന്ത്യക്കാരുടെ ഉടമസ്ഥതയിലുള്ള എണ്ണൂറോളം കമ്പനികൾ ബ്രിട്ടനിലുണ്ട്. (ഇവിടെ 1.10 ലക്ഷം തൊഴിലാളികളുണ്ട്) ഇവ യൂറോപ്യൻ വിപണി മനസിൽക്കണ്ടു മുതൽ മുടക്കിയതാണ്.

ലണ്ടനിൽ ജനം പായ്ക്കറ്റിലുള്ള ഭക്ഷണ സാധനങ്ങളും മറ്റ് യൂറോപ്യൻ ഉൽപന്നങ്ങളും വാങ്ങി സ്റ്റോക്ക് ചെയ്യാൻ പരക്കം പായുകയാണ്. യൂറോപ്യൻ യൂണിയനുമായി വ്യാപാരക്കരാർ ഇതുവരെ ഉണ്ടാക്കാൻ കഴിയാത്തതിനാൽ ജനുവരി 1 മുതൽ യൂറോപ്പിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സർവതിനും നികുതിയും വിലയും കൂടും. പലതും കിട്ടാതാവും. അതാണ് ബിയർ പോലും വാങ്ങിക്കൂട്ടുന്നത്.

ബ്രിട്ടന്റെ പതനമേ! സൂര്യനസ്തമിക്കാത്ത സാമ്രാജ്യം. ലോകത്ത് ഏറ്റവും വിജയിച്ച രാജ്യം! ബ്രിക്സിറ്റിൽ തുടങ്ങിയത് ഇനി സ്കോട്ലൻഡും വടക്കൻ അയർലൻഡും കൂടി എക്സിറ്റ് ചെയ്യുന്നതിലെത്തുമോ? ലോക ധനകാര്യ തലസ്ഥാനങ്ങളിൽ പ്രധാനമെന്ന ലണ്ടൻ നഗരത്തിന്റെ പ്രതാപം പൊലിയുന്നു. ബിസിനസിന്റെ യൂറോപ്യൻ ഹബ്ബായി ലണ്ടനിൽ ആസ്ഥാനം ഉറപ്പിച്ചിരുന്ന വൻ ബഹുരാഷ്ട്ര കമ്പനികൾ സ്ഥലം വിടുകയാ




**ബ്രിട്ടന്റെ പതനമേ! സൂര്യനസ്തമിക്കാത്ത സാമ്രാജ്യം. ലോകത്ത് ഏറ്റവും വിജയിച്ച രാജ്യം! ബ്രിക്സിറ്റിൽ തുടങ്ങിയത് ഇനി സ്കോട്ലൻഡും വടക്കൻ അയർലൻഡും കൂടി എക്സിറ്റ് ചെയ്യുന്നതിലെത്തുമോ? ലോക ധനകാര്യ തലസ്ഥാനങ്ങളിൽ പ്രധാനമെന്ന ലണ്ടൻ നഗരത്തിന്റെ പ്രതാപം പൊലിയുന്നു.**

ണ്. ഓഫീസുകൾ ഒഴിയുന്നു. ആയിരക്കണക്കിനു ജോലികൾ ഇല്ലാതായി. ലക്ഷക്കണക്കിനു കോടി ഡോളറിന്റെ ആസ്തികളും ലണ്ടൻ വിട്ടു. ബാങ്കുകൾ ധനകാര്യ ആസ്തികൾ ജർമനിയിലേക്കും മറ്റും മാറ്റി. കോവിഡും കൂടി വന്നതോടെ ലണ്ടൻ പ്രേത നഗരമായെന്നു വരെ ആളുകൾ പറയുന്നുണ്ട്.

ബ്രിട്ടന്റേതായി ലോകം കണ്ടിരുന്ന വിസ്മയങ്ങളൊക്കെ നേരത്തെ തന്നെ വിറ്റുപോയി. സ്വകാര്യവൽക്കരിച്ചപ്പോൾ പുറത്തുള്ള പലരും വാങ്ങി. ബ്രിട്ടീഷ് എയർവെയ്സ്, ബ്രിട്ടീഷ് ടെലികോം, ബ്രിട്ടീഷ് റെയിൽ.. ലണ്ടനിലെ ഹീത്രോ വിമാനത്താവളത്തിന് സ്പാനിഷ്, ഖത്തർ ഉടമസ്ഥരുണ്ട്. പ്രമുഖ ഫുട്ബാൾ ക്ലബ്ബുകൾ പോലും ബ്രിട്ടീഷുകാരന്റെ സ്വന്തമല്ല. ●

# കാർഷിക ബിൽ

# ചെറുകിട വ്യാപാര മേഖലയെ തകർക്കും !




**അഡ്വ. പി. സജി**

ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഷോപ്സ് & കൊമേഴ്സ്യൽ എംപ്ലോയീസ് ഫെഡറേഷൻ (സിഐടിയു)




**ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖലയുടെ നട്ടെല്ല് ഒടിക്കുന്നതാണ് പുതിയ കാർഷിക ബിൽ. അവശ്യസാധന ഭേദഗതി നിയമം നടപ്പിൽ വരുന്നതോടെ ചെറുകിട വ്യാപാരമേഖല പൂർണ്ണമായും തകർന്ന് ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ ജീവിതം വഴിയാധാരമാകും.**

നരേന്ദ്രമോദി ഗവർമെന്റ് പാസ്സാക്കിയ കാർഷിക ബിൽ ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖലയുടെ നട്ടെല്ല് ഒടിക്കും. കാർഷിക മേഖല കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും അധികം ആളുകൾ തൊഴിലിനായി ആശ്രയിക്കുന്ന ചെറുകിട വ്യാപാര മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്നതാണ് കാർഷിക ബില്ലിലെ 'അവശ്യസാധനഭേദഗതി നിയമം'. അവശ്യസാധന ഭേദഗതി നിയമം നടപ്പിൽ വരുന്നതോടെ ചെറുകിട വ്യാപാരമേഖല പൂർണ്ണമായും തകർന്ന് ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികളുടെ ജീവിതം വഴിയാധാരമാകും. നാട്ടിൻ പുറത്തും, ഗ്രാമങ്ങളിലും പട്ടണങ്ങളിലുമായി ലക്ഷക്കണക്കിനു പേരാണ് ഭക്ഷ്യവസ്തുക്കളും, മറ്റ് ആവശ്യസാധനങ്ങളും വിപണനം നടത്തുന്ന ചെറുകിട വ്യാപാര സ്ഥാപനങ്ങൾ നടത്തി തൊഴിൽ ലഭ്യത സൃഷ്ടിക്കുന്നത്.

## കുത്തകകൾക്ക് വേണ്ടിയുള്ള നിയമനിർമ്മാണം.

1. പ്രൈസ് അഷ്വറൻസ് & സർവ്വീസസ് ബിൽ, 2. ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് & കൊമേഴ്സ് ബിൽ. 3. അവശ്യ സാധനഭേദഗതി നിയമം എന്നീ 3 ബില്ലുകളാണ് 2020 സെപ്തംബറിൽ വേണ്ടത്ര കൂടി ആലോചനയോ, ചർച്ചകളോ കൂടാതെ ഇന്ത്യയിലെ എല്ലാ ജനാധിപത്യ അവകാശങ്ങളും കാറ്റിൽപ്പറത്തിക്കൊണ്ട് റിലയൻസ് ഉൾപ്പടെയുള്ള കുത്തക കമ്പനികളുടെ ഇംഗിതത്തിനു വഴങ്ങി നരേന്ദ്രമോദി ഗവർമെന്റ് പാസ്സാക്കി എടുത്തത്. ഇതിൽ മൂന്നാമത് സൂചിപ്പിച്ച അവശ്യ സാധനഭേദഗതി നിയമമാണ് ചെറുകിട വ്യാപാര മേഖലയെ തകർക്കാൻ പോകുന്നത്.



അവശ്യസാധന ഭേദഗതി നിയമം നടപ്പിലാക്കപ്പെടുമ്പോൾ ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖല പൂർണ്ണമായും തകർത്തെറിയപ്പെടും. റിലയൻസ് ഉൾപ്പെടെയുള്ള കുത്തക കമ്പനികളുടെ റീട്ടെയിൽസ് ശൃംഖല വളരെ വിപുലമാണ്. കുത്തക കമ്പനികളായ റിലയൻസ്, ആമസോൺ, വാൾമാർട്ട്, മോർ എന്നിങ്ങനെയുള്ള റീട്ടെയിൽസ് ശൃംഖലയുടെ അഭൂത പൂർവ്വമായ വളർച്ചയാണ് മോദി ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നത്.

## അവശ്യ സാധന ഭേദഗതി നിയമം (Essential Commodities (Amendment) Bill, 2020)

അവശ്യസാധന ഭേദഗതി നിയമം ചെറുകിട വ്യാപാരമേഖലയെ പൂർണ്ണമായും തകർക്കും. വിപണി കയ്യടക്കാൻ കുത്തകൾക്ക് അവസരമൊരുക്കുന്നതിന് വേണ്ടിയാണ് ഈ നിയമം കേന്ദ്രഗവർമെന്റ് കൊണ്ടുവന്നിട്ടുള്ളത്.

1955ൽ പാസ്സാക്കിയ ആവശ്യ സാധന നിയമം (Essential Commodities Act (ECA) ഇന്ത്യയിൽ നിലവിലുണ്ട്. ഈ നിയമം അനുസരിച്ച് അവശ്യ സാധനങ്ങളായ അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ, ഉള്ളി, ഭക്ഷ്യ എണ്ണ, കിഴങ്ങ് തുടങ്ങിയ ഭക്ഷ്യ വസ്തുക്കൾ നിശ്ചിത അളവിൽ കൂടുതൽ സംഭരിക്കാൻ കഴിയില്ല. പൂഴ്ത്തി വയ്പ്പാനോ, കൃത്രിമ സൃഷ്ടിക്കാനോ അനുവദിക്കുന്നില്ല. തന്മൂലം വ്യാപാര കുത്തകകൾക്ക് പൂഴ്ത്തിവയ്പ്പും, കരിച്ചന്തയും നടത്താൻ സാധിക്കില്ല.

ഇത് മറികടന്ന് കുത്തക കമ്പനികൾക്ക് പൂർണ്ണമായും വിപണി കയ്യടക്കാനാണ് അവശ്യസാധന ഭേദഗതി നിയമം (Essential Commodities (Amendment) Bill, 2020) സൃഷ്ടിക്കപ്പെട്ടത്.

2020 സെപ്തംബർ 14ന് ലോക്സഭയിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് സഹ മന്ത്രി ബിൽ അവതിരിപ്പിച്ച് സെപ്തംബർ 15ന് പാസ്സാക്കി. ധാന്യങ്ങൾ, പയറു വർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ, ഭക്ഷ്യ എണ്ണകൾ, സവാള, കിഴങ്ങ് തുടങ്ങിയ ചരക്കുകൾ അവശ്യ വസ്തുക്കളുടെ പട്ടികയിൽ നിന്ന് നീക്കം ചെയ്യാനുള്ള വ്യവസ്ഥകളുള്ളതാണ് പുതിയ ഭേദഗതി നിയമം. ചരക്ക് ഉൽപ്പാദിപ്പിക്കാനും എത്രവേണമെങ്കിലും കൈവശം വയ്ക്കാനും വിതരണം ചെയ്യാനുമുള്ള അവകാശം കോർപ്പറേറ്റുകൾക്ക് ലഭ്യമാക്കി. മത്സരാധിഷ്ടത വിപണിക്ക് അവസരം നൽകി.

കരാർകൃഷി വഴി പൂർണ്ണമായും ഭക്ഷ്യധാന്യങ്ങളും മറ്റ് അവശ്യ വസ്തുക്കളുടെയും മൊത്ത സംഭരണം പുതിയ നിയമമനുസരിച്ച് കുത്തകകളുടെ നിയന്ത്രണത്തിലാകും. കുത്തക കമ്പനികൾക്ക് ഭക്ഷ്യ സാധനങ്ങൾ യഥേഷ്ടം അവരുടെ ഗോഡൗണുകളിൽ ക്രമാതീതമായി സംഭരിച്ചു വയ്ക്കാൻ കഴിയും എന്നുള്ളത് അപകടകരമായ സ്ഥിതിയാണ് ഇന്ത്യയിൽ ഉളവാക്കാൻ പോകുന്നത്. FCI നോക്കുകുത്തിയാവും.

## ചെറുകിട വ്യാപാര സ്ഥാപനങ്ങൾ പൂട്ടപ്പെടും

അവശ്യസാധന ഭേദഗതി നിയമം നടപ്പിലാക്കപ്പെടുമ്പോൾ ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖല പൂർണ്ണമായും തകർത്തെറിയപ്പെടും. റിലയൻസ് ഉൾപ്പെടെയുള്ള കുത്തക കമ്പനികളുടെ റീട്ടെയിൽസ് ശൃംഖല വളരെ വിപുലമാണ്. റിലയൻസ്, ആമസോൺ, വാൾമാർട്ട്, മോർ എന്നിങ്ങനെയുള്ള റീട്ടെയിൽസ് ശൃംഖലയുടെ അഭൂത പൂർവ്വമായ വളർച്ചയാണ് സമീപകാലത്ത് നമുക്ക് കാണാൻ

കഴിയുന്നത്. ഓൺലൈൻ പ്ലാറ്റ്ഫോം ഒരുക്കി ഇവരുടെ റീട്ടെയിൽസ് ശൃംഖല വർധിപ്പിച്ച് വിപണി പൂർണ്ണമായി കയ്യടക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഓൺലൈൻ പ്ലാറ്റ് ഫോം തിരഞ്ഞെടുക്കുന്നത് തൊഴിലാളികളുടെ ജോലി സാധ്യത തകർത്ത് ലാഭം കൂടുതൽ കൊയ്യുന്നതിനു വേണ്ടിയാണ്. ചില്ലറ വ്യാപാര മേഖലയിൽ കേന്ദ്രഗവർമെന്റ് 100% വിദേശ നിക്ഷേപം ഏർപ്പെടുത്തിയതു വഴിയും, റിലയൻസ്, ആമസോൺ, വാൾമാർട്ട്, മോർ തുടങ്ങിയ ശൃംഖലയുടെയും അവരുടെ ഓൺലൈൻ പ്ലാറ്റ്ഫോമിന്റെ വിപുലീകരണത്തെ തുടർന്നും ലക്ഷക്കണക്കിന് ചെറുകിട വ്യാപാര സ്ഥാപനങ്ങൾ ഇതിനകം അടച്ചുപൂട്ടപ്പെട്ടിട്ടുണ്ട്. തൻമൂലം ലക്ഷക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെട്ടു. അവശ്യസാധന ഭേദഗതി നിയമമനുസരിച്ച് രാജ്യത്ത് ഉത്പാദിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ സിംഹഭാഗവും കുത്തക കമ്പനികൾ സംഭരിക്കപ്പെടും. അതിന്റെ ഫലമായി സംഭരിച്ചു വച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അവരുടെ റീട്ടെയിൽ ഷോപ്പുകൾ വഴിമാത്രം ലഭ്യമാകും. മഹാഭൂരിപക്ഷം വരുന്ന ചെറുകിട, ഇടത്തരം വ്യാപാര സ്ഥാപനങ്ങൾ ആവശ്യത്തിന് സാധനങ്ങൾ കിട്ടാതെ ബുദ്ധിമുട്ടിലാകും. കുത്തകകൾ സംഭരിച്ചു വച്ചിരിക്കുന്ന സാധനങ്ങൾ ചെറുകിട വ്യാപാരികൾക്ക് നൽകാൻ തീരുമാനിച്ചാലും, അതിന് അവർ നിശ്ചയിക്കേണ്ട വില ചെറുകിടക്കാർ നൽകേണ്ടി വരും. ഇത് ചെറുകിട വ്യാപാര സ്ഥാപനങ്ങളും, കുത്തകകൾ നടത്തുന്ന സ്ഥാപനങ്ങളും തമ്മിലുള്ള മത്സരത്തിന് വഴി വയ്ക്കും. സാധനങ്ങൾ സംഭരിച്ചു വച്ചിരിക്കുന്ന കുത്തകകളിൽ നിന്ന് ആവശ്യത്തിന് സാധനങ്ങൾ കിട്ടാതെ വരികയും, അഥവാ സാധനങ്ങൾ നൽകിയാൽ അവർ നിശ്ചയിക്കുന്ന വില നൽകി എടുക്കേണ്ടി വരികയും ചെയ്യുമ്പോഴുള്ള മത്സരത്തിൽ പിടിച്ചു നിൽക്കാൻ കഴിയാതെ ചെറുകിട വ്യാപാര സ്ഥാപനങ്ങൾ ഇതുവഴി അടച്ചു പൂട്ടേണ്ടിവരും, സ്ഥാപന ഉടമകളും അവിടങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളും വഴിയാധാരമാകും.



അവശ്യസാധന ഭേദഗതി നിയമമനുസരിച്ച് രാജ്യത്ത് ഉത്പാദിക്കപ്പെടുന്ന ഉൽപ്പന്നങ്ങളുടെ സിംഹഭാഗവും കുത്തക കമ്പനികൾ സംഭരിക്കും. സംഭരിച്ചു വച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ അവരുടെ റീട്ടെയിൽ ഷോപ്പുകൾ വഴിമാത്രം ലഭ്യമാകും. ചെറുകിട, ഇടത്തരം വ്യാപാര സ്ഥാപനങ്ങൾ ആവശ്യത്തിന് സാധനങ്ങൾ കിട്ടാതെ പൂട്ടിപ്പോകുന്ന അവസ്ഥയാണ് വരുന്നത്.

സെയിൽസ് മേഖലയിലുള്ള തൊഴിലാളികൾക്ക് മാത്രമല്ല ജോലി നഷ്ടപ്പെടാൻ പോകുന്നത് കയറ്റിറക്ക് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെയും ഇവർ ലക്ഷ്യമിട്ടിട്ടുണ്ട്. കുത്തക കമ്പനികളുടെ ഗോഡൗണുകളിൽ നിന്ന് സാധനങ്ങൾ പായ്ക്കറ്റുകളിലാക്കി അവരുടെ റീട്ടെയിൽസ് ശൃംഖലയിലേക്ക് എത്തിക്കും. ഇതോടെ പട്ടണങ്ങളിലും മറ്റും പ്രവർത്തിക്കുന്ന ഹോൾസെയിൽ സ്റ്റോറുകളിലും, മറ്റു വ്യാപാര സ്ഥാപനങ്ങളിലും ചരക്ക് ലഭ്യമാകാതെ വരുമ്പോൾ ചരക്കുകളുടെ കയറ്റിറക്ക് ജോലി എന്നത് പൂർണ്ണമായും അവസാനിക്കും. തൊഴിലാളികളുടെ കയറ്റിറക്ക് ജോലി സാധ്യത പൂർണ്ണമായും അടയുകയാണ്.

റിലയൻസ്, അദാനി തുടങ്ങിയ കുത്തക കമ്പനികൾക്ക് വേണ്ടി ഇന്ത്യയിൽ പുതിയ നിയമങ്ങൾ സൃഷ്ടിച്ച് സർവ്വതും അപഹരിക്കാൻ തയ്യാറായ ഈ അവസരത്തിൽ കരയ്ക്കിരുന്ന് കളികാണുകയെന്ന സമീപനം സ്വീകരിക്കുകയല്ല വേണ്ടത്, മറിച്ച് കർഷക സമരത്തെ സമസ്ത ജനവിഭാഗങ്ങളും, തൊഴിലാളികളും സഹായിക്കാൻ തയ്യാറാവണം. കേരളത്തിലെ ഗവർമെന്റിനെ കുറ്റംപറഞ്ഞ് സമരങ്ങൾ സംഘടിപ്പിക്കുന്ന വ്യാപാരികളുടെ സംഘടന മൗനം അവസാനിപ്പിച്ച് ചെറുകിട വ്യാപാര മേഖലയുടെ നിലനിൽപ്പിനായി കർഷകരോടൊപ്പം ചേർന്ന് സമരത്തിന്റെ ഐക്യനിരയിൽ പങ്കാളികളാവണം. വാണിജ്യവ്യാപാരമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഈ മേഖലയുടെ നിലനിൽപ്പിനായുള്ള ജീവിത സമരത്തിന് തയ്യാറെടുക്കുകയാണ്. ●

# ചരിത്രം രചിച്ച ഗ്രീക്ക് തൊഴിലാളികൾ

**2020 നവംബർ 26 ഗ്രീസിലെ തൊഴിലാളികൾ പുതിയ സമര ചരിത്രം രചിച്ചു. ഇന്ത്യയിലെ തൊഴിലാളികൾക്കൊപ്പം നവലിബറൽ സാമ്പത്തിക നയങ്ങൾക്കെതിരെ, മഹാമാരി പടർത്തിയ ദുരിതങ്ങൾ വളർത്തിയ ഭരണാധികാരികൾക്കെതിരെ, കൂലിക്കും, ഭക്ഷണത്തിനും വേണ്ടി പോരാട്ടം ശക്തിപ്പെടുത്തി.**

2020 നവംബർ 26 ഇന്ത്യയിലെ തൊഴിലാളി കർഷക സമര ചരിത്രത്തിൽ പുതിയ അധ്യായം എഴുതിച്ചേർത്തു. ജീവിതവും സമ്പദ്ഘടനയും തകർക്കുന്ന ഭരണകൂട നയങ്ങൾക്കെതിരെ ഇന്ത്യയിൽ മാത്രമല്ല ലോക രാജ്യങ്ങളിലാകെ പോരാട്ടം ശക്തിപ്പെടുകയാണ്. 2020 നവംബർ 26 ഗ്രീസിലെ തൊഴിലാളികൾ പുതിയ സമര ചരിത്രം രചിച്ചു. ഇന്ത്യയിലെ തൊഴിലാളികൾക്കൊപ്പം നവലിബറൽ സാമ്പത്തിക നയങ്ങൾക്കെതിരെ, മഹാമാരി പടർത്തിയ ദുരിതങ്ങൾ വളർത്തിയ ഭരണാധികാരികൾക്കെതിരെ, കൂലിക്കും, ഭക്ഷണത്തിനും വേണ്ടി പോരാട്ടം ശക്തിപ്പെടുത്തി. തൊഴിലാളികൾ, കർഷകർ, അധ്യാപകർ, ഡോക്ടർമാർ, വിദ്യാർത്ഥികൾ, യുവാക്കൾ തുടങ്ങി സമൂഹത്തിന്റെ എല്ലാ തുറകളിൽ നിന്നും വർധിച്ച പങ്കാളിത്തമാണ് പണിമുടക്കിൽ ഗ്രീസിലാകെ ദൃശ്യമായത്. പണിമുടക്കിൽ ഗ്രീസ് നിശ്ചലമായി. ആരോഗ്യം, വിദ്യാഭ്യാസം, പൊതുഗതാഗതം, തൊഴിലില്ലായ്മ തുടങ്ങിയ മർമ്മപ്രധാന മേഖലകളിൽ ഭരണകൂടത്തിന്റെ ക്രിയാത്മക ഇടപെടലും പരിഹാരങ്ങളും ആവശ്യപ്പെട്ടാണ് പോരാട്ടം തുടരുന്നത്.

ഗ്രീസിന്റെ വിവിധ ഭാഗങ്ങളിൽ, തൊഴിൽശാലകളിൽ, പൊതുഇടങ്ങളിൽ കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് പ്രതിഷേധ പ്രകടനങ്ങൾ നടന്നത്. പ്രധാന നഗരങ്ങളായ Thessaloniki, Patras, Chalkida, Grevena, Chania, Anthousa, Lesvos, Preveza, Alexandroupolis, Kastoria, Larissa, Rethymno, Thesprotia, Arta, Kozani, Kos, Naoussa, Piraeus എന്നിവിടങ്ങളിൽ അതിശക്തമായ പ്രതിഷേധം അരങ്ങേറി. Thessalonik പട്ടണത്തിലെ പ്രകടനമുകളിലെ ഫോട്ടോ കണ്ടുവല്ലോ. കടലുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കപ്പൽ ജോലിക്കാർ, മത്സ്യ തൊഴിലാളികൾ, മറ്റു ജീവനക്കാർ പണിമുടക്കിൽ അണിചേർന്നു മന്ത്രാലയത്തിനു മുന്നിൽ പ്രതിഷേധപ്രകടനം നടത്തി.

മഹാമാരി കാലത്തു പിരിച്ചുവിടപ്പെട്ടവർ ഉൾപ്പെടെ തൊഴിലില്ലാത്തവർക്ക് എത്രയും പെട്ടെന്ന് ആശ്വാസ നടപടികൾ ലഭ്യമാക്കണം എന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു. ബാങ്ക് വായ്പകൾക്ക് സാവകാശം ലഭിക്കണം. ക്വാറന്റൈനിൽ കഴിയുന്നവർക്ക് സൗജന്യമായി ഭക്ഷണം, മരുന്ന്, വൈദ്യുതി, വാർത്താവിനിമയ സൗകര്യങ്ങൾ, കുടിവെള്ളം എല്ലാം ലഭ്യമാക്കണം. ആശുപത്രികളിൽ കൂടുതൽ കിടക്ക, മരുന്ന്, ജീവനക്കാർ, ഭൗതിക സാഹചര്യങ്ങൾ എല്ലാം സജ്ജമാക്കണം. അധ്യാപകരും രക്ഷിതാക്കളും വിദ്യാർത്ഥികളും സ്കൂളുകളിൽ കൂടുതൽ ശുചീകരണ തൊഴിലാളികളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു ക്ലാസ്സ് മുറിയിൽ വിദ്യാർത്ഥികളുടെ എണ്ണം 15 ആയി പരിമിതപ്പെടുത്തണം. രോഗവ്യാപനം തടയാൻ എല്ലാ മുൻകരുതലും ഉറപ്പുവരുത്തണം.



## ഇന്ത്യൻ കർഷകസമരം

# സ്വാതന്ത്ര്യാനന്തര ഇന്ത്യ കണ്ട ഏറ്റവും വലിയ ദേശീയ ജനകീയസമരം

**ഇന്ത്യൻ കാർഷിക മേഖലയെ ഭരണാധികാരവർഗ്ഗം കോൺട്രാക്ട്വൽക്കരിക്കാനും കോർപ്പറേറ്റ്വൽക്കരിക്കാനും ഇന്ത്യനും വൈദേശീകവുമായ ധനകുത്തകളുടെ പിടിയിൽ ഒതുക്കാനും ഏറെക്കാലമായി സ്വപ്നം കണ്ടുവരിക യായിരുന്നു. എന്നാൽ കോവിഡ് 19 ന്റെ മറവിൽ ഈ മൂന്നു കാർഷിക നിയമങ്ങളും പാസ്സാക്കി മോദി ഗവൺമെന്റ് അതിന് വഴിയൊരുക്കുകയാണ് ചെയ്യുന്നത്.**



**എൻ.പത്മലോചനൻ**

കൊടും തണുപ്പിലും ഇന്ത്യൻ തലസ്ഥാനമായ ഡൽഹിയിൽ പ്രധാനമന്ത്രി മോദിയുടെ ഇരിപ്പിടത്തിൽ കർഷകസമരത്തിന്റെ തീജ്വാല ഉയരുകയാണ്. സിൻഘു കേന്ദ്രീകരിച്ചുള്ള സമരത്തിന്റെ ദൈർഘ്യം ദേശീയപാതയിൽ 30 കിലോ മീറ്ററോളം നീളുകയാണ് 21 ദിവസത്തിനിടെ മരിച്ചത് 21 കർഷകരാണ്.കൽക്കത്തയിൽ നടന്ന കർഷക ഐക്യറാലിയിൽ 30000 ലേറെ പേർ പങ്കെടുത്തു.മുംബൈ ഡിസംബർ 22 ന് വിപുലമായ സംഗമം നടത്തും. ഇന്ത്യ രാജ്യത്തിന്റെ എല്ലാ കോണുകളിലും ഭരണരാഷ്ട്രീയ വ്യത്യാസമില്ലാതെ കൊറോണയുടെ ഭീതിജനകമായന്തരീക്ഷത്തിലും വലതും ചെറുതുമായ പ്രതിഷേധ പ്രകടനങ്ങൾ നടക്കുകയാണ്.

സുപ്രീം കേടതിയിൽ ചീഫ് ജസ്റ്റീസ് അദ്ധ്യക്ഷനായ മൂന്നംഗ ബഞ്ച് കർഷക സമരം തടസ്സങ്ങളില്ലാതെ തുടരട്ടെ എന്നും നിലവിലെ സാഹചര്യത്തിൽ സമരം തുടരാൻ സമരക്കാരെ അനുവദിക്കണമെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായം ഇടക്കാല ഉത്തരവിൽ പ്രകടമാക്കി.പുതിയ മൂന്ന് കർഷക നിയമങ്ങൾ ഉടൻ നടപ്പിലാക്കില്ലെന്ന് ഉറപ്പു നൽകി കൂടെ എന്നും മോദി ഗവൺമെന്റിനോട് സുപ്രീംകോടതി അഭിപ്രായം ആരാഞ്ഞിരിക്കുന്നു. ഡൽഹി അതിർത്തിയിൽ സമരം തുടരുന്ന കർഷകരെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ പരിഗണിക്കുകയായിരുന്നു കോടതി. വഴി തടഞ്ഞുള്ള സമരം കർഷകർ അവസാനിപ്പിക്കണമെന്നുംസമരത്തെ തുടർന്ന് കോവിഡ് വ്യാപിക്കുകയാണെന്നും അറ്റോർണി ജനറൽ വാദിച്ചു. എന്നാൽ സമരം ചെയ്യാനുള്ള കർഷകരുടെ മൗലികാവകാശം അംഗീകരിക്കുന്നു എന്ന് സുപ്രീംകോടതി ബഞ്ച് വ്യക്തമാക്കി, പക്ഷേ പ്രക്ഷോഭം സമാധാനപരമായിരിക്കണം എന്ന് വ്യക്തമാക്കി. സമാധാനപരമായി ഡൽഹിയിൽ പ്രതിഷേധം നടത്താനാണ് ആഗ്രഹിക്കുന്നതെന്ന് പഞ്ചാബ് സംസ്ഥാന ഗവൺമെന്റിനു വേണ്ടി ഹാജരായ പി.ചിദംബരം വ്യക്തമാക്കി.

കർഷകസമര പശ്ചാത്തലം സവിശേഷ പ്രത്യേകതകളുള്ളതാണ്.കേന്ദ്ര ഗവൺമെന്റ് മൂന്നു പുതിയ കാർഷിക നിയമങ്ങളാണ് നടപ്പാക്കാൻ ശ്രമിക്കുന്നത്. 1. ദി ഫാർമേഴ്സ് പ്രൊഡകട്സ് ട്രെയിഡ് ആന്റ് കോമേഴ്സ് ബിൽ2020. 2. ദി ഫാർമേഴ്സ് എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് ആന്റ് ഫാം സർവീസസ്സ്




ബിൽ 2020. 3. എസ്സൻഷ്യൽ കമ്മോഡിറ്റീസ് ബിൽ 2020 മാണ്.കാർഷിക ഉല്പന്നങ്ങൾ വാങ്ങുന്നതിലും വിൽക്കുന്നതിലും ഉള്ള നിയന്ത്രണങ്ങൾക്ക് 1955 ലെ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പ്രകാരം കാർഷിക വിളകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനും വ്യവസ്ഥ ചെയ്യുന്നതാണ് ഈ മൂന്നു പുതിയ കാർഷിക നിയമങ്ങൾ.

ഈ നിയമങ്ങൾ കടലാസ് മറിക്കുന്ന രീതിയിലുള്ള ലാഘവത്തോടുകൂടിയാണ് പാസാക്കി നടപ്പിലാക്കിയത് . ഈ മൂന്നു നിയമങ്ങളും സെപ്റ്റംബർ 14 ന് ലോകസഭയിൽ അവതരിപ്പിച്ചു. രാജ്യസഭയിൽ സെപ്റ്റംബർ 20നും അവതരിപ്പിച്ചു. രണ്ടും സഭകളിലും ബില്ലിനെ പറ്റിയുള്ള ചർച്ചകൾ നടന്നില്ല. രാജ്യസഭയിൽ ചർച്ച തടയാൻ സി.പി.എം. നേതാവ് സ: ഇളമരം കരീം ഉൾപ്പെടെ ഉള്ള 8 പ്രതിപക്ഷഎം.പി.മാരെ രാജ്യസഭയിൽ നിന്നും സസ്പെന്റ് ചെയ്തു. സെപ്റ്റംബർ 24 ന് ഇന്ത്യൻ പ്രസിഡന്റ് ബില്ലുകൾക്ക് അംഗീകാരം നൽകി. സെപ്റ്റംബർ 27 ന് ഗസറ്റ് നോട്ടീഫിക്കേഷൻ വഴി നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തി ഇന്ത്യൻ പാർലമെന്റ് ചരിത്രത്തിൽ ഇത്തരം ലാഘവബുദ്ധിയോടുകൂടി കുട്ടികളുടെ കളിതമാശയുടെ രൂപത്തിൽ ഒരു നിയമം പാസ്സാക്കിയിട്ടില്ല.

ലോകത്തെ ഏറ്റവും വലിയ കാർഷിക മേഖലയായ ഇന്ത്യൻ കാർഷിക മേഖലയെ ഇന്ത്യൻ ഭരണാധികാരവർഗ്ഗം കോൺട്രാക്ട്വൽക്കരിക്കാനും കോർപ്പറേറ്റ്വൽക്കരിക്കാനും ഇന്ത്യനും വൈദേശീകവുമായ ധനകുത്തകളുടെ പിടിയിൽ ഒതുക്കാനും ഏറെക്കാലമായി സ്വപ്നം കണ്ടുവരികയായിരുന്നു. അതിനുള്ള പരിശ്രമങ്ങൾ പല രാഷ്ട്രീയകാരണങ്ങളാലും നടപ്പിൽ വരുത്താൻ കഴിഞ്ഞിരുന്നില്ല.എന്നാൽ കോവിഡ്19 ന്റെ ഭയാനകമായ അന്തരീക്ഷത്തിൽ ജനശ്രദ്ധയിൽപെടാതെ ഈ മൂന്നു കാർഷിക നിയമങ്ങളും പാസ്സാക്കി എടുക്കുകയാണുണ്ടായത്.



**തൊഴിൽ മേഖലയിലാകെ പണിയെടുക്കുന്നവരെ കൂലി അടിമകളാക്കിയ 4 ലേബർ കോഡുകളും നിയമമാക്കിയത് ഈ കോവിഡ് കാലാവസ്ഥയിലാണ്. ട്രേഡ് യൂണിയനുകൾ, വ്യവസായസ്ഥാപനങ്ങളിൽ പാലിക്കേണ്ട തൊഴിൽ വ്യവസ്ഥകൾ, വ്യവസായശാലയുമായി ബന്ധപ്പെട്ട പരിശോധനകൾ,തൊഴിൽ തർക്കങ്ങളിലെ ഒത്തുതീർപ്പ് എന്നിവയുമായി ബന്ധപ്പെട്ടതും കഠിനമായ പോരാട്ടങ്ങൾ വഴി ഇന്ത്യൻ തൊഴിലാളി വർഗ്ഗം നേടി എടുത്തതുമായ 29 തൊഴിൽ മേഖലനിയമങ്ങൾ ഉൾപ്പെടെ 44 വ്യവസായമേഖലാ തൊഴിൽ നിയമങ്ങൾ ഇല്ലായ്മ ചെയ്താണ് 4 ലേബർ കോഡുകൾക്കു രൂപം നൽകിയത് എന്ന് ഓർക്കണം.**

കോവിഡിന്റെ അന്തരീക്ഷം കാർഷിക മേഖലാ നിയമങ്ങൾ മാത്രമല്ല പാസ്സാക്കാൻ ഉപയോഗിച്ചത് എന്നു കാണണം.തൊഴിൽ മേഖലയിലാകെ പണിയെടുക്കുന്നവരെ കൂലി അടിമകളാക്കിയ 4 ലേബർ കോഡുകളും നിയമമാക്കാനായത് ഈ കോവിഡ് കാലാവസ്ഥയിലാണ്. ട്രെഡ് യൂണിയനുകൾ, വ്യവസായസ്ഥാപനങ്ങളിൽ പാലിക്കേണ്ട തൊഴിൽ വ്യവസ്ഥകൾ, വ്യവസായശാലയുമായി ബന്ധപ്പെട്ട പരിശോധനകൾ,തൊഴിൽ തർക്കങ്ങളിലെ ഒത്തുതീർപ്പ് എന്നിവയുമായി ബന്ധപ്പെട്ടതും ദശാബ്ദങ്ങൾ നീണ്ടുനിന്ന കഠിനമായ പോരാട്ടങ്ങൾ വഴി ഇന്ത്യൻ തൊഴിലാളി വർഗ്ഗം നേടി എടുത്തതുമായ 29 തൊഴിൽമേഖലനിയമങ്ങൾ ഉൾപ്പെടെ 44 വ്യവസായമേഖലാ തൊഴിൽ നിയമങ്ങൾ ഇല്ലായ്മ ചെയ്താണ് 4 ലേബർ കോഡുകൾക്കു രൂപം നൽകിയത് എന്ന് ഓർക്കണം.

ഡൽഹിയിൽ ഉപരോധത്തിനെത്തിയ ലക്ഷക്കണക്കായ കർഷകരെ പിൻതിരിപ്പിക്കാൻ കോവിഡ് ഭീകരാന്തരീക്ഷത്തെപ്പറ്റി ഉന്നതരായ പോലീസ് ഉദ്യോഗസ്ഥർ കൈകളിലുപയോഗിക്കാവുന്ന ഉച്ചഭാഷിണികൾ വ്യാപകമായി ഉപയോഗിച്ചു എന്നു കാണണം. എന്നാൽ ഭീകരമായ കാർഷിക ബില്ലിനെക്കാൾ ഭയാനകവും മാരണപരവുമല്ല കോവിഡ് എന്ന നിലപാടാണ് സമരോത്സുകരായ കർഷകജനത സ്വീകരിച്ചത്. ട്രാക്ടറിന്റെയും, ട്രോളിസിന്റെയും വൻനിരകളിൽ പതിനായിരങ്ങളാണ് ഓരോ ദിവസവും പഞ്ചാബ്, ഹരിയാന, ഉത്തർപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങളിൽ നിന്നും ഡൽഹിയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നത്. ഭക്ഷണ വസ്തുക്കൾ, പാകം ചെയ്യാനുള്ള സ്റ്റൗവ്,കൊടിയ തണുപ്പിനെ നേരിടാനുള്ള ബ്ലാങ്കെറ്റുകൾ,മറ്റുനിത്യോപയോഗ വസ്തുക്കൾ ചാക്കുകളിൽ നിറച്ചാണ് അവർ യാത്ര നടത്തുന്നത്.

നിരവധി ചർച്ചകൾ ഗവൺമെന്റ് തലത്തിൽ നടന്നു. ഇപ്പോഴും നടന്നു വരുന്നു. പക്ഷേ മൂന്നു കർഷക നിയമങ്ങളും പൂർണ്ണമായി പിൻവലിക്കാതെ സമരം അവസാനിപ്പിക്കില്ല എന്ന ഉറച്ച നിലപാടിലാണ് കർഷക തൊഴിലാളി സംഘടനകളും പിൻതുണയ്ക്കുന്ന ഇതര സമരസഹായശക്തികളും സ്വീകരിച്ചുവരുന്നത്.

കാർഷിക മേഖലയിലെ സമ്പത്ത് മുഴുവൻ കൊള്ളയടിക്കുന്ന ഇടനിലക്കാരെ ഒഴിവാക്കാതെ കർഷകതൊഴിലാളികൾക്കും നാമമാത്ര ചെറുകിട ഇടത്തരം കർഷകർക്കും ജീവിതം നയിക്കാൻ കഴിയാത്ത സ്ഥിതിയാണ് കാർഷികമേഖലയിലുള്ളത്. പഞ്ചാബിൽ 2015-16 ൽ നടന്ന ഒരു പഠനത്തിൽ വ്യക്തമാക്കുന്ന സ്ഥിതി വിവര കണക്കുകൾ കാണുക. വളരെ തുച്ഛമായ തുകയിൽ അല്പം കൂടുതൽ ഭൂമി മാത്രംഉള്ളവരാണ് 1/3 വിഭാഗം കൃഷിക്കാരും. രണ്ടോ മൂന്നോ

ഹെക്ടർ ഭൂമിയിൽ കൂടുതൽ ഈ വിഭാഗത്തിന് ഇല്ല. മറ്റൊരു മൂന്നിലൊന്നു വിഭാഗത്തിന് 2 മുതൽ 4 വരെ ഹെക്ടർ ഭൂമിയാണുള്ളത്. 28%ത്തിനാകട്ടെ 4മുതൽ 10ഹെക്ടർ ഭൂമി വരെയും ഉണ്ട്.വലിയതോതിൽ കൃഷി ഭൂമിയുള്ളത് 5% വരുന്ന ഭൂ ഉടമകൾക്കാണ്.താഴെ തട്ടിലെ രണ്ട് വിഭാഗത്തിനും ഉല്പന്നങ്ങൾ വാഹനങ്ങളിൽ വാടക നൽകികൊണ്ട് പോയി മെച്ചപ്പെട്ട കമ്പോളങ്ങളിൽ വിൽക്കാൻ കഴിയുന്നവരല്ല. അവർ ഉല്പന്നങ്ങൾ സ്വന്തവും പരിസരത്തുള്ളതുമായ ചെറിയ കമ്പോളങ്ങളിൽ ലഭ്യമായ വിലയ്ക്ക് വിൽക്കുകയാണ് പതിവ്. 2006 ൽ ബീഹാറിൽ കൊണ്ട് വന്ന പരിഷ്കാരത്തിന്റെ അനുഭവം ദുഖകരമാണ്. പുതിയ പശ്ചാത്തലത്തിൽ ഗ്രാമങ്ങളിൽ വാഹനങ്ങളുമായി വന്നു സംഭരിച്ച ഭക്ഷ്യ വസ്തുക്കൾ വലിയതോതിൽ ഗോഡൗണുകളിൽ സംഭരിച്ച് ഭക്ഷ്യക്ഷാമം ഉയർത്തി കൊള്ള വിലയ്ക്ക് വിറ്റു വന്ന അനുഭവങ്ങളും ഉണ്ട് ഗ്രാമീണർ മാത്രമല്ല പട്ടണവാസികളും കൊള്ള അടിക്കപ്പെടുന്ന സ്ഥിതി ആണുണ്ടായത്. പുതിയ നിയമങ്ങൾ നടപ്പിലായാൽ പട്ടണവാസികളും കാർഷിക ഉല്പന്നങ്ങൾക്കുതാങ്ങാവുന്നതിലധികം വില നൽകേണ്ട സ്ഥിതി നേരിടേണ്ടി വരും.

പട്ടണവാസികൾ ഇന്ത്യയെ സംബന്ധിച്ചിടത്തോളവും വലിയ പോഷകാഹാര കുറവു നേരിടുന്നവരാണ് ചില ആഫ്രിക്കൻ രാജ്യങ്ങളുടെ നിലവാരത്തിന്റെ ഇരട്ടി ആണ് ഇന്ത്യൻ പോഷകാഹാരക്കുറവ്. ആഗോള ദാരിദ്ര്യ നിലവാര റിപ്പോർട്ട് 2020 അനുസരിച്ച് 107 രാജ്യങ്ങളിൽ 94 മത് സ്ഥാനത്താണ് ഇന്ത്യ സ്ഥിതി ചെയ്യുന്നത്. UNFAO അനുസരിച്ച് ഇന്ത്യയിൽ 194 ദശലക്ഷം വരുന്ന ജനവിഭാഗം ദിവസപട്ടിണിക്കാരാണ്. ലോകത്തെ ഈ വിഭാഗം ദിവസ പട്ടിണിക്കാരിൽ 23% വും ഇന്ത്യയിലാണ്. ഈ സ്ഥിതി മുമ്പിൽ നിൽക്കുന്നതു കൊണ്ടാണ് ഭക്ഷ്യാവകാശ കേസിൽ സുപ്രീംകോടതി ഭക്ഷ്യാവകാശം ഭരണ ഘടനയുടെ 21ാം മൗലികാവകാശ വകുപ്പിൽ അതായത് ജീവിക്കാനുള്ള അവകാശ പട്ടികയിൽ ഉൾപ്പെടുത്തിയത്.

ഇന്ത്യ സ്വാതന്ത്ര്യം നേടിയിട്ട് 72 വർഷമായി. ഇപ്പോഴും പട്ടിണി മരണങ്ങളുടെ നാടായി തുടരുന്നു. ഇന്ത്യ ഭക്ഷ്യ സ്വയം പര്യാപ്തത ഉള്ള രാജ്യമാണെന്ന് കുറച്ചു നാൾ മുമ്പേ അവകാശപ്പെടുന്നു. ഇന്ത്യയ്ക്ക് ആവശ്യമുള്ള ഭക്ഷ്യധാന്യത്തെക്കാൾ അധികം ഉല്പാദിപ്പിക്കുന്നു എന്ന അവകാശവാദവും നിലനിൽക്കുന്നു. 2018-19 ൽ ഇന്ത്യ 283.37 ദശലക്ഷം ഭക്ഷ്യധാന്യം ഉല്പാദിപ്പിച്ചു എന്നാണ് കണക്ക്. ബജ്റ ഉല്പാദനത്തിൽ ലോകത്ത് 1ാം സ്ഥാനവും അരിയുടെയും ഗോതമ്പിന്റെയും ഉല്പാദനത്തിൽ 2-ാം സ്ഥാനവുമാണ് ഇന്ത്യയ്ക്കുള്ളത്.

**കാർഷിക മേഖലയിലെ സമ്പത്ത് മുഴുവൻ കൊള്ളയടിക്കുന്ന ഇടനിലക്കാരെ ഒഴിവാക്കാതെ കർഷകതൊഴിലാളികൾക്കും നാമമാത്രചെറുകിട ഇടത്തരം കർഷകർക്കും ജീവിതം നയിക്കാൻ കഴിയാത്ത സ്ഥിതിയാണ് കാർഷികമേഖലയിലുള്ളത്. മൂന്നു കർഷക നിയമങ്ങളും പൂർണ്ണമായി പിൻവലിക്കാതെ സമരം അവസാനിപ്പിക്കില്ല എന്ന ഉറച്ച നിലപാടിലാണ് കർഷക തൊഴിലാളി സംഘടനകളും പിൻതുണയ്ക്കുന്ന ഇതര സമരസഹായ ശക്തികളും സ്വീകരിച്ചുവരുന്നത്.**

മറ്റ് കാർഷിക വിഭവങ്ങളും പച്ചക്കറികളും,പഴവർഗ്ഗങ്ങളും ഇന്ത്യ അധികമായി ഉല്പാദിപ്പിക്കുന്നു എന്നും , 2018-19 ൽ ഉല്പാദനം 313 ദശലക്ഷം ആയിരുന്നു എന്നും കണക്കുകൾ പറയുന്നു.ഇതാണ് വസ്തുത എങ്കിൽ ഇന്ത്യ ഗവൺമെന്റ് ഭക്ഷ്യവസ്തു പൊതു സംഭരണ സംവിധാനവും ഭക്ഷ്യവസ്തു പൊതുവിതരണ സമ്പ്രദായവും നടപ്പിലാക്കിയാൽ അതൊരു ജീവസംരക്ഷണ മഹാസംഭവം ആകുന്നതാണ്. എന്നാൽ ഇന്നത്തെ സാഹചര്യത്തിൽ കാർഷിക ഉല്പന്നങ്ങൾക്ക് യഥാർത്ഥ ചിലവിന്റെ 50% കൂടി വർദ്ധനവു നൽകി തറവില നിശ്ചയിക്കുക.പൊതു സംഭരണവും, പൊതുവിതരണവും നിശ്ചിത വിലയ്ക്കു നടത്തി കാർഷിക മേഖലയിലെ കൃഷിക്കാരെയും, കാർഷികതൊഴിലാളികളെയും, കർഷക ജനസമൂഹത്തേയും ,പട്ടണങ്ങളിലേയും, നഗരങ്ങളിലെയും സാധാരണക്കാരെയും ഇടത്തരക്കാരെയും രക്ഷിക്കാൻ തയ്യാറാക്കുകയാണ് മോദി ഗവൺമെന്റിന്റെ മുമ്പിലുള്ള കർഷകസമരം അവസാനിപ്പാക്കാനുള്ള ഏക പോംവഴി. അതിന്റെ മുന്നോടിയായി വിഷലിപ്തമായ മൂന്നു കർഷക നിയമങ്ങൾ പിൻവലിക്കാനും തയ്യാറാകണം. തുടർന്ന് കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ തറവില,ന്യായവിലയ്ക്ക് വിത്ത്, വളം, വൈദ്യുതി,ജലം, ഉപകരണങ്ങൾ വ്യവസായികൾക്ക് സജ്ജമാക്കണം.ഈ ആവശ്യങ്ങൾക്കു വേണ്ടി ഇന്ത്യൻ കർഷകർ നടത്തുന്ന സമരം ഇന്ത്യയിലെ മുഴുവൻ ജനവിഭാഗത്തിന്റെയും ന്യായവിലയ്ക്ക് വിശപ്പടക്കാനുള്ള സമരമായി കണ്ട് പിൻതുണക്കുകയാണ് മറ്റ് എല്ലാ ജനവിഭാഗത്തിന്റെയും വിശിഷ്യ തൊഴിലാളി വർഗ്ഗത്തിന്റെയും ജനാധിപത്യ പുരോഗമന പ്രസ്ഥാനങ്ങളുടെയും കടമ എന്ന് ഓർമ്മപ്പെടുത്തുന്നു. ●

# ലോക്ഡൗൺ പിൻവലിച്ചതിന് ശേഷവും പട്ടിണി തുടരുന്നു



ലോക്ഡൗൺ പിൻവലിച്ച് ഏഴ് മാസം പിന്നിട്ടിട്ടും നല്ല ഒരു പങ്ക് ജനങ്ങൾ പട്ടിണിയിൽ തന്നെ തുടരുകയാണെന്ന് "ഭക്ഷണം അവകാശമാണ്" എന്ന സംഘടന അവരുടെ ഒരു പഠന റിപ്പോർട്ടിൽ പറഞ്ഞു. ഇന്ത്യയിലെ 11 സംസ്ഥാനങ്ങളിൽ സെപ്തംബർ ഒക്ടോബർ മാസങ്ങളിൽ നടത്തിയ പഠനത്തിലാണ് അവർ ഈ കണ്ടെത്തലുകൾ നടത്തിയത്. പട്ടിണി നിരീക്ഷണം എന്നാണ് സംഘടന ഈ പഠനത്തെ വിളിച്ചത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പട്ടിക ജാതി പട്ടിക വർഗങ്ങളുടെയും ന്യൂനപക്ഷ മതവിഭാഗങ്ങളുടെയും ഇടയിലാണ് പ്രധാനമായും പഠനം നടത്തിയത്.

പഠനം നടത്തിയ വിഭാഗങ്ങളിൽ അരിയുടെയും ഗോതമ്പിന്റെയും ഉപഭോഗത്തിൽ 25% ഇടിവുണ്ടായി. പയർ വർഗങ്ങൾ, പച്ചക്കറി തുടങ്ങിയവയുടെ ഉപഭോഗത്തിലും ഇടിവുണ്ടായതായി 73% ജനങ്ങൾ അറിയിച്ചു. കോവിഡിന് മുൻപത്തെ സ്ഥിതിയിൽ നിന്നും ഭക്ഷണത്തിൽ വലിയ ഇടിവുണ്ടായതായി 66% ജനങ്ങൾ പറഞ്ഞു.

ഉപഭോഗത്തിൽ ഇടിവു വന്നതിൽ ജാതിമത വ്യത്യാസം കാണാൻ കഴിയും. ദളിത വിഭാഗങ്ങളിൽ നാലിലൊന്നു പേരും മുസ്ലീം വിഭാഗങ്ങളിൽ നാലിനൊന്ന് പേരും ഭക്ഷണം ലഭിക്കുന്നതിൽ വിവേചനം നേരിടുന്നുണ്ടെന്ന് അറിയിച്ചു. പലർക്കും റേഷൻ കാർഡുകൾ ഇല്ലാത്തതിനാൽ പൊതുവിതരണ കേന്ദ്രത്തിൽ നിന്നും ഭക്ഷണം ലഭിക്കുന്നില്ല. ലോക്ഡൗണിന് ശേഷവും 43% പേർക്ക് ഇപ്പോഴും ഒരു വരുമാനവുമില്ല. 56% പേരുടെ വരുമാനം കോവിഡിന് മുൻപുള്ള സ്ഥിതിയിലേക്ക് എത്തിയിട്ടില്ല. 3% പേരുടെ വരുമാനവും തൊഴിലും മാത്രമാണ് കോവിഡ് മുമ്പുള്ള സ്ഥിതിയിലേക്ക് എത്തിയത്.

# ഹ്യൂമൻ ഡവലപ്മെന്റ് ഇൻഡക്സിൽ ഇന്ത്യ വീണ്ടും താഴേക്ക്

യുണൈറ്റഡ് നേഷൻസ് എല്ലാവർഷവും മനുഷ്യ വികസന സൂചിക പ്രസിദ്ധീകരിക്കാറുണ്ട്. 2020 ഡിസംബർ 16 ന്, 2019 ലെ കണക്കുകൾ പ്രസിദ്ധീകരിച്ചു. അതിൽ ഇന്ത്യയിലെ സ്ഥാനം 189 രാജ്യങ്ങളിൽ 131 മതാണ്. 2018 ൽ ഇന്ത്യയുടെ സ്ഥാനം 129 ആയിരുന്നു. ഓരോ വർഷവും ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുമ്പോൾ ഇന്ത്യയുടെ സ്ഥിതി മോശമാകുന്നതല്ലാതെ മെച്ചപ്പെടുന്നില്ല. 2019 ൽ ഇന്ത്യ നിക്കരാഗ്വ, നമീബിയ, ഭൂട്ടാൻ തുടങ്ങിയ രാജ്യങ്ങൾക്കും താഴെ 131ാം സ്ഥാനത്താണ് എത്തിയത്.

### മനുഷ്യ വികസന സൂചിക കണക്കാക്കുന്നത്

ചില പ്രധാനപ്പെട്ട സൂചികകളെ അടിസ്ഥാനപ്പെടുത്തിയാണ് ഹ്യൂമൻ ഡവലപ്മെന്റ് ഇൻഡക്സ് കണക്കാക്കുന്നത്. ആരോഗ്യത്തെ അടിസ്ഥാനപ്പെടുത്തി ആയുർദൈർഘ്യം, ശരാശരി സ്കൂളിൽ പോകുന്ന വർഷങ്ങൾ, ആളോഹരി വരുമാനവും ജീവിത നിലവാരവും തുടങ്ങിയവയാണ് പ്രധാനമായും കണക്കാക്കുന്നത്.

# കേന്ദ്ര പദ്ധതികളെ സംസ്ഥാനം നേട്ടമാക്കിയെന്ന ബിജെപിയുടെ വാദം പൊള്ള










ക്ഷേമപെൻഷൻ വിതരണവും ലൈഫ് ഭവന പദ്ധതിയുമൊക്കെ കേന്ദ്രത്തിന്റെ പദ്ധതിയാണ് എന്നാണ് ബിജെപിയുടെ വാദം. എന്നാൽ, രാജ്യത്തെ മറ്റൊരു സംസ്ഥാനത്തും കേരളത്തിലേതുപോലുള്ള പദ്ധതികൾ ഇല്ലാത്തതെന്തു കൊണ്ടാണെന്ന ചോദ്യത്തിന് അവർക്ക് മറുപടിയുമില്ല. യഥാർഥത്തിൽ സംസ്ഥാന സർക്കാരിന്റെ വിഹിതമാണ് പെൻഷൻ ഫണ്ടായാലും ലൈഫ് മിഷനായാലും റേഷനായാലും കൂടുതൽ.

### 5 ലക്ഷം പേരുടെ പെൻഷന് ഫണ്ടില്ല

നാലരവർഷത്തിൽ കേരളം ക്ഷേമ പെൻഷനുകൾക്കായി നീക്കിവച്ചത് 11,127 കോടിരൂപ, ഇതിൽ കേന്ദ്രത്തിന്റെ പണം 1218 കോടി മാത്രം. 20, 100 കോടിയും സം സ്ഥാനം കണ്ട ത്തിയത്. ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻഎസ്എപി) യിൽ വാർധക്യകാല പെൻഷനായി 14.9 ലക്ഷം പേർക്ക് കേന്ദ്രം അനുവദിക്കുന്നത് 300 മുതൽ 500 രൂപവരെ മാത്രം. ബാക്കി 900 മുതൽ 1100 രൂ പവരെ സംസ്ഥാന ഖജനാവിൽ നിന്നാണ്. ഒരുരൂപ കേന്ദ്ര സഹായമില്ലാതെ 37.5 ലക്ഷം പേർക്ക് 1400 രൂപവീതവും മാസം സംസ്ഥാനം നൽകുന്നു.

### ലൈഫ് മിഷനിൽ നാമമാത്ര തുക

പ്രധാനമന്ത്രി ആവാസ് യോജന (പിഎംഎവൈ)യെ പേരു മാറ്റി ലൈഫ് മിഷനാക്കിയെന്നാണ് പ്രചാരണം. നഗരങ്ങളിൽ ഒരുവീ ടിന് 1,50,000 രൂപയും ഗ്രാമങ്ങളിൽ 72,000 രൂപയും മാത്രമാണ് അനുവദിക്കുന്നത്. സംസ്ഥാനം നൽകുന്നത് നാലുലക്ഷം രൂപയും. 2,38,568 വീട് പൂർത്തിയാക്കി. ഇതുവരെ 8000 കോടിയിലേറെ രൂപ ചെലവിട്ട പദ്ധതിയിൽ കേ ന്ദ്ര വിഹിതമായി എത്തിയത് 881 കോടിയും.

### നെല്ലിന് സംസ്ഥാന സഹായം

ഒരുകിലോ നെല്ലിന് കേന്ദ്രം നൽകുന്നത് 18.68 രൂപ. 8.80 രൂപകൂടി ചേർത്ത് 27.48 രൂപയ്ക്കാണ് കേരളത്തിൽ സംഭരിക്കുന്നത്. എൽഡിഎഫ് സർക്കാർ വരുമ്പോൾ 21.50 രൂപയായിരുന്നു.

### നീല കാർഡിന് അരി നൽകുന്നത് സംസ്ഥാനം

എഎവൈ വിഭാഗത്തിൽ ( മഞ്ഞ റേഷൻ കാർഡ്) 5.92 ലക്ഷത്തി നും മുൻഗണനാ വിഭാഗത്തിൽ (പിങ്ക് കാർഡ്) 31.51 ലക്ഷത്തിനു മാണ് കേന്ദ്ര സഹായമുള്ളത്. മുൻഗണനേതര വിഭാഗത്തിൽ (നീല കാർഡ്) 25.04 ലക്ഷം പേർ ക്ക് സംസ്ഥാന സബ്സിഡിയിലാ ണ് റേഷൻ.



### ദേശീയപാതയ്ക്ക് നൽകി 6006.85 കോടി

ദേശീയ പാത 66 ന്റെ വികസനത്തിന് ഭൂമി ഏറ്റെടുക്കലിന് സംസ്ഥാ നം നൽകുന്നത് 6006.86 കോടി രൂപ. മറ്റൊരു സംസ്ഥാനവും ഇതിന് വിഹിതം നൽകുന്നില്ല.




### ജലജീവൻ മിഷൻ

ജലജീവൻ മിഷന്റെ 50 പകുതി ചെലവ് വഹിക്കുന്നത് സംസ്ഥാനം. കേന്ദ്ര വിഹിതം 248.76 കോടി രൂപയിൽ 101.29 കോടിയാണ്. 227.58 കോടി സംസ്ഥാന വിഹിതം അനുവദിച്ചു.

### ദുരന്തങ്ങളിലും കണ്ണടച്ചു

ഓഖി ദുരന്തത്തെ തുടർന്ന് 7340 കോടിയുടെ പ്രത്യേക സാമ്പത്തിക സഹായം കേരളം ആവശ്യപ്പെ ട്ടു. അനുവദിച്ചത് 111.7 കോടി. 2018ലെ പ്രളയത്തെ തുടർന്ന് 5616 കോടിയുടെ അടിയന്തര സഹാ യംതേടി. തന്നത് 2904.85 കോടി. 2019ലെ പ്രളയത്തിന് ഒരു സഹാ യവുമുണ്ടായില്ല. ആവശ്യപ്പെട്ടത് 2101.88 കോടി.

# അരലക്ഷമല്ല, 1.16 ലക്ഷത്തിന് തൊഴിലായി



നൂറുദിന പ്രഖ്യാപനങ്ങളിലെ തൊഴിൽ സൃഷ്ടിക്കൽ ഒരു ലക്ഷം കടന്നു. അരലക്ഷം പേർക്ക് തൊഴിൽ ലക്ഷ്യമിട്ട് മുഖ്യമന്ത്രി പ്രഖ്യാപിച്ച യജ്ഞത്തിൽ ഈ കുറിപ്പെഴുതുമ്പോൾ 1, 16,198 പേർക്ക് ജോലിയായി. 7114 പേർക്ക് സ്ഥിരം നിയമനമാണ്. കോവിഡ് പ്രതിസന്ധി മറികടക്കാൻ ഒക്ടോബർ ഒന്നിനാണ് അര ലക്ഷം പുതിയ തൊഴിൽ ലക്ഷ്യം പ്രഖ്യാപിച്ചത്. 32 ദിവസത്തിനുള്ളിൽ ഇത് പൂർത്തീകരിച്ചു. തുടർന്ന് ഒരു ലക്ഷമായി പുതുക്കിയ ലക്ഷ്യവും കാലാവധിക്കു മുമ്പേ പൂർത്തീകരിച്ചു. സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമായി 22,636 പേർക്ക് സ്ഥിരം/ താല്ക്കാലിക നിയമം നൽകി. വിദ്യാഭ്യാസ വകുപ്പിൽ അധ്യാപക, അനധ്യാപക തസ്തികകളിൽ 4962 പേർക്കാണ് സ്ഥിര നിയമനം. കെഎസ്എഫ്ഇയിൽ 1039, കെഎസ്ഇബിയിൽ 230, തദ്ദേശ സ്വം ഭരണം 156, വാണിജ്യം പൊതുമേഖലാ വ്യവസായം 169, ജയിൽ 181, ആരോഗ്യം 88, രജിസ്ട്രേഷൻ 72, പോലീസ് 65 എന്നിവയാണ് സ്ഥിരം നിയമനത്തിൽ മുന്നിൽ. സപ്ലൈകോ 7994 താൽക്കാലിക തൊഴിൽ അവസരം തുറന്നു. ആരോഗ്യ വകുപ്പിൽ 2991, തൊഴിൽ വകുപ്പ് എക്സ്ചേഞ്ച് വഴി 1521, പോലീസിൽ 682, മത്സ്യ ബന്ധനം 684, വ്യവസായം 772, കൃഷി 191, തദ്ദേശസ്വയം ഭരണ വകുപ്പിൽ 156 എന്നിവയും നിയമനത്തിൽ മുന്നിലാണ്. മറ്റു വകുപ്പുകളും സ്ഥാപനങ്ങളും 531 പേർക്കും നിയമനം നൽകി.

സംരംഭകത്വ മേഖലയിൽ 93562 തൊഴിൽ ഉറപ്പാക്കി. ലക്ഷ്യമിട്ടത് 93.25,400 ഉം. കുടുംബശ്രീ വഴി 17,071 സംരംഭങ്ങൾ വഴി 36.669 ജോലി ഉറപ്പാക്കി.

# മാറഡോണയെന്ന പാലസ്തീൻ ഡിഫൻഡർ

**ധന്യ ആബിദ്**

ഫുട്ബോൾ ഇതിഹാസം മറഡോണയുടെ വിയോഗം സൃഷ്ടിച്ച ആഘാതം വിട്ടു വരുന്നതേയുള്ളൂ. എന്നാൽ പലസ്തീനിന്റെ വിലാപങ്ങൾ കെട്ടടങ്ങുന്നില്ല. അത്രയ്ക്കു പ്രിയങ്കരനാണവർക്ക് ഡീഗോ. പെനൽടി ബോക്സിനുള്ളിൽ ആ മാന്ത്രിക ചുവടുകൾ തീർത്ത ഇന്ദ്രജാലങ്ങളാണ് ലോകത്തെവിടെയും മറഡോണയെ ആരാധകരുടെ പ്രിയങ്കരനാക്കുന്നതെങ്കിൽ പലസ്തീന് മറ്റു പലതുമാണ് അദ്ദേഹം. കണ്ണീരുണങ്ങാത്ത പലസ്തീനെ, അതിന്റെ അവകാശങ്ങളെ എന്നും നെഞ്ചൊട് ചേർത്ത അധിനിവേശ വിരുദ്ധ പോരാളിയായിരുന്നു മാറഡോണ. പലസ്തീനിന്റെ അവകാശങ്ങളെ എന്നും കാത്ത വിശ്വസ്തനായ ഡിഫൻഡർ.

ദൈവത്തിന്റെ കൈ കനിഞ്ഞ വിവാദഗോളിന്റെയും അതിന്റെ കളങ്കം മായ്ച്ച നൂറ്റാണ്ടിന്റെ അത്ഭുത ഗോളിന്റെയും ഒളിമങ്ങാത്ത ദൃശ്യങ്ങളിലാണ് ലോകം മാറഡോണയെ വീണ്ടും വീണ്ടും കാണുന്നതെങ്കിൽ അറബ് ലോകവും പലസ്തീനും അദ്ദേഹത്തിന്റെ മറ്റൊരുചിത്രമാണ് ആവർത്തിച്ചു കാണുന്നത്. മോസ്കോയിൽ പലസ്തീൻ പ്രസിഡന്റ് മഹമ്മുദ് അബ്ബാസുമായി മാറഡോണയുടെ വൈകാരികമായ കൂടിക്കാഴ്ചയുടെ ചിത്രം. 2018ൽ ലോകകപ്പിനിടെയാണത്. ഗോൾ വലകൾ കീഴടക്കിയ തന്റെ മാന്ത്രിക കാലിൽ ആരാധ്യനേതാവ് ഫിദൽ കാസ്ട്രോയുടെയും വലതുതോളിൽവിപ്ലവേതിഹാസം ഏണസ്റ്റോ ചെഗുവേരയുടെയും ചിത്രങ്ങൾ പച്ചകുത്തിയ മാറഡോണ സ്നേഹവായ്പോടെ അബ്ബാസിനെ ആശ്ലേഷിച്ചു. കൈ പല തവണ നെഞ്ചിലേക്ക് ചൂണ്ടി ആവർത്തിച്ചു പറഞ്ഞു 'പലസ്തീൻ എന്റെ ഹൃദയമാണ്'. കേട്ട മാത്രയിൽ അബ്ബാസ് ഒരിക്കൽ കൂടി മാറഡോണയെ ചേർത്തു പിടിച്ചു. അതെ, വിശ്വസിച്ച പലരും വഞ്ചന മാത്രം നൽകിയപ്പോഴും പിറന്ന നാട്ടിൽ അന്തസോടെ ജീവിക്കാൻ പലസ്തീൻ നടത്തുന്ന പോരാട്ടങ്ങൾക്ക് ലാറ്റിനമേരിക്കയുടെ ഐക്യദാർഢ്യം ഉറക്കെ പ്രഖ്യാപിക്കാൻ മടിച്ചില്ല മാറഡോണ.

'അബ്ബാസിന് ഒരു രാജ്യമുണ്ട്. ആ രാജ്യത്തിന് ഒരു അവകാശവുമുണ്ട്' മറഡോണ ഉറക്കെ വിളിച്ചു പറഞ്ഞു. ഒലീവ് ശാഖകളേന്തിയ പ്രാവുകളുടെ ചിത്രമടങ്ങിയ പെയിന്റിങ് സമ്മാനമായി നൽകിയാണ് അബ്ബാസ് മാറഡോണക്ക് നന്ദിയർപ്പിച്ചത്. 'ഞാനൊരു പലസ്തീനിയാണ്. പലസ്തീനിലെ സമാധാനമാണ് ഈ മനുഷ്യൻ ആഗ്രഹിക്കുന്നത്. പലസ്തീന്റെ പ്രസിഡന്റായ അദ്ദേഹത്തിന്റെ ആഗ്രഹം ഏറെ ശരിയുമാണ്' അബ്ബാസിനെ കണ്ട ശേഷം മാറഡോണ ഇൻസ്റ്റഗ്രാമിൽ കുറിച്ചു. വൈകാരികമായ ആ കൂടിക്കാഴ്ചയുടെ വീഡിയോ മറഡോണ തന്റെ പേജിൽ പോസ്റ്റ് ചെയ്തു. ഈ വീഡിയോ ആവർത്തിച്ച് കണ്ടാണ് പലസ്തീൻ ഇപ്പോഴും വിതുമ്പുന്നത്.




നേരത്തെ പലസ്തീനികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അർജന്റീനയുടെ ഫുട്ബോൾ ടീം ഇസ്രായേലുമായുള്ള സൗഹൃദ മത്സരം ഉപേക്ഷിച്ചതും വലിയ വാർത്തയായിരുന്നു. ജറുസലേമിൽ ഇസ്രയേലുമായി സന്നാഹമത്സരത്തിൽ കളിക്കേണ്ടതില്ലെന്ന് ലയണൽ ലയണൽ മെസ്സി ക്യാപ്റ്റനായ ടീം തീരുമാനിച്ചതിനു പ്രചോദനവും മാറഡോണയടക്കം ലാറ്റിനമേരിക്കയുടെ അധിനിവേശ വിരുദ്ധ രാഷ്ട്രീയമാണ്. ലോകമെമ്പാടുമുള്ള സമാധാനസ്നേഹികളും സാമ്രാജ്യത്വ വിരുദ്ധരുമായ മനുഷ്യർക്ക് ഏറെ ആവേശം നൽകുന്നതായിരുന്നു മെസിയുടെയും കൂട്ടരുടെയും ആ തീരുമാനം.

കായിക വിനോദത്തെ പോലും സങ്കുചിത രാഷ്ട്രീയലക്ഷ്യത്തിന് ആയുധമാക്കാൻ ഇസ്രയേൽ തയ്യാറാറാവുകയായിരുന്നു. മുൻ നിശ്ചയിച്ചതിൽ

നിന്ന് വ്യത്യസ്തമായി ജറുസലേമിലേക്ക് വേദി മാറ്റിയതാണ് വിവാദമായത്. 1948ലെ യുദ്ധത്തിൽ പലസ്തീനികൾ ഒഴിഞ്ഞുപോയ അൽ മൽഹ ഗ്രാമം ഇടിച്ചുനിരപ്പാക്കി നിർമ്മിച്ച സ്റ്റേഡിയത്തിലാണ് മത്സരം നിശ്ചയിച്ചതെന്നും ഓർക്കണം. അമേരിക്കൻ സാമ്രാജ്യത്വത്തെ നഖശിഖാന്തം എതിർക്കുന്ന, സോഷ്യലിസ്റ്റ് ക്യൂബയുടെയും വെനസ്വേലയുടെയും ആരാധകനായ ഡീഗോ മറഡോണയുടെ ശിഷ്യന്മാർ ആ മണ്ണിൽ പന്തുരുട്ടിയാൽ കാലം പൊറുക്കുമായിരുന്നില്ല. ഇസ്രയേൽ വച്ചുനീട്ടിയ പ്രലോഭനങ്ങൾക്കൊന്നും മെസ്സിയുടെ ടീം വഴങ്ങിയില്ല. ഈ സംഭവങ്ങൾക്ക് പിന്നാലെയാണ് ലോകകപ്പ്മത്സരത്തിനിടെ മാറഡോണ അബ്ബാസിനെ കാണുന്നതും പിന്തുണ ആവർത്തിച്ചതും.

പലസ്തീനടക്കം എല്ലാ അധിനിവിഷ്ട ജനതയ്ക്കും എന്നും കൂറുമാറാത്ത അചഞ്ചലമായ പിന്തുണ നൽകിയത് ഇടതുപക്ഷ സോഷ്യലിസ്റ്റ് സാമ്രാജ്യത്വ വിരുദ്ധ ചേരിയാണെന്ന സത്യം ഓർമിപ്പിക്കയാണ് മാറഡോണയും പലസ്തീനും പങ്കിട്ട അനുപമമായ ഹൃദയബന്ധം. മാറഡോണക്ക് ഫുട്ബോൾ കേവലമൊരു വിനോദ മല്ലായിരുന്നു. അനീതിക്കെതിരായ കലഹം കൂടിയായിരുന്നു. 86 ലെ ലോകകപ്പ് ക്വർട്ടറിൽ ഇംഗ്ലണ്ടിനെ വീഴ്ത്തിയ ഗോൾ ബ്രിട്ടന്റെ ഫോക് ലാൻഡ് അധിനിവേശത്തിന് മറുപടിയായിരുന്നു. തെക്കേ അമേരിക്കയെ അധിനിവേശത്തിന്റെയും ചൂഷണത്തിന്റെയും പരീക്ഷണശാലയാക്കിയ അമേരിക്കൻ സാമ്രാജ്യത്വത്തെ എന്നും അദ്ദേഹം വിമർശിച്ചു. ഷാവേസിനൊപ്പം സാമ്രാജ്യത്വ വിരുദ്ധ റാലി നയിച്ച് തെരുവിലിറങ്ങി. പ്രസിഡന്റ് ബുഷ് നിങ്ങളാണ് കുറ്റവാളിയെന്ന് വിളിച്ച് പറഞ്ഞു. മനുഷ്യത്വത്തിന്റെ മഹാവൃക്ഷമെന്ന് ക്യൂബൻ വി മോചന നായകൻ ഫിദലിനെ വിശേഷിപ്പിച്ച മാറഡോണ 'ഫിദൽ എന്റെ സുഹൃത്താണ്, നിങ്ങൾ ഫിദലിന്റേയും. അപ്പോൾ നമ്മൾ സുഹൃത്തുക്കളാണെന്നാണ് ജ്യോതി ബസുവിനെ കണ്ടപ്പോൾ അഭിവാദ്യം ചെയ്തത്. അധിനിവിഷ്ട രാജ്യങ്ങളിലെ സാമ്രാജ്യവിരുദ്ധ പോരാട്ടങ്ങളെ സ്വത്വ വംശീയ രാഷ്ട്രീയത്തിന്റെ ചതിക്കുഴിയിൽ കുരുക്കി ഭിന്നിപ്പിച്ച് ശിഥിലീകരിക്കുന്ന സയണിസ്റ്റ് യാങ്കി തീവ്രവലതുപക്ഷ തന്ത്രങ്ങൾക്ക് കീഴടങ്ങാത്ത സോഷ്യലിസ്റ്റ് ചേരിയുടെ പകരം വയ്ക്കാനില്ലാത്ത രാഷ്ട്രീയ ശരികളെക്കൂടി ഓർമിപ്പിക്കുന്നുണ്ട് മാറഡോണയുടെ നിലപാടുകൾ. ●

# കർഷക ബില്ലിനെതിരെ ഡിസംബർ 8 ന് ഭാരത് ബന്ദ്

ഡിസംബർ 8 ന്റെ ഭാരത് ബന്ദ് വൻവിജയമായിരുന്നു. കർഷക സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു നടത്തിയ ഭാരത് ബന്ദ് ജനങ്ങൾ സ്വയമേവ ഏറ്റെടുത്തു. ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ബന്ദ് പൂർണമായിരുന്നു. ലക്ഷക്കണക്കിന് തൊഴിലാളികളും കൃഷിക്കാരും രാജ്യത്ത് നാനാഭാഗങ്ങളിൽ ഗ്രാമ നഗര വ്യത്യാസമെന്യേ പ്രതിഷേധ പ്രകടനങ്ങൾ നടത്തി. രാജ്യമാകെ ഹൈവേകളും റെയിൽവേ ട്രാക്കുകളും പിക്കറ്റ് ചെയ്തു. പല സ്ഥലങ്ങളിലും പ്രത്യേകിച്ച് ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പോലീസ് സമരക്കാരെ ആക്രമിച്ചു. എന്നാൽ പോലീസ് അതിക്രമങ്ങളെ നേരിട്ടുകൊണ്ടു തന്നെ ജനങ്ങൾ സമരത്തിൽ അണിനിരന്നു. ബിജെപി സർക്കാരിന്റെ ജനവിരുദ്ധവും മനുഷ്യത്വരഹിതവുമായ കാടൻ നയങ്ങൾക്കെതിരെയുള്ള രോഷം ബന്ദ് പ്രതിഫലിപ്പിച്ചു.




കർഷക സംഘടനകളുടെ സംയുക്ത സമിതി ബന്ദിന് പൂർണ പിന്തുണ നൽകി. കേന്ദ്രം ഭരിക്കുന്ന ബിജെപി ഗവണമെന്റിന്റെ ജനദ്രോഹ കർഷക ദ്രോഹ നയങ്ങൾക്കെതിരെ കർഷക സംഘടനകൾ ആഹ്വാനം ചെയ്ത ഭാരത് ബന്ദിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ സിഐടിയു അടക്കമുള്ള തൊഴിലാളി സംഘടനകൾ സംയുക്തമായി ഐക്യദാർഢ്യ പ്രകടനങ്ങളും പ്രതിഷേധ യോഗങ്ങളും സംഘടിപ്പിച്ചു. അഞ്ച് ജില്ലകളിൽ ആദ്യഘട്ട തദ്ദേശ ഭരണ തെരെഞ്ഞെടുപ്പ് നടക്കുന്നതിനാൽ കേരളത്തെ പണിമുടക്കിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. അതിനാൽ കർഷക സമരത്തിന് വോട്ടെടുപ്പ് നടക്കാത്ത ജില്ലകളിലാണ് ഐക്യദാർഢ്യ പരിപാടികൾ സംഘടിപ്പിച്ചത്.

# തദ്ദേശ തെരഞ്ഞെടുപ്പ് ഫലം

| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപറേഷൻ |
|---|---|---|---|---|---|
| | 941 | 152 | 14 | 87 | 6 |
| LDF | 551 | 108 | 11 | 42 | 5 |
| UDF | 315 | 44 | 3 | 36 | 1 |
| NDA | 10 | 0 | 0 | 2 | 0 |
| OTHERS | 65 | | | | 7 |








തദ്ദേശ തിരഞ്ഞെടുപ്പിൽ എൽഡിഎഫിനു കിട്ടിയത് 10,114 വാർഡുകൾ. ത്രിതല പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനും ചേർത്താണിത്. മുന്നണി സ്വതന്ത്രരെ കണക്കാ ക്കിയിട്ടില്ല. 8190 വാർഡുകൾ നേടിയ സി.പി. എമ്മാണ് ഏറ്റവും വലിയ കക്ഷി. 2016ൽ സി.പി.എം. നേടിയത് 7982 വാർഡുകളായിരുന്നു. 2015ൽ എൽ.ഡി.എഫിന് ആകെ കിട്ടിയത് 10,340 വാർഡുകളും.

യു.ഡി.എഫിന് ഇത്തവണ 8022 വാർഡുകൾ കിട്ടി. 5551 വാർഡുകൾ നേടിയ കോൺഗ്രസാണ് ഏറ്റവും വലിയ രണ്ടാമ ത്തെ കക്ഷി . 2015ൽ 6784 വാർഡുകൾ കോൺഗ്രസിനുണ്ടായിരുന്നു. അന്ന് യു.ഡി. എഫിന് ആകെ 8847 വാർഡുകൾ കിട്ടി.

### കോൺഗ്രസിന് 288 കുറഞ്ഞപ്പോൾ സി.പി.എമ്മിന് 208 വാർഡുകൾ കൂടി.

# പാർടികൾക്ക് കിട്ടിയ വാർഡുകൾ

## എൽഡിഎഫ്

സിപിഎം ........................................................ 8190
സിപിഐ........................................................1283
കേരള കോൺഗ്രസ് എം ........................................ 355
എൽജെഡി ...................................................... 88
ജെഡിഎസ്...................................................... 72
എൻസിപി ...................................................... 48
ഐഎൻഎൽ...................................................... 29
കേരള കോൺഗ്രസ് ബി......................................... 23
ജനാധിപത്യ കേരള കോൺഗ്രസ്.............................. 19
കോൺഗ്രസ് എസ് .............................................. 6
കെ സി (എസ്.ടി)................................................ 1



## യുഡിഎഫ്

കോൺഗ്രസ്.....................................................5551
മുസ്ലീം ലീഗ്....................................................2131
കേരള കോൺഗ്രസ് ജോസഫ്................................... 255
ആർഎസ് പി.................................................... 51
കേരള കോൺഗ്രസ് ജേക്കബ്.................................. 29
ജനതാദൾ (ജോൺ വിഭാഗം)................................. 5
സിഎംപി ....................................................... 0
ഫോർവേഡ് ബ്ലോക്ക്........................................... 0



## എൻഡിഎ

ബിജെപി.......................................................1596
കേരള കോൺഗ്രസ് പി സി തോമസ് ............... 2
ബിഡിജെഎസ്.................................................. 1
എൽജെപി...................................................... 1

## മറ്റുള്ളവർ

സ്വതന്ത്രർ .......................................................1870
എസ്ഡിപിഐ.................................................... 95
ട്വന്റി ട്വന്റി.................................................... 75
ആർഎംപിഐ ................................................... 20

